Reg. M. No. 2293

ഒറ്റപ്രതി 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 ചിങ്ങം 3—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 ആഗസ്റ്റ് 19 | ലക്കം 1



# സ്വർഗ്ഗാരോപണം

(റൈററ് റവ. മോൺ. പോൾ കാക്കശ്ശേരി പിഎച്ച്. ഡി, ഡി. ഡി.)

1950 നവംബർ 1-ാംനു മരിയാഭക്തരെ ആദ്ധ്യാത്മികമായ ആനന്ദധോരണിയിൽ ആറാടിച്ച സുദിനമായിരുന്നല്ലോ. അന്നാണു് അവർ ആകാംക്ഷാപൂർവ്വം പ്രതീക്ഷിച്ചുകൊണ്ടിരുന്ന ആ മഹാചടങ്ങ് —സ്വർഗ്ഗാരോപണസത്യത്തിന്റെ അവസാനനിർണ്ണയം—സെന്റ് പീറ്റേർസിന്റെ മുഖാങ്കണത്തിൽവെച്ചു കത്തോലിക്കാ ജനസഞ്ചയത്തിന്റെ ഹർഷാരവമദ്ധ്യേ സാഘോഷം നിർവ്വഹിക്കപ്പെട്ടതു്.



സ്വർല്ലോകറാണി സശരീരയായി സ്വർഗ്ഗത്തിലേക്കു ഉദ്ഗ്രഹണം ചെയ്യപ്പെട്ടു എന്നുള്ളതു് ഒരു വിശ്വാസസത്യമായി ലോകസമക്ഷം പ്രഖ്യാപനം ചെയ്തുകൊണ്ടു 12-ാം പീയൂസ് പാപ്പാ കല്പിച്ചരുളിയതിങ്ങനെയാണു്: "മേരിയുടെമേൽ അന്യാദൃശങ്ങളായ ആനുകൂല്യങ്ങൾ വർഷിച്ച സർവ്വശക്തനായ ദൈവത്തിന്റെ മഹത്വത്തിനും, മരണമറിയാത്ത യുഗാധിരാജനും പാപത്തേയും മരണത്തേയും ജയിച്ചടക്കിയവനുമായ അവിടുത്തെ പുത്രന്റെ സ്തുതിക്കും, അവിടുത്തെ പ്രഭാവവതിയായ ജനനിയുടെ പ്രതാപവർദ്ധനവിനും, തിരുസഭയഖിലത്തിന്റെയും ആനന്ദത്തിനും ആഹ്ലാദത്തിനുംവേണ്ടി, നമ്മുടെ കർത്താവായ ഈശോമിശിഹായുടേയും, ഭാഗ്യപ്പെട്ട ശ്ലീഹന്മാരായ പത്രോസിന്റെയും പൗലോസിന്റേയും, നമ്മുടെതന്നെയും അധികാരത്താൽ നാം പ്രസ്താവിക്കയും പ്രഖ്യാപിക്കയും അദ്ധ്യവസാനം ചെയ്കയും ചെയ്യുന്നു, ദൈവത്തിന്റെ വിമലമാതാവും നിത്യകന്യകയുമായ മേരി, അങ്ങേ ഐഹികവാസത്തിന്റെ അവസാനത്തിൽ ആത്മശരീരങ്ങളോടുകൂടി മോക്ഷത്തിലെ മഹത്വത്തിലേക്കു് ആരോപണം ചെയ്യപ്പെട്ടുവെന്നുള്ളതു ദൈവം വെളിപ്പെടുത്തിയ ഒരു വിശ്വാസസത്യമാണെന്നു്."

അദ്ധ്യവസാനം ചെയ്യപ്പെട്ടതോടെ സ്വർഗ്ഗാരോപണത്തെക്കുറിച്ചു സഭാംഗങ്ങളിലാർക്കും യാതൊരു സന്ദേഹവും ഉൾക്കൊള്ളുവാൻ നിവൃത്തിയില്ലാതായി. എന്നാൽ പ്രസ്തുത സിദ്ധാന്തത്തിന്റെ നിദാനങ്ങളേയും വിശദാംശങ്ങളേയും പരാമർശിച്ചുള്ള ചർച്ചകൾ നടത്തുന്നതിനോ, അവസാനനിർണ്ണയത്തിൽനിന്നുദിക്കുന്ന സൂക്ഷ്മപ്രശ്നങ്ങൾക്കു ഉചിതസമാധാനം തേടുന്നതിനോ തടസ്സമില്ല. മറിയത്തിന്റെ സ്വർഗ്ഗാരോപണം എന്നുവെച്ചാൽ നാമെന്താണു മനസ്സിലാക്കേണ്ടതു്? അവസാനനിർണ്ണയം ചെയ്യുന്നതിനു മുമ്പും സ്വർഗ്ഗാരോപണസിദ്ധാന്തം വിശ്വാസസംഹിതയിൽ ഉൾപ്പെട്ടിരുന്നുവോ? പാപ്പായുടെ പ്രഖ്യാപനത്തിന്റെ പൊരുളെന്താണു്? സംഭവം നടന്നിട്ടു് ഏകദേശം രണ്ടായിരം വർഷങ്ങൾക്കുശേഷം മാത്രമുണ്ടായ ഈദൃശമൊരദ്ധ്യവസാനത്തിന്റെ ഔചിത്യവും ആവശ്യകതയും എന്തായിരിക്കാം?

മരണാനന്തരം കന്യകാമറിയത്തിന്റെ കന്മഷമേശാത്ത ശരീരം "മണ്ണായി മണ്ണിലടിഞ്ഞുചേരുവാൻ" ഉല്പാദകനായ ദൈവം അനുവദിച്ചില്ല. അവിടുത്തെ അനന്തശക്തിയാൽ മറിയത്തിന്റെ ആത്മശരീരങ്ങൾ പുനരൈക്യം പ്രാപിച്ചു; പ്രതാപപൂർവ്വം അങ്ങനു ഉത്ഥാനംചെയ്തു. അങ്ങനെ ദേഹീദേഹങ്ങളൊന്നിച്ചു നമ്മുടെ നാഥ മോക്ഷത്തിലേക്കു് എടുക്കപ്പെട്ടു. ഇപ്പോൾ നിത്യജീവിതമനുഭവിക്കുന്ന മറിയം ആത്മശരീരങ്ങളോടുകൂടി സ്വർഗ്ഗത്തിലേക്കു ആരോപണം ചെയ്യപ്പെട്ടു എന്നുള്ള വസ്തുത ദൈവികമായ വിശ്വാസത്തോടെ സമ്മതിച്ചംഗീകരിപ്പാൻ നാം നിർബ്ബന്ധിതരാണു്. മറിയത്തിന്റെ നിർമ്മലഗാത്രം അക്ഷയമായി സംരക്ഷിക്കപ്പെട്ടു എന്നുമാത്രമല്ല, അങ്ങേ തിരുക്കുമാരൻ ഈശോമിശിഹായെപ്പോലെ തന്നെതാനും മരണത്തിന്മേൽ പരിപൂർണ്ണവിജയം കൈവരിച്ചുവെന്നും, സ്വർഗ്ഗീയമഹത്വത്തിനു അവകാശിനിയായിത്തീർന്നുവെന്നും പ്രഖ്യാപനപത്രിക വിളംബരംചെയ്യുന്നു. "ക്രിസ്തു സ്വന്തം മരണംവഴി പാപത്തിന്മേലും മൃത്യുവിന്മേലും വിജയംനേടി; അദ്ധ്യാത്മസ്നാനത്താൽ പുനർജ്ജന്മം പ്രാപിക്കുന്ന ആരും അതേ ക്രിസ്തുമുഖാന്തിരംതന്നെ പാപത്തേയും മരണത്തേയും കീഴടക്കുന്നു. പക്ഷെ പൊതുനിയമമനുസരിച്ചു മരണത്തിന്മേലുള്ള ഈദൃശ വിജയത്തിന്റെ പൂർണ്ണഫലം ദൈവം നൽകുന്നതു ലോകാവസാനത്തിലെ ഉത്ഥാനദിവസത്തിൽ മാത്രമാണു്. മേരിയാകട്ടെ ഈ സാധാരണനിയമത്തിൽനിന്നു ഒഴിവാക്കപ്പെട്ടു. സ്വന്തം അമലോത്ഭവത്തിൽത്തന്നെ അമൂല്യമായൊരാനുകൂല്യസിദ്ധിയാൽ അവൾ പാപത്തെ പരാജയപ്പെടുത്തി; ആകയാൽ ശവകുടീരത്തിലെ അഴിവിനധീനമാകണമെന്ന നിയമത്തിനു് അവൾ വിധേയയായില്ല; സമയത്തിന്റെ പരിസമാപ്തിവരെ തന്റെ ശരീരത്തിന്റെ പുനരുദ്ധാരണം പ്രതീക്ഷിച്ചിരിക്കേണ്ട ആവശ്യവും അവൾക്കില്ലായിരുന്നു."

ദൈവമാതാവു മരണത്തിലൂടെയാണൊ അഥവാ മരിക്കാതെയാണൊ ദൈവഭവനത്തിൽ പ്രവേശിച്ചതു്? ഈ പ്രശ്നം സിദ്ധാന്തത്തിന്റെ സാരാംശത്തെ ഒട്ടും സ്പർശിക്കുന്നില്ല. പ്രഖ്യാപനപത്രിക കരുതലോടുകൂടി പ്രസ്താവിക്കുന്നതിങ്ങനെയാണു്: "ഐഹികവാസം സമാപ്തമായപ്പോൾ മറിയം ആത്മശരീരങ്ങളോടുകൂടി സ്വർഗ്ഗീയമഹത്വത്തിലേക്കു ഉദ്ഗ്രഹണം ചെയ്യപ്പെട്ടു." ഭാഗ്യപ്പെട്ട കന്യക മരണകവാടം കടക്കാതെതന്നെ പരലോകം പ്രാപിച്ചു എന്നുള്ള അഭിപ്രായം ചുരുക്കം ചില വേദവിജ്ഞാനികൾക്കു ചിന്താമൃതമായി തോന്നീട്ടുണ്ടു്. പക്ഷെ പാരമ്പര്യവും അദ്ധ്യവസാനവിളംബരവും പ്രസ്തുതമതത്തെ ഒട്ടും പിന്താങ്ങുന്നില്ലെന്നോർക്കണം. മകനെപ്പോലെ മാതാവും സഹനത്തിനും മരണത്തിനും വിധേയയായിരുന്നു എന്നാണു ക്രൈസ്തവപാരമ്പര്യത്തിന്റെ യുക്തിയുക്തമായ സാക്ഷ്യം.

മാർപ്പാപ്പാ അദ്ധ്യവസാനം ചെയ്യുന്നതിനു മുമ്പുതന്നെ സ്വർഗ്ഗാരോപണം വിശ്വാസസംഹിതയിൽ ഉൾപ്പെട്ടിരുന്ന ഒരു സിദ്ധാന്തമാണു്. ഈശ്വരൻ ആവിഷ്കരിച്ച വിനാഴികമുതൽ അതു അങ്ങനെയായിരുന്നു. മറിയത്തിന്റെ പരലോകപ്രാപ്തിക്കും വി. യോഹന്നാന്റെ മരണത്തിനും ഇടയ്ക്കൊരു ദിവസം ദൈവം ഭാഗ്യപ്പെട്ട കന്യകയുടെ സ്വർഗ്ഗാരോപണസംഭവം വെളിപ്പെടുത്തീട്ടുണ്ടാകണം. ദൈവം ശ്ലീഹന്മാർക്കു പരസ്യപ്പെടുത്തികൊടുക്കുവാൻ തിരുമനസ്സായതെല്ലാം വി. ഗ്രന്ഥത്തിൽ രേഖപ്പെടുത്തുവാനിടയായിട്ടില്ലെന്നു പ്രത്യേകം ഓർക്കേണ്ടതാണു്. ദിവ്യരക്ഷകന്റെ സകല അത്ഭുതപ്രവൃത്തികളും സുവിശേഷത്തിൽ വിവരിച്ചിട്ടില്ലെന്നു വി. യോഹന്നാൻതന്നെ സാക്ഷ്യപ്പെടുത്തീട്ടുണ്ടല്ലോ. അതുവിധംതന്നെ മാതാവിന്റെ സ്വർഗ്ഗാരോപണവും വേദപുസ്തകത്തിൽ ഒരിടത്തും അത്ര്യം വാക്കുകളിൽ പ്രസ്താവിക്കപ്പെട്ടു കാണുന്നില്ല എന്നു വരികിലും, തിരുസഭയുടെ അപ്രമാദികമായ അദ്ധ്യാപനത്തിലൂടെ അഭംഗമായി സംരക്ഷിക്കപ്പെട്ടുവരുന്നതും ശ്ലൈഹികകാലം മുതല്ക്കുള്ളതുമായ പരിശുദ്ധ പാരമ്പര്യത്തിലും, സഭാംഗങ്ങളുടെ വിശ്വാസത്തിലും, സഭാപിതാക്കന്മാരുടെ ലേഖനപരമ്പരകളിലും പ്രഭാഷണങ്ങളിലും, കന്യാമറിയം ഉടലോടുകൂടി പരലോകത്തിലേക്കു് ആരോപണം ചെയ്യപ്പെട്ടു എന്ന ആവിഷ്കൃതസത്യത്തിനു് അനിഷേദ്ധ്യവും പ്രത്യക്ഷവുമായ ധാരാളം സാക്ഷ്യങ്ങൾ കാണുവാൻ കഴിയും. ദൈവം മനുഷ്യകുലത്തിനു് എന്തെങ്കിലും പരസ്യമായി വെളിപ്പെടുത്തികൊടുത്താൽ തൽക്ഷണം അതു വിശ്വാസസംഹിതയിൽ ഉൾപ്പെടുന്നു എന്നാണല്ലൊ പൊതുനിയമം.

അങ്ങനെയാണെങ്കിൽ അവസാനനിർണ്ണയത്തിന്റെ അർത്ഥമെന്താണു? നവമായൊരു സത്യം ആവിഷ്കരിക്കപ്പെട്ടു എന്നാണോ? ഒരിക്കലുമല്ല. സഭാസ്ഥാപകനായ ക്രിസ്തു തന്റെ സഭക്കു പവിത്രാത്മാവിന്റെ നിരന്തരസഹവാസവും സഹായവും വാഗ്ദാനംചെയ്തതു നവംനവങ്ങളായ സിദ്ധാന്തങ്ങൾ വെളിപ്പെടുത്തികൊടുക്കുവാൻ വേണ്ടിയല്ല; പ്രത്യുത ശ്ലീഹന്മാരിൽനിന്നു പരമ്പരാഗതമായി സിദ്ധിച്ചിട്ടുള്ള വെളിപാടിനെ വിശ്വസ്തതയോടെ പരിപാലിക്കുന്നതിനും ആവശ്യവും അവസരവുമനുസരിച്ചു വ്യാഖ്യാനിക്കുന്നതിനുംവേണ്ടിയാണു്. ആകയാൽ പ. പിതാവിനു ദൈവദത്തമായ പ്രത്യേകവരത്താൽ ഈ സത്യം ദൈവം വെളിപ്പെടുത്തിയതാണെന്നു പ്രമാദരഹിതമായി പ്രസ്താവിക്കുവാൻ മാത്രമേ അധികാരവും അവകാശവുമുള്ളു. അവസാനനിർണ്ണയം ചെയ്യുന്നതിനുമുമ്പും ഒരുപക്ഷെ പലരും സ്വർഗ്ഗാരോപണസിദ്ധാന്തം സഭയിലാസകലം വിശ്വസിക്കപ്പെട്ടുവരുന്ന ഒരു സത്യമാണെന്നു അറിഞ്ഞിട്ടില്ലായിരിക്കും. എന്നാൽ ക്രിസ്തുവിന്റെ വികാരിയുടെ അപ്രമാദികമായ സ്വരം പ്രസ്തുത സിദ്ധാന്തം ശ്ലൈഹികകാലം മുതല്ക്കുള്ള സഭയുടെ അനുസ്യൂതമായ പാരമ്പര്യത്തിൽ പെട്ടതാണെന്നു് അസന്ദിഗ്ദ്ധമായി ലോകസമക്ഷം പ്രഖ്യാപനംചെയ്തു. പ്രഖ്യാപനത്തിനുമുമ്പു് ആരെങ്കിലും ആ സത്യം നിഷേധിച്ചാൽ ആയാൾ സഭാഭ്രഷ്ടനാകുമായിരുന്നില്ല. പ്രഖ്യാപനത്തിനുശേഷമാകട്ടെ അതു നിരുപാധികം വിശ്വസിച്ചേ മതിയാവൂ. തദ്യാഥാർത്ഥ്യത്തെക്കുറിച്ചു സംശയിക്കയോ ചോദ്യം ചെയ്കയോ ചെയ്യുന്നതു ദൈവത്തിന്റെ അധികാരത്തെ തന്നെ വെല്ലുവിളിക്കുന്നതിനു തുല്യമായിരിക്കും.

സ്വർഗ്ഗാരോപണം നടന്നതു ക്രിസ്ത്വബ്ദം ഒന്നാംനൂറ്റാണ്ടിലാണു്. 19 നൂറ്റാണ്ടുകൾക്കിപ്പുറം മാത്രം അതൊരു വിശ്വാസസത്യമായി അവസാനനിർണ്ണയം ചെയ്യപ്പെട്ടതു കൗതുകാവഹമല്ലേ! അതിനുള്ള ഈശ്വരനിയുക്തമായ മുഹൂർത്തം സമാഗതമായെന്നു തിരുസഭാദ്ധ്യക്ഷനു ബോദ്ധ്യംവന്നതു അപ്പോൾമാത്രമാണു്. പ്രസ്തുത ബോദ്ധ്യത്തിന്റെ നിദാനമാകട്ടെ സാർവ്വത്രികസഭയുടെ ഏകയോഗവും അപ്രതിഹതവുമായ അഭ്യർത്ഥനാപ്രവാഹമല്ലാതെ മറ്റൊന്നുമല്ല. കൂടാതെ ആധുനികമാനവസമുദായത്തെ ഭയാനകമായി ബാധിച്ചിട്ടുള്ള ധാർമ്മികമായൊരു ഉഗ്രരോഗമാണു ഭൗതികമനഃസ്ഥിതി. അതിനെ ചെറുക്കുവാനുള്ള സിദ്ധൗഷധമായിട്ടും സ്വർഗ്ഗാരോപണപ്രഖ്യാപനത്തെ അവിടുന്നു ന്യായപൂർവ്വം സങ്കല്പിച്ചിട്ടുണ്ടാകണം. മനുഷ്യനെ സംബന്ധിച്ചേടത്തോളം സ്രഷ്ടാവിനുള്ള ആദർശമെന്താണെന്നു സ്വർഗ്ഗാരോപണം വ്യക്തമായി വിളംബരംചെയ്യുന്നുണ്ടു്. "ദൈവം ആദ്യം ഉദ്ദർശിച്ച മഹനീയമാതൃകയിലുള്ള മനുഷ്യസൃഷ്ടിയാണു മറിയം; ദൈവമാനുഷന്റെ പരിത്രാണകർമ്മംമൂലം മർത്ത്യനെ ഉദ്ധരിച്ചുയർത്തുവാനുള്ള അവിടുത്തെ ഉദ്ദേശ്യത്തിന്റെ നിദർശനവുമാണു മറിയം." ഇന്നു പലരും ആത്മാവിന്റെ അസ്തിത്വംതന്നെ പാടേ നിഷേധിക്കുന്നു; ആദ്ധ്യാത്മമൂല്യങ്ങളെ അവജ്ഞാപൂർവ്വം അവഗണിക്കുന്നു; ശരീരം മൺമറയുന്നതോടുകൂടി മനുഷ്യജീവിതമത്രയും പര്യവസാനിക്കുന്നു എന്നു സിദ്ധാന്തിക്കുന്നു. സ്വർഗ്ഗാരോപണസിദ്ധാന്തമാകട്ടെ നമ്മെ ശക്തിയുക്തം അനുസ്മരിപ്പിക്കുന്നു, മനുഷ്യൻ ആത്മശരീരങ്ങളോടുകൂടിയ ഒരു സൃഷ്ടിയാണെന്നു്; ആത്മാവുമാത്രമല്ല മൃത്യുവിനെ അതിജീവിക്കുന്നതു്, ശരീരവും ആത്മാവിന്റെ മഹത്വത്തിൽ യഥാർഹം പങ്കാളിയാകുവാൻ അവകാശിയാണെന്നു്; ആത്മാവിന്റെ ആദ്ധ്യാത്മശക്തിയാൽ ശരീരവും നന്മയ്ക്കുള്ള ഉപകരണമാണെന്നു്; നിത്യസൗഭാഗ്യത്തിന്റെ മഹത്വപൂർണ്ണമായ മകുടം കരസ്ഥമാക്കുവാൻ അതും നമ്മെ സഹായിക്കുമെന്നു്.

നമ്മുടെ അമ്മയായ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം നമുക്കു മഹത്തരമായൊരു പ്രത്യാശാകേന്ദ്രമാണു്; ഈശ്വരസേവനത്തിൽ വിശ്വസ്തതയോടെ എന്നും നിലനില്ക്കുവാൻ നമ്മെ മാധുര്യപൂർവ്വം പ്രേരിപ്പിക്കുന്ന ഒരു ധാർമ്മികശക്തിയാണു്; ഈ വിശ്വസ്തത അഭംഗം പാലിക്കപ്പെട്ടാൽ ലോകാവസാനത്തിൽ സൗഭാഗ്യത്തികവോടെ ഉയിർത്തെഴുന്നേല്ക്കുന്നതിനും പ്രതാപപൂർവ്വം സ്വർഗ്ഗത്തിലേക്കാരോപണം ചെയ്യപ്പെടുന്നതിനുമുള്ള മഹാഭാഗ്യത്തിനു നാമും അവകാശികളായിത്തീരുമെന്നുള്ളതിന്റെ ഉറപ്പുള്ള അച്ചാരമാണു്. എന്താണു മനുഷ്യൻ? സർവ്വപ്രധാനമായ ഈ പ്രശ്നത്തിനു സർവ്വംകഷവും സമഞ്ജസവുമായൊരു സമാധാനം സ്വർഗ്ഗാരോപണത്തിൽ അന്തർലീനമായിട്ടുണ്ടു്. കാലോചിതമെന്നപോലെ മൗലികവുമാണു് ഈ ഉത്തരം. മനുഷ്യനു തന്നെക്കുറിച്ചുള്ള ആദർശത്തിന്റെ സ്വഭാവമനുസരിച്ചാണല്ലൊ അവന്റെ പ്രവർത്തനരീതിയും ഉൽക്കർഷേച്ഛയും.

*സമയം പരമാവധി പ്രയോജനപ്പെടുത്തുവാനുള്ള മാർഗ്ഗം ദിവസവും അരമണിക്കൂർ കുർബാന കാണുവാനായി നഷ്ടപ്പെടുത്തുകയാണു്." (ഫ്രെഡറിക് ഓസ്സാനാം)

## വീടപകടങ്ങൾ

(ശിവറാം)

കിണറും കുളവും നിറഞ്ഞു. ആററിലെ വെള്ളം പറമ്പിൽ കേറി. പുഞ്ചപ്പാടങ്ങളിൽ കഴുക്കോലെത്താതായി. പുഴയരികിലെ വീട്ടുകാരെല്ലാം തട്ടിൻമുകളിൽ താമസമാക്കേണ്ടിവന്നു.

വെള്ളം പൊങ്ങുമ്പോൾ ചിലർക്കെല്ലാം ആഹ്ലാദം. നാശം പാററുമെന്നുള്ള ചിലർക്കേ ഭയമുള്ളു. വള്ളംകളിയും നീന്തൽ മത്സരവും. പുഴയിൽ ചാട്ടവും മീൻപിടുത്തവും. എല്ലാം വെള്ളം കേറിക്കിടക്കുമ്പോഴുള്ള വിനോദങ്ങളാണു്. നീന്തൽ വിശേഷിച്ചു് ഒന്നാന്തരം ഒരു വ്യായാമവും കൂടിയാണു്.

വിനോദങ്ങൾ എല്ലാവർക്കും ഇഷ്ടമാണു്. പക്ഷെ വിനോദവേളയിൽ ഒരത്യാഹിതം ഉണ്ടാവുക എന്നതു് എല്ലാവർക്കും വേദനയേറിയ ഒരു കാര്യമാണു്. വെള്ളം നിറഞ്ഞിരിക്കുന്ന ജലാശയങ്ങളിൽ നമ്മുടെ കുഞ്ഞുങ്ങൾ ചാടാനും നീന്താനും പോകുന്നതിനെ യഥാസമയം നിയന്ത്രിക്കേണ്ടതായുണ്ടു്. രക്ഷാകർത്താക്കളെ അറിയിക്കാതെ പല കുട്ടികളും ആററിൽ ചാടാൻപോകുന്നതായി എല്ലാവർക്കും അറിയാം. അങ്ങനെ ചെയ്യുന്ന കുട്ടികൾ ആപത്തുവരുത്തിവയ്ക്കുകയായിരിക്കും ചെയ്യുന്നതു്.

നീന്താൻപോകുന്നവർ ചില പ്രത്യേകകാര്യങ്ങൾ ഓർമ്മിച്ചിരിക്കണം.

1. വയറു നിറഞ്ഞിരിക്കുമ്പോൾ നീന്താൻ പോകരുതു്. ഊണുകഴിഞ്ഞാൽ 2 മണിക്കൂറെങ്കിലും കഴിഞ്ഞേ നീന്താൻ വെള്ളത്തിലിറങ്ങാവൂ. അതുപോലെതന്നെ ദേഹം ഉഷ്ണിച്ചിരിക്കുമ്പോഴും നീന്തൽ ആപല്ക്കരമാണു്.

2. പരിചയമില്ലാത്ത ജലാശയങ്ങളിൽ നീന്താൻ പോകരുതു്. പരിചയമില്ലാത്ത വെള്ളത്തിൽ ഉണ്ടായേക്കാവുന്ന പാറകളും കുററികളും ഒരുവനെ അപായപ്പെടുത്തിയേക്കാം.

3. ചുഴികളും മലരികളും നിങ്ങളെ ശ്വാസംമുട്ടിച്ചേക്കും. അതുകൊണ്ടു് ആററിൽച്ചാടി നീന്തുന്നവർ അവയിൽ അകപ്പെടാതെ സൂക്ഷിക്കണം.

4. അധികദൂരം നീന്തി തിരിച്ചുവരാമെന്നു് പലരും പന്തയംവെച്ചുകാണാം. പക്ഷെ നീന്തുന്നവർക്കു് എളുപ്പം ക്ഷീണം ബാധിക്കുമെന്നും കൈകാൽ കുഴയുമെന്നും ഓർമ്മയുണ്ടായിരിക്കണം.

5. കൂടുതൽ ആഴത്തിൽ മുങ്ങി മണ്ണെടുക്കാൻ ശ്രമിക്കരുതു്. അങ്ങനെ ചെയ്താൽ ശ്വാസംമുട്ടി നാം വിഷമിച്ചുപോകുമെന്നോർമ്മവേണം.

ജലവാഹനങ്ങളിൽ സഞ്ചരിക്കുന്നവരും അവരുടെ രക്ഷയ്ക്കു മുൻഗണന നൽകിയിരിക്കണം. ബോട്ടുകളിലും വഞ്ചികളിലും മററും അനുവദിച്ചിട്ടുള്ള യാത്രക്കാരെക്കാൾ കൂടുതൽപേരെ കേററുന്നതു അപകടകരമാണു്. നാം കേറുന്ന വഞ്ചികളിലും ബോട്ടുകളിലും അപകടകരമായവിധം ആളുകൾ കൂടുതലുണ്ടോ എന്നു പരിശോധിക്കണം. നിങ്ങൾക്കു് സംശയമുണ്ടെങ്കിൽ അതിൽ കേറാതിരിക്കുക. താമസംകൊണ്ടുണ്ടാകുന്ന നഷ്ടം പരിഹരിക്കാവുന്നതാണു്. പക്ഷെ ഒരാപത്തു വരുത്തുന്ന നഷ്ടം മിക്കവാറും പരിഹരിക്കാനാവാത്തതായിരിക്കും.

ഒററപ്പാലമെന്ന സ്ഥലത്തു് ഒരു കുളത്തിന്റെ ഭിത്തി ഇടിഞ്ഞുവീഴുകയാൽ മൂന്നു പെൺകുട്ടികൾക്കു് കഠിനമായ പരുക്കേററു. മൂന്നുപേരെയും ഉടൻ ഒററപ്പാലം

# ഞാൻ വായിച്ച മാസിക

(റവ. ഫാദർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി.)

കഴിഞ്ഞ ഡിസമ്പർമാസത്തെ കാത്തലിക്ക് ഡൈജസ്റ്റ് ഒരാവത്തി വായിച്ചുതീന്നപ്പോൾ എന്നിൽ അവശേഷിച്ച ചില ചിന്തകളാണ് ഈ ചെറുലേഖനത്തിലെ പ്രതിപാദ്യവിഷയം. 27 ലേഖനങ്ങളിലും മററു ചെറുകുറിപ്പുകളിലുമായി ആ മാസിക നൽകുന്ന വിജ്ഞാനസമ്പത്തിൻെറ ആഴം അറിയുവാൻ ഈ ചിന്താസംഗ്രഹം മതിയാകുമെന്നു പ്രതീക്ഷിക്കുന്നില്ല; എന്നാലും ഓരോ കാത്തലിക് ഡൈജസ്റ്റും എത്ര വലിയ ഒരു വിജ്ഞാനഭണ്ഡാഗാരമാണെന്നു് ഊഹിക്കുവാൻ ഈ ചെറുലേഖനം മതിയാകും.



"അമേരിക്കർ പള്ളിയിൽ പോകുന്നുണ്ടോ?" എന്ന പ്രഥമലേഖനത്തിൻെറ സമാഹാരം എത്രയും ശ്രദ്ധാർഹമാണ്. ഏതെങ്കിലും ദേവാലയത്തിൽ പോകുന്നവരുടെ കണക്കു പരിശോധിക്കുന്ന ഒരു ദോഷദൃക് ഇപ്രകാരം പറയും: "കണ്ടാലും, കത്തോലിക്കരിൽ 18 ശതമാനം പള്ളിയിൽ പോകുന്നവരല്ല. 32 ശതമാനം പ്രോട്ടസ്റ്റൻറുകാർ അങ്ങനെതന്നെ. 56 ശതമാനം യഹൂദന്മാരും പള്ളികളിൽ പോകുന്നില്ല." ഒരു ശുഭാപ്തിവിശ്വാസി പറയും: "കണ്ടാലും, 82 ശതമാനം അമേരിക്കൻ കത്തോലിക്കർ ദൈവത്തോടുള്ള തങ്ങളുടെ ചുമതല നിർവ്വഹിക്കുന്നു. 68 ശതമാനം പ്രോട്ടസ്റ്റൻറുകാരും 44 ശതമാനം യഹൂദരും തഥൈവ. ഹാ, മതത്തിൻെറ ഭാവി എത്രയും ശോഭനമാണ്." എന്നാൽ ശരിയായ അനുമാനം ഈ രണ്ടു് അഭിപ്രായങ്ങളുടേയും മദ്ധ്യവത്തിയായിരിക്കും. ദൈവാലയങ്ങളിൽ പോകുന്നവരുടെ പെരുപ്പം മതഭക്തരായ നേതാക്കന്മാക്കു് ഈഷൽ സംതൃപ്തി നൽകുമെങ്കിലും ദൈവാലയത്തിൽ കടക്കാത്ത അനേകരുടെ സംഖ്യ അവരെ പരിഭ്രമിപ്പിക്കാതിരിക്കയില്ല.

അടുത്തുള്ള ഒരു ചെറുകുറിപ്പിൽ ബ്ലാക്കുവെൽ നഗരത്തിൽ നടപ്പിൽവന്നിരിക്കുന്ന ഒരു നവീനസമ്പ്രദായം വിവരിച്ചിട്ടുണ്ടു്. എല്ലാദിവസവും 11 മണിക്കു് ഒരു ചൂളവിളിക്കും. തൽക്ഷണം ബിസിനെസ്സുകാരെല്ലാവരും ജോലിനിറുത്തി യുദ്ധംനിറുത്തിത്തരുവാൻ ദിവ്യഗുരുവിനോടു പ്രാർത്ഥിക്കുന്നു. ഈ മദ്ധ്യാഹ്നപ്രാർത്ഥന എല്ലാ മതക്കാർക്കും കൂടിയുള്ള ത്രികാലജപമായിട്ടാണെന്നുള്ളതു് ആശ്വാസാവഹമാണു്.

നാലുവയസ്സു പ്രായമുള്ള ഒരു കൊറിയൻ പെൺകുട്ടിയെ 57-ാം സേനയിലെ അംഗങ്ങൾ പിടിച്ചെടുക്കുന്നതും സ്നേഹപൂർവ്വം ക്യാപ്റ്റൻ കുട്ടിയെ കൈയിലെടുത്തു് ഉയർത്തുമ്പോൾ വിളറിവിറങ്ങലിച്ച കുട്ടി പിടയുന്നതും പടയാളികൾതന്നെ ഒരു പിരിവുനടത്തി ആ പണസഞ്ചിയോടുകൂടി കുട്ടിയെ ഒരു ജീപ്പിൽകയററി മാതാപിതാക്കന്മാരുടെ പക്കലേക്കു് അയക്കുന്നതും വർണ്ണിച്ചിരിക്കുന്നതു് ആരെയും ആഹ്ലാദിപ്പിക്കാതിരിക്കയില്ല.

കാലാവസ്ഥയുടെ ഭേദഗതികൾ സംബന്ധിച്ച നിരീക്ഷണങ്ങളോ വടക്കനോക്കിയന്ത്രമോ, റേഡിയോതുടങ്ങിയ മററു് ഉപകരണങ്ങളോ ഒന്നുംകൂടാതെ ബോസ്റ്റണിൽനിന്നു പന്ത്രണ്ടേമുക്കാൽ ദിവസംകൊണ്ടു് മണിക്കൂറിൽ ശരാശരി 20 നാഴിക പറന്നു മൂവ്വായിരം നാഴിക തരണംചെയ്ത പ്രാവിൻെറ മുമ്പിൽ മനുഷ്യൻ വിനയത്തോടെ തലകുനിക്കുമോ എന്നാണു ഡൈജസ്റ്റ് ഉന്നയിക്കുന്ന വേറൊരു പ്രശ്നം.

വേറൊരു ലേഖനകർത്രി ജീവിതത്തിൻെറ ഒരു വലിയഭാഗം തള്ളിനീക്കി നാലു കുട്ടികളുടെ അമ്മയായെങ്കിലും ഉറങ്ങുവാൻ പോകുമ്പോൾ പ്രാർത്ഥിച്ചിരുന്നതു് ഇപ്രകാരമാണു്: "സ്നേഹദൈവമേ, എന്നെ ഒരു നല്ലകുട്ടിയാക്കണമെ." ചൊട്ടയിലെ ശീലം ചുടലവരെ എന്നു സാരം. അമ്മ പഠിപ്പിച്ച ആ നമസ്കാരം കുട്ടി അമ്മയായിട്ടും ചൊല്ലിക്കൊണ്ടിരിക്കുന്നു. മാതാപിതാക്കന്മാർ കുട്ടികളെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചാലുള്ള പ്രയോജനം ഊഹ്യമാണല്ലോ. വേറൊരു കുട്ടിയുടെ പ്രാർത്ഥനയുംകൂടി ഡൈജസ്റ്റു് ചേർത്തിട്ടുള്ളതു് ഇവിടെ പകർത്താം. "എൻെറ ദൈവമേ, ചീത്തയാളുകളെയെല്ലാം അങ്ങു നന്നാക്കണമേ; നല്ലവരെ അങ്ങു ഭേദപ്പെടുത്തണമേ."

അഖിലലോകക്കും സഹായം നല്കിക്കൊണ്ടിരിക്കുന്ന അമേരിക്കയിൽ ഒരു വികാരിയച്ചൻ പള്ളിയുടെ കടംവീട്ടാൻ കണ്ടുപിടിച്ച മാർഗ്ഗം വിവരിച്ചിരിക്കുന്നതു് എത്രയും കൗതുകജനകമാണു്. അദ്ദേഹം ക്രിസാന്തമെന്നു പേരുള്ള ഒരു പൂച്ചെടി വളത്തുന്നതിൽ വിദഗ്ദ്ധനാണു്. വസന്തകാലത്തു് അതിൻെറ കൊമ്പുകൾ ഇടവകക്കാർക്കു് നടാൻ കൊടുക്കും. പൂക്കളുണ്ടാകുമ്പോൾ ഒരു പുഷ്പപ്രദർശനം ടിക്കററുവച്ചു് അദ്ദേഹം നടത്തും. ഈ പ്രദർശനങ്ങൾ വഴി കഴിഞ്ഞ മൂന്നു കൊല്ലങ്ങളിൽ ശരാശരി മൂവ്വായിരം രൂപയാണു് അദ്ദേഹത്തിനു് ആദായം കിട്ടിയതു്. പള്ളിക്കാര്യങ്ങൾക്കു പണംപിരിക്കുവാൻ ഇപ്രകാരം പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു വിജയംവരിക്കുന്നവർ അവരവരുടെ സൂത്രം ഡൈജസ്റ്റിൽ പരസ്യപ്പെടുത്തണമെന്നു പത്രാധിപർ പ്രത്യേകം ആവശ്യപ്പെട്ടിരിക്കുന്നു. നമുക്കു പുഷ്പപ്രദർശനമല്ല നല്ലതു്; കപ്പപ്രദർശനമോ ഏത്തക്കാപ്രദർശനമോ ആയിരിക്കും ഭേദം. ഏററവുംനല്ല കപ്പച്ചുവടോ ഏത്തക്കുലയോ പ്രദർശിപ്പിക്കുന്നവർക്കു സമ്മാനം കൊടുക്കേണ്ടതുതന്നെ.

മ്യൂണിച്ചിലെ കർദ്ദിനാളായിരുന്ന ഫോൾഹാബർ തിരുമനസ്സിലെ ജീവിതത്തെ അഭിനന്ദിച്ചു് എഴുതിയിട്ടുള്ള ഭാഗം കർദ്ദിനാളിൻെറ ധീരോദാത്തതയ്ക്കും സുകൃതസുരഭിലതയ്ക്കും സാക്ഷ്യം വഹിക്കുന്നു. കർദ്ദിനാളും ഗണിതശാസ്ത്രവിദഗ്ദ്ധനായ ഐൻസ്റ്റയിനും തമ്മിലുണ്ടായ ഒരഭിമുഖസംഭാഷണം എത്രയും രസാവഹമാണു്; അതു ഇവിടെ ഉദ്ധരിക്കാം:

ഐൻസ്റ്റയിൻ: "ഞാൻ മതത്തെ ബഹുമാനിക്കുന്നു. ഗണിതശാസ്ത്രത്തിൽ (Mathematics) വിശ്വസിക്കുന്നു. പക്ഷേ, തിരുമേനിയുടെ മനോഗതി മറിച്ചായിരിക്കുമല്ലേ?"

കർദ്ദിനാൾ മന്ദഹാസപൂർവ്വം: "താങ്കൾക്കു തെററിപ്പോയി. എനിക്കു ഗണിതവും മതവും ദിവ്യമായ അപ്രമാദത്തിൻെറ ബഹിർപ്രകടനങ്ങൾ മാത്രമാണു്."

ഐൻസ്റ്റയിൻ: "തിരുമേനി, ഗണിതശാസ്ത്രംവഴി മതവിശ്വാസം തെററാണെന്നു തെളിയുകയാണെങ്കിൽ, അങ്ങു് എന്തുപറയും?"

കർദ്ദിനാൾ പ്രതിവചിച്ചു: "പ്രൊഫസ്സർജി, എനിക്കു മാത്തമാററിക്സിനോടു വലിയ ബഹുമാനമാണു്. അങ്ങനെ വരുന്നപക്ഷം നിങ്ങളുടെ തെററു് എവിടെയാണെന്നു കണ്ടുപിടിക്കുന്നതുവരെ നിങ്ങൾ അസ്വസ്ഥരായിരിക്കുമെന്നാണു് എൻെറ ബോദ്ധ്യം."

പാപികളെ ശിക്ഷിക്കുന്നതിനായിദൈവം സൃഷ്ടിച്ചിരിക്കുന്ന പീഡാസ്ഥലമാണു നിത്യനരകമെന്നു വേദോപദേശത്തിൽനിന്നു വായിച്ചശേഷം ഒരു കുട്ടിയോടു് അതു വിവരിച്ചുപറയുവാൻ ആവശ്യപ്പെട്ടു. തൽക്ഷണം ആ കുട്ടി ഇപ്രകാരം പറഞ്ഞു: "ദൈവമില്ലാത്ത സ്ഥലമാണു നരകം. അതാണു നമ്മളെ അവിടെ കത്തിയെരിയിക്കുന്നതു്." എല്ലായിടത്തും കുട്ടികൾ ഇങ്ങനെ ഉത്തരം പറയുവാൻ പഠിച്ചിരുന്നെങ്കിൽ!

ഒരു സ്ത്രീ തൻെറ പേഴ്സ് പള്ളിയിൽവച്ചു മറന്നുപോയി. പേഴ്സ് വികാരിയച്ചൻ എടുത്തു സൂക്ഷിച്ചുവച്ചു. കുറേകഴിഞ്ഞു് ആ സ്ത്രീ അതു അന്വേഷിച്ചുവന്നപ്പോൾ വികാരിയച്ചൻ പറയുകയാണു്: "ഞാൻതന്നെ ആ പേഴ്സ് സൂക്ഷിക്കയാണു നല്ലതെന്നു തോന്നുന്നല്ലോ. നമ്മുടെ ഇടവകയിലെ വല്ലസാധുക്കളുടേയും പ്രാർത്ഥനയ്ക്കു സ്വർഗ്ഗത്തിൽനിന്നുള്ള ഉത്തരമാണു് ഈ മറവിയെന്നു ഞാൻവിചാരിച്ചുപോകുന്നു." ആ സ്ത്രീയുംകൂടി അതു സമ്മതിക്കുകയാണെങ്കിൽ തരക്കേടില്ല അത്തരം മറവി.

പൂർവ്വജർമ്മനിയിൽ ഒരു റെയിൽവേഉദ്യോഗസ്ഥൻ, ചുമന്നകൊടി കാണിച്ചപ്പോൾ വണ്ടി നിറുത്തിയില്ല. അങ്ങനെ വലിയ ഒരു തീവണ്ടിയപകടമുണ്ടായി. അതുസംബന്ധിച്ചു നടന്ന കേസിൽ പ്രതി ഇപ്രകാരം മൊഴി കൊടുത്തു: "ബഹുമാനപ്പെട്ട കോടതി, ചുമന്നകൊടി കാണുമ്പോൾ ഞാൻ എങ്ങനെ വണ്ടി നിറുത്താനാണു്? സോവിയററു ഗവർമ്മെൻറിനോടു വിശ്വസ്തതയുള്ള സഖാക്കൾക്കെല്ലാം അറിയാം ചുമപ്പു പുരോഗമനത്തിൻേറയും ഐശ്വര്യത്തിൻേറയും സമാധാനത്തിൻേറയും ചിഹ്നമാണെന്നു്. ചുമപ്പുകൊടി കാണുമ്പോൾ വണ്ടി ഓടിക്കുവാനും പച്ചക്കൊടി കാണുമ്പോൾ വണ്ടി നിറുത്തുവാനും നിർദ്ദേശം നൽകേണ്ടതാണെന്നാണല്ലോ ഇപ്പോൾ മന്ത്രിസഭ ആലോചിച്ചുവരുന്നതു്." ആ ഉദ്യോഗസ്ഥനെ തൽക്ഷണം മോചിച്ചു. ചെങ്കൊടിയുടെ വിജയം!!

ഭക്ഷണത്തെപ്പററി രസകരമായ ഒരു പ്രശ്നാവലി ഈ മാസികയുടെ പക്ഷങ്ങളെ അലങ്കരിക്കുന്നുണ്ടു്. സ്ത്രീകളെക്കാൾ കൂടുതലായി ഭക്ഷണം ആസ്വദിക്കുന്നതു പുരുഷന്മാരാണെന്നും, കുടുംബസമാധാനത്തിനു ഭാര്യമാരിൽ ഉണ്ടായിരിക്കേണ്ട പ്രധാനഗുണം നല്ല ഭക്ഷണം പാകം ചെയ്യുവാനുള്ള കഴിവാണെന്നും കൊളമ്പിയാ യൂണിവേഴ്സിററിയിലെ വിദ്യാർത്ഥികൾ കൂടുതൽ ശണ്ഠപിടിച്ചിരുന്നതു ഭക്ഷണത്തിനു മുമ്പാണെന്നും ഭക്ഷണാനന്തരം അവർ ഫലിതങ്ങൾ പറഞ്ഞു രസിക്കുകയാണു് പതിവെന്നും പ്രഭാതഭക്ഷണം ശരിക്കു കഴിക്കാത്ത ദിവസങ്ങളിലാണു് ഉദ്യോഗസ്ഥന്മാർ കീഴുള്ളവരോടു ശുണ്ഠിപിടിക്കുന്നതെന്നും മററും അവിടെ സമർത്ഥിച്ചിട്ടുണ്ടു്. ഓഹിയോ സർവ്വകലാശാലയിലെ പ്രൊഫസർ മാക് ലെയിഡിൻെറ അഭിപ്രായം ചില ഭക്ഷണസാധനങ്ങൾ കഴിച്ചാൽ കൂടുതൽ സ്വപ്നമുണ്ടാകുമെന്നത്രേ. കൈതച്ചക്ക, ഏത്തപ്പഴം, വെള്ളരിക്ക മുതലായവ അത്തരം ഭക്ഷണങ്ങളത്രെ. കണ്ടുപിടിത്തങ്ങൾ ഇങ്ങനെ തുടങ്ങിയാൽ തിന്നാനൊന്നും ബാക്കിയുണ്ടാകുകയില്ലെന്നാണു് തോന്നുന്നതു്.

ചിക്കാഗോ നിവാസിയായിരുന്ന ഫാദർ ഫിഷർ ഐക്യരാജ്യങ്ങളുടെ ദക്ഷിണപ്രദേശങ്ങളിലുള്ള ഒരു മിഷനറിവൈദികനു് ഒരു ഫോർഡ്കാർ സമ്മാനമായി കൊടുത്തു. കുറെ കൊല്ലങ്ങൾ കഴിഞ്ഞു് ഫാദർ ഫിഷർ ദക്ഷിണമിഷൻപ്രദേശങ്ങളിൽനിവസിക്കുമ്പോൾ കഠിനമായ ഒരു രോഗം പിടിപെട്ടു പെട്ടെന്നു മരണാപകടത്തിലെത്തിച്ചേന്നു. സമീപത്തെങ്ങും കത്തോലിക്കാവൈദികരില്ലെന്നു തൻെറ ആതിഥേയൻ അറിയിച്ചപ്പോൾ ഫാദർ ഫിഷർ കണ്ഠിതനായി. അപ്പോൾത്തന്നെയാണു് ആ മിഷനറിവൈദികൻ തനിക്കു ലഭിച്ച ഫോർഡ്കാറിൽ അവിടെ വന്നു് ഏതോ ഒരു സ്ഥലത്തേക്കു് വഴിചോദിച്ചതു്. അദ്ദേഹം ഫാദർ ഫിഷറിനു് അന്ത്യകൂദാശകൾ നൽകി അനുഗ്രഹിച്ചാണു തിരിച്ചുപോയതു്.

ഗ്രാമീണ കത്തോലിക്കാ വനിതകളുടെ ദേശീയസമ്മേളനത്തിൽ ജാനററ് കാൽവെൻ ചെ

8½ lb of famous Swiss precision engineering to give you

**The World's Most Portable Portable!**

THE STURDY **HERMES 'BABY'** with features of a full-size typewriter



No higher than a matchbox

A paillard PRODUCT

- Special device for inserting missing letters;
- Rapid underlining and drawing of horizontal and vertical lines;
- All metal carrying case;
- Ample power for carbon copies.

All this weighs only 8½ lb

*Available with full service and spare parts from*

VOLKART

**VOLKART BROTHERS**

P. O. Box No. 3, Cochin-1

Offices at: Alleppey, Kozhikode, Mangalore, & Tellicherry

ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും അതിൽ ഒരു കുട്ടി ഉടൻ മരിച്ചുപോയി. മററു രണ്ടു കുട്ടികളും ചികിത്സയിലിരിക്കയാണു്. നനഞ്ഞുകുതിന്ന മതിലുകളും ഒടിയാറായ മരങ്ങളും ചളിനിറഞ്ഞ കുഴികളും എല്ലാം നമ്മുടെ നാട്ടിൻപുറങ്ങളിൽ സാധാരണയാണു്. എപ്പോഴും അപകടങ്ങളിൽ നിന്നൊഴിഞ്ഞു മാറുകയെന്ന മനോഭാവം നമ്മിലോരോരുത്തരിലും ഉണ്ടായിരിക്കണം. ആ മനോഭാവത്തിനുമാത്രമേ നമ്മുടെയിടയിലുള്ള അത്യാഹിതങ്ങൾ കുറയ്ക്കുവാൻ കഴികയുള്ളൂ.

മറെറാരുസ്ഥലത്തു് ഒരു കുളം ഒരു കുഞ്ഞിൻെറ ജീവനെ എടുത്തുകളഞ്ഞു. അമ്മയുടെ അല്പമായ നോട്ടക്കുറവു്. കുസൃതിയായ അവരുടെ കൊച്ചുമകനെ കുളക്കരയിലേക്കു് ആനയിച്ചു. അവനാഹ്ലാദംകൊണ്ടോ വെള്ളത്തിലേക്കെടുത്തു ചാടി. പാവം! അവൻ വെള്ളംകുടിച്ചു് ശ്വാസംമുട്ടി ആരുമറിയാതെ മരിച്ചു. മരിച്ചെത്രയോ നേരമായപ്പോഴാണു കുഞ്ഞിൻെറ മാതാപിതാക്കൾ വിവരമറിഞ്ഞതു്. ആ മകൻെറ വിരഹം സഹിക്കാതെ വേദനിച്ചിന്നും അവൻെറ പിതാവു് നടക്കുന്നുണ്ടു്. താടിയും വളത്തി ആരോടും സംസാരിക്കാതെ, വല്ലതും വല്ലപ്പോഴും കഴിച്ചു്, ഇന്നും ആ കുട്ടിയുടെ അച്ഛനെ കാണാം. അമ്മയുമുണ്ടു്. അവരുടെ കണ്ണിൽ ഇനി കണ്ണുനീർ ബാക്കിയില്ല. ശരീരത്തിൽ രക്തം ഉണ്ടോ ആവോ? ജീവിക്കുന്നുണ്ടു്.

ജലാശയങ്ങൾ നമ്മുടെ ചുററും ധാരാളമുണ്ടു്. നമുക്കു് അവ ഒഴിച്ചുകൂടാവുന്നതല്ല. അവയിൽനിന്നു് ഒരപകടം ഉണ്ടാകാതെ സൂക്ഷിക്കുക.



"താടിയും വളത്തി ആരോടും സംസാരിക്കാതെ, ഇന്നും ആ കുട്ടിയുടെ അച്ഛനെ കാണാം."

ഷ്ഠ പ്രസംഗത്തിലെ ഒരു ഭാഗം സ്ത്രീകളുടെ കണ്ണു തുറപ്പിക്കേണ്ടതുതന്നെ. “എല്ലാ സ്ത്രീകളും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു് അമ്മമാരാകുവാനാണു്, അതായതു, തൻെറ സ്നേഹശുശ്രൂഷയെ ആശ്രയിച്ചു കഴിയുന്നവരുടെ കേന്ദ്രമായിരിക്കുവാൻ. എല്ലാവരും യഥാർത്ഥത്തിൽ അമ്മമാരായില്ലെങ്കിലും ആദ്ധ്യാത്മികമായിട്ടെങ്കിലും സ്ത്രീകൾ അമ്മമാരായാലേ യഥാർത്ഥ സൗഭാഗ്യവും സമ്പൂർണ്ണതയും അവർക്കു കൈവരികയുള്ളു. തങ്ങളെത്തന്നെ മറന്നു ചുററുമുള്ളവരെ ശുശ്രൂഷിക്കുമ്പോഴാണു് സ്ത്രീകൾ യഥാർത്ഥത്തിൽ സ്ത്രീകളാകുന്നതു്. അവർ കുടുംബത്തിൻെറ ഹൃദയമായിരിക്കണം. അവിടത്തെ പ്രകാശവും ഉഷ്ണവും അവർതന്നെയാകണം. ശാരീരികവും ആദ്ധ്യാത്മികവുമായ നന്മകളുടെ കേന്ദ്രവും സ്ത്രീതന്നെയാകണം.” ഇററാല്യൻവനിതകളോടു് പന്ത്രണ്ടാം പീയൂസു് മാർപ്പാപ്പാ പറഞ്ഞ വാക്കുകളും ഉദ്ധാര്യമാണു്. “രാഷ്ട്രീയവും പൗരസംബന്ധവുമായ കാര്യങ്ങളിൽ പുരുഷന്മാരോടുകൂടെ സ്ത്രീകളും ചേർന്നു പ്രവർത്തിക്കണം. ഭരണകാര്യങ്ങളിൽ ഉൾപ്പെടുന്ന കഠിനവശങ്ങളൊഴികെ വിവേകം, മാതൃവാസന, മൃദുലത എന്നീ ഗുണങ്ങൾ ആവശ്യമുള്ള തുറകളിൽ അവർ ഹൃദയംഗമമായി പങ്കുകൊള്ളണം. സ്ത്രീകളുടെ യോഗ്യതയ്ക്കും യുവതികളുടെ പൂർണ്ണതയ്ക്കും അന്തസ്സിനും ശിശുസംരക്ഷണത്തിനും ശിശുവിദ്യാഭ്യാസത്തിനും സ്ത്രീകളെപ്പോലെ യോഗ്യരാരുണ്ടു?”

ഒരിക്കൽ ഒരാൾ ഒരു ചെറുദ്വീപിൽനിന്നു കുമ്പസാരിക്കുവാനായി ഒരു വൈദികനെ സമീപിച്ചു. അപരിചിതമായ മുഖം കണ്ടു് വൈദികൻ ചോദിച്ചു എത്ര നാളായി കുമ്പസാരിച്ചിട്ടെന്നു്. ഒരു കൊല്ലമായെന്നു് മറുപടി. കുറേക്കൂടി അടുത്തടുത്തു് കുമ്പസാരിക്കണമെന്നു് ഉപദേശിച്ചപ്പോൾ അനുതാപി പറയുകയാണു്: “ബോട്ടിനു യാത്രചെയ്തു സമയം കളയുവാൻ നിവൃത്തിയില്ല.” അങ്ങനെയെങ്കിൽ വിമാനത്തിനു വരു എന്നു വൈദികൻ നിർദ്ദേശിച്ചു. അപ്പോൾ അയാൾ പറഞ്ഞു: “പാപദോഷങ്ങൾക്കായി വിമാനയാത്ര ചെയ്യുന്നതു സ്വല്പം അധികച്ചെലവാണു്; ചാവദോഷങ്ങൾക്കാണെങ്കിൽ അപകടക്കൂടുതലുമാണു്.” ഈ ഫലിതോക്തി അനേകരുടെ അന്തഃകരണത്തെ ഭരിക്കുന്നുണ്ടു്; തന്മൂലം ഉന്നതമായ പുണ്യം ലോകത്തിൽ കാണാനില്ല.

അസൂയ എന്നൊരു ലേഖനത്തിൽ സമർത്ഥിച്ചിട്ടുണ്ടു് അമേരിക്കയുടെ സാമ്പത്തികസുസ്ഥിതിയിലുള്ള അസൂയനിമിത്തമാണു് അന്യരാജ്യങ്ങൾക്കു് അമേരിക്കയോടു് വെറുപ്പുള്ളതെന്നു്. റഷ്യയിൽ അസൂയാവഹമായി ഒന്നുമില്ലാത്തതിനാൽ കമ്മ്യൂണിസ്റ്റുകാരല്ലാത്തവർകൂടി ചിലർ അമേരിക്കയെ വെറുക്കുകയും റഷ്യയുടെ മൈത്രിയിൽ കഴിയുകയും ചെയ്യുന്നുണ്ടു്.

ചൈനയിൽനിന്നു് ഹോങ്ങ്കോങ്ങിലേക്കു് ഓടി രക്ഷപെട്ട ഫാദർ ടെന്നിയൻെറ ജീവചരിത്രം ആരേയും പുളകം അണിയിക്കും. ദീർഘമായ അദ്ദേഹത്തിൻെറ ജീവിതകഥനത്തിൽ പ്രവേശിക്കുക ഈ ലഘുലേഖനത്തിൽ സാധ്യമല്ല. പ്രേഗിൽ ഒരു കുടുംബത്തലവൻ മരിച്ചപ്പോൾ മക്കൾ പ്രസിദ്ധംചെയ്ത ചരമക്കുറിപ്പു് ആരംഭിച്ചതു് ഇപ്രകാരമാണു്: “ദൈവം ഞങ്ങളുടെ പിതാവിനെ ഭേദപ്പെട്ട വേറൊരു രാജ്യത്തിലേക്കു വിളിക്കുവാൻ തിരുമനസ്സായതിനാൽ......”

# ബിസ്സിനസ്സ് മൊറാലിററി

(തോമസ് സെബാസ്റ്റ്യൻ ബി. എ., എൽ. ററി.)

പണ്ടൊക്കെ തൊഴിലായിരുന്നു. ഇപ്പോൾ അതു ബിസ്സിനസ്സായി. എല്ലാവർക്കുമുണ്ടൊരു ബിസ്സിനസ്സു്. മറെറാന്നുമില്ലെങ്കിലും “സ്വസ്ഥം” ഒരു ബിസ്സിനസ്സാക്കി സാമൂഹ്യസമ്പത്തിൽനിന്നു “അട്ടത്തൂൺ” പററികൊണ്ടിരിക്കുന്നതും ഒരു ബിസ്സിനസ്സായി ചിലർ കണക്കാക്കിയിട്ടുണ്ടു്. സമുദായം വഹിക്കുന്ന ഒരു ഭാരമാണാക്കൂട്ടർ എന്നവർ സമ്മതിക്കുമെന്നു തോന്നുന്നില്ല.



ബിസ്സിനസ്സു് എന്തായാലും അതിനുണ്ടൊരു മൊറാലിററി. എന്നു പറഞ്ഞാൽ ഏതു തൊഴിലായിരുന്നാലും അതിനു ചേരുംവിധമുള്ള ഒരു സന്മാർഗ്ഗനിഷ്ഠ വേണമെന്നർത്ഥം. ഞാനൊരദ്ധ്യാപകനാണു്. എൻെറ തൊഴിലിൽ ഞാൻ സന്മാർഗ്ഗനിരതനായിരിക്കണം. എൻെറ ജീവിതത്തിൽ സന്മാർഗ്ഗം പാലിച്ചാൽ പോരാ, തൊഴിലിൽ സന്മാർഗ്ഗം പാലിക്കണം. അതാണു് ബിസ്സിനസ്സു മൊറാലിററി. എനിക്കു പലതരം അവധിയെടുക്കാൻ നിയമം അനുവദിക്കുന്നുണ്ടു്. എന്നാൽ അവധി എടുത്താൽ അതു എൻെറ സ്ഥാപനത്തേയും എന്നെ ഏല്പിച്ചിരിക്കുന്ന അദ്ധ്യേതാക്കളേയും അതെങ്ങനെ ബാധിക്കുമെന്നും അവധികൂടാതെ കഴിക്കാമോ എന്നും ഞാനാലോചിക്കുമ്പോൾ എൻെറ അന്തഃകരണം എന്നെ ഉപദേശിക്കും ഞാൻ അവധി എടുക്കണമോ വേണ്ടയോ എന്നു്.

മുപ്പതുദിവസം തള്ളിവിട്ടിട്ടു ശമ്പളം പററുന്ന മൊറാലിററി ചിലർക്കുണ്ടു്. അർഹിക്കുന്ന പ്രതിഫലം കിട്ടുന്നില്ലെങ്കിൽ കിട്ടുന്ന പ്രതിഫലത്തിനനുസരണമായ ജോലിനിർവ്വഹണം സാന്മാർഗ്ഗികമാണെന്നു കരുതുന്നവർ കുറവല്ല. പ്രതിഫലം കിട്ടാൻ താമസിച്ചാൽ അക്കാലമത്രയും “ഉന്തിയുരുട്ടി” തള്ളിവിട്ടാൽ അതു അസാന്മാർഗ്ഗികമല്ലെന്നു കരുതുന്നവരും കുറവല്ല. ഇപ്പോൾ തിരു-കൊച്ചിയിൽ നിലവിലിരിക്കുന്ന പ്രൈവററു സെക്കൻററി വിദ്യാഭ്യാസപദ്ധതി നാടിനു വരുത്തിവച്ച നാശഫലങ്ങളിൽ പ്രധാനമായതു് അതാണു്. മൂന്നും നാലും മാസം ശമ്പളം കിട്ടാതെ ജോലിചെയ്യണം. “പുരസ്കമീതെ വെള്ളം. അതുക്കു മീതെ തോണി” എന്ന മട്ടിലങ്ങു പോയാൽപ്പോരെ? സമയത്തു പ്രതിഫലം കിട്ടാത്ത തൊഴിലിൽ എന്തിനു ചത്തുകിടന്നു പണിയെടുക്കണം എന്നു പലരും ചോദിച്ചുകേൾക്കുന്നുണ്ടു്. അതിൽ അസാന്മാർഗ്ഗികമായൊന്നുമില്ലെന്നു ഗണിക്കുന്നവരാണവർ.

ഏതാനും വർഷങ്ങൾക്കു മുൻപുണ്ടായ ഒരനുഭവം ഞാൻ പറയട്ടേ? എൻെറ അദ്ധ്യാപകസഹോദരങ്ങൾ ക്ഷമിക്കണം. ഒരദ്ധ്യാപകൻെറ ക്ലാസ്സുകാണാൻ ഞാൻ പുറപ്പെട്ടു. ഉച്ചകഴിഞ്ഞ സമയം. അദ്ധ്യാപകൻ അല്പം വിശ്രമിക്കുകയായിരുന്നു. അല്പസമയം നിദ്രയിലാണ്ടുപോയി കുട്ടികൾ ഉല്ലാസത്തിലും. അല്പം അകലെ മററുകാര്യങ്ങളിൽ ഏർപ്പെട്ടുനിന്നു കാര്യം മനസ്സിലാക്കി. അടുത്തു ചെല്ലാനൊരു മടി. ചെല്ലാതിരിക്കാനൊരു വൈമനസ്യവും. അടുത്തുചെന്നു. ക്ലാസ്സു നിശ്ശബ്ദമായി. അദ്ധ്യാപകൻ ഞെട്ടിയുണർന്നു. പുതിയ പാഠം തുടങ്ങുന്നതിനു് അദ്ധ്യാപകനൊരു പ്രയാസം. ആൾ ബഹുസമർത്ഥനാണു്. ഏതു പ്രതിസന്ധിഘട്ടത്തേയും തരണംചെയ്യാൻ മിടുക്കൻ. “നക്സ്റ്റ്” എന്നായിരുന്നു അദ്ധ്യാപകൻ ആദ്യമായി ആ ക്ലാസ്സിൽ ഉച്ചരിച്ച വാക്കു്. മൂന്നുനാലു “നക്സ്റ്റ്” കഴിഞ്ഞു. കുട്ടികൾ എഴുന്നേററു തെക്കും വടക്കും നോട്ടമായി. “പറയെടോ തിരുവിതാംകൂറിലെ ഏററവും വലിയ നദി ഏതെന്നു്.” അദ്ധ്യാപകൻ സഗൗരവം ചോദ്യം എറിഞ്ഞുകൊടുത്തു. “നക്സ്റ്റ്” ഉത്തരവും പറഞ്ഞു. അദ്ദേഹത്തിനുമുണ്ടൊരു ബിസ്സിനസ്സുമൊറാലിററി. കാലത്തു പ്രധാനവിഷയങ്ങൾ എല്ലാം ജോറായി പഠിപ്പിച്ചു. മനഃശാസ്ത്രവിധിപ്രകാരം കുട്ടികൾക്കു് അല്പം വിശ്രമം ആവശ്യമാണു്. അതാണീ “നക്സ്റ്റിനു” കാരണമാക്കിയ സാഹചര്യം.

വക്കീലന്മാർക്കു സന്മാർഗ്ഗനിഷ്ഠ ആവശ്യമുണ്ടോ? അവർ പിടിക്കുന്ന കേസ്സു വാശിയോടുകൂടി വാദിച്ചു ജയിച്ചുകൊടുക്കുകയല്ലേ അവരുടെ ധർമ്മം? കൊന്നവൻ കൊന്നില്ലെന്നും ചത്തവൻ ചത്തില്ലെന്നും പകൽ രാത്രിയാണെന്നും രാത്രി പകലാണെന്നും അവർ ന്യായവാദം ചെയ്തു കൽക്കട്ടായിലേയും ബോംബെയിലേയും ബിലാത്തിയിലേയും ചില വിധികൾ ഉദ്ധരിച്ചു സ്ഥാപിച്ചുകളയും. അങ്ങനെ മിടുമിടുക്കർ വക്കീലന്മാരുള്ള നാട്ടിൽ കൊല്ലാനും ചാകാനും ആരും പേടിക്കേണ്ട. പക്ഷെ അതിൽ മൊറാലിററി എത്രമാത്രമുണ്ടെന്നുകൂടി ഒന്നാലോചിക്കേണ്ടതുണ്ടു്. * ഒരു കക്ഷി വക്കീലിനെ അഭയംതേടുമ്പോൾ അയാളുടെ ഭാഗത്തു സത്യവും നീതിയും എത്രമാത്രമുണ്ടെന്നു ഒരു പ്രാരംഭപരിശോധന കഴിച്ചു് അയാൾക്കു നീതി ലഭിച്ചിട്ടില്ലെന്നു ഉത്തമബോദ്ധ്യം വരുന്ന കേസ്സുകളിൽമാത്രം വക്കാലത്തു സ്വീകരിച്ചു വാദം നടത്തിയാൽ ദുർവ്യവഹാരങ്ങൾ നടത്തുന്നതിനുള്ള കക്ഷികളുടെ ദുശ്ശീലം താനേ നിലച്ചുകൊള്ളും. പണക്കൊഴുപ്പുകൊണ്ടു് അനീതി വിജയിക്കുകയും നീതി പരാജയപ്പെടുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുകയാണു് വക്കീൽ മൊറാലിററി.

ഗുമസ്താഭരണം നടക്കുന്ന നാട്ടിലെ ക്ലർക്കുമൊറാലിററി ഒന്നു വേറെയാണു്. “നിങ്ങൾക്കെന്തൊക്കെ ചെയ്തുതന്നാലും നിങ്ങളറിയാത്ത ആളാണു്. ഇനി സർക്കാർ കാര്യം മുറപോലെ നടക്കും.” ഇതാണവരുടെ സന്മാർഗ്ഗശാസ്ത്രം. കടലാസു വായിച്ചുനോക്കാതെ ഒപ്പുവയ്ക്കുന്ന ഓഫീസർ മൊറാലിററിക്കു ഇതു ബാധകമല്ലതാനും. “അറിയാത്ത കുഞ്ഞു് അണ്ണാക്കുചൊറിയുമ്പോൾ താനേ അറിഞ്ഞുകൊള്ളും.” അത്യാവശ്യകാര്യങ്ങളുടെ ഫയൽ കുന്നുകുന്നായിക്കിടക്കുന്ന കടലാസുകെട്ടുകളുടെ അടിയിൽ ദീർഘവിശ്രമം കൊള്ളുമ്പോൾ “അറിയാത്തവൻ” താനേ അറിഞ്ഞുകൊള്ളും.

പാലിൽ വെള്ളംചേർക്കുന്നതു നീതീകരിക്കുന്ന ഒരു സന്മാർഗ്ഗശാസ്ത്രം ഇപ്പോൾ പ്രചാരത്തിലായിട്ടുണ്ടു്. 158 റാത്തൽ അരിയിൽ 4 റാത്തൽ വെള്ളംതളിച്ചു ചാക്കിൽ നിറച്ചുവച്ചാൽ 162 തൂക്കം കൊടുക്കാം. പിന്നെന്തു കുററം. കാട്ടിൽ കിടക്കുന്ന കായ്കനികൾ പറിച്ചുണക്കി കുരുമുളകിൻെറകൂടെ പത്തിനൊന്നു കണക്കിൽ ചേർത്തു തൂക്കികൊടുത്താൽ എന്തു വരാൻപോകുന്നു. നാളതുവരെ ഒരു കാശുപോലും വിലകിട്ടാതിരുന്ന പൂച്ചക്കുരുവിനു കണ്ടിക്കു മൂവായിരം ഉറുപ്പിക വിലകിട്ടുന്നതു തെററോ? തേഞ്ഞ കട്ടി ഉപയോഗിച്ചു ശരി തൂക്കം കൊടുത്താലെന്തു കുററം. മരച്ചീനി പാററപ്പാത്തിട്ടു 8 മണിക്കൂർ ഉണക്കിയാൽ പുറം “കിലുകിലാ” ഉണങ്ങും. അകം കറുകറപ്പച്ചയും. നല്ല തൂക്കം കിട്ടുകയില്ലേ? അതു കപ്പൽപ്പുറത്തെത്തുമ്പോൾ ആവി പിടിച്ചു ചാണകത്തിനു തുല്യമാകും. ആർക്കു പാടു്? കൃഷിക്കാരനും കച്ചവടക്കാരനും ശരിക്കു വിലയും ലാഭവും കിട്ടിയില്ലേ? ഇതൊക്കെ എന്തു മൊറാലിററിയാണെന്നെനിക്കറിഞ്ഞുകൂടാ. ദൈവവിശ്വാസികൾ ഈ മൊറാലിററിയിൽ തൃപ്തിപ്പെടുന്നതു വളരെ വിചിത്രമായി തോന്നുന്നു. എണ്ണിവാങ്ങുമ്പോൾ 81, 51 ആകുന്നതും കൊടുക്കുമ്പോൾ 51, 81 ആകുന്നതും ഒരു മൊറാലിററിയാണു്. പത്തുറാത്തൽ തൂക്കിവാങ്ങി 12 റാത്തൽ തൂക്കിവിററു പിന്നേയും 2½ റാത്തൽ ബാക്കിവരുന്ന കട്ടിമൊറാലിററിയും നമ്മുടെ നാട്ടിൽ കുറവല്ല. മുഴക്കോൽ മൊറാലിററിയുമുണ്ടു് നമ്മുടെ ഇടയിൽ. 40 വാര അളന്നെടുത്തു 40 വാര അളന്നുകൊടുത്തുകഴിഞ്ഞാൽ രണ്ടുവാര മിച്ചംകിട്ടുംപോലും ആ മുഴക്കോൽമൊറാലിററിയിൽ. നെല്ലിനും അരിക്കും വിലകൂടുംതോറും പതിരിനും മണ്ണിനുംകൂടി വില കൂട്ടുന്ന മൊറാലിററിയുമുണ്ടു് നമ്മുടെ ഇടയിൽ.

ഇൻഡ്യയിൽ ബിസ്സിനസ്സു മൊറാലിററിയിൽ ഒന്നാംസ്ഥാനം ജലന്തർ സിററിക്കായിരിക്കുമെന്നു തോന്നുന്നു. രണ്ടാംസ്ഥാനം ഒരുപക്ഷെ നമ്മുടെ സംസ്ഥാനത്തിനു ലഭിച്ചേക്കും. ഒരു കാർഡയച്ചു ആവശ്യപ്പെട്ടാൽ ജലന്തർ സിററിയിൽനിന്നു മൂന്നുതോല സ്വർണ്ണം ഇനാമായി അയച്ചുതരും. പട്ടണം മുഴുവൻ സ്വർണ്ണംകൊണ്ടു മൂടിക്കിടക്കുകയാണു്. നമ്മുടെ കടൽപ്പുറത്തെ മണൽപോലെ. അതൊന്നു മാറിക്കിട്ടിയാൽ മരച്ചീനി കൃഷിചെയ്യാമായിരുന്നു. എങ്ങനെ മാറും. കിട്ടുന്ന മേൽവിലാസത്തിനെല്ലാം അവർ സ്വർണ്ണം അയച്ചുകൊണ്ടിരിക്കുന്നു. നാമെല്ലാവരുംകൂടി ശ്രമിച്ചാൽ അവരുടെ രാജ്യം കൃഷിയോഗ്യമാക്കിക്കൊടുക്കാൻ സാധിക്കും. നമുക്കു സ്വർണ്ണവുംകിട്ടും. രണ്ടു രൂപാമാത്രം കൊടുത്താൽ ഒരൊന്നാന്തരം ഫൗണ്ടൻപേനയും മൂന്നു വാച്ചും കിട്ടും, ജലന്തർ സിററിയിൽ. ഒരിക്കൽ ഒരു പച്ചപ്പാവം വിദ്യാർത്ഥി ഓഡർ അയച്ചു. ഇതാ വന്നിരിക്കുന്നു പാർസൽ. പോസ്റ്റേജുൾപ്പെടെ 2 രൂ. 14 ണ. മാത്രം. പൊട്ടിച്ചു നോക്കിയപ്പോഴല്ലേ കാര്യം മനസ്സിലായതു്. എറണാകുളം പച്ചക്കറിച്ചന്തയിൽ കിട്ടുന്ന ആറണ ഫൗണ്ടൻ ഒന്നു്. കുഗ്രാമങ്ങളിൽ പെട്ടിക്കച്ചവടക്കാരൻ കൊണ്ടുനടക്കുന്ന 1 ണ വിലയുടെ കളിവാച്ചു മൂന്നു്! 2 രൂ. 14 ണ. നമ്മുടെ ഒരു ഗ്രാമത്തിൽനിന്നു ജലന്തർ സിററിയിൽ ചെന്നുചേരുകയും ചെയ്തു.

വൈദ്യശാലാ മൊറാലിററിയെപ്പററി ഞാനൊന്നും പറഞ്ഞില്ല. എല്ലാ മരുന്നുകളും രണ്ടുതരമുണ്ടു്. പലതരം മരുന്നുകൾ ഒരൊററപ്പാത്രത്തിൽനിന്നെടുത്തുകൊടുക്കാൻ പ്രാപ്തന്മാരായ വൈദ്യന്മാരുമുണ്ടു്. ഒന്നാംതരത്തിനുപയോഗിച്ച മരുന്നുകളുടെ ചപ്പുചവറുപയോഗിച്ചു രണ്ടാംതരം സൃഷ്ടിക്കും, “ഭാസ്കരമേനോ”നിലെ കണ്ടുണ്ണിനായരെ ബ്രഹ്മാവു സൃഷ്ടിച്ചതുപോലെ.

ജഗൽപ്രസിദ്ധമായ ഒരു വൈദ്യശാലയിലെ പരസ്യംകണ്ടു എൻെറ ഒരയൽവാസി ഒരു ലേഹ്യത്തിനെഴുതി. പൊറുക്കാവ്യാധിക്കൊരു ദിവ്യ ഔഷധം. റാത്തലിനു 10 ഉറുപ്പിക വിലയേയുള്ളു. ജീരകപ്പൊടി ശർക്കരയിൽ ഭേദിച്ചതാണു് ലേഹ്യം. അരറാത്തലിനു 5 ക. 12 ണ. പക്ഷെ വൈദ്യശാലക്കാർ സന്മാർഗ്ഗനിഷ്ഠയുള്ളവരായിരുന്നു. അവർ ഒരു കുറിപ്പുകൂടെ ഇട്ടിരുന്നു. തങ്കഭസ്മം തുടങ്ങിയ ചില വിലപിടിച്ച മരുന്നുകൾകൂടി “ഈ അയക്കുന്ന ലേഹ്യത്തിൽ ഭേദിച്ചു സേവിച്ചുകൊൾക.” എന്നായിരുന്നു ആ കുറിപ്പു്.

കൃഷിക്കാരൻ തൊഴിലാളിക്കു് അവനർഹിക്കുന്ന കൂലികൊടുക്കാതെ ആദായം ഉണ്ടാക്കാൻ ശ്രമിക്കുന്നു. തൊഴിലാളി അവ

* ക്രിമിനൽ കേസുകളിൽ പ്രതിക്കെതിരായി കൊണ്ടുവന്നിട്ടുള്ള തെളിവുകളുടെ ബലഹീനത ചൂണ്ടിക്കാണിക്കുകയും പ്രതിയെ ശിക്ഷയിൽനിന്നു വിമുക്തനാക്കാൻവേണ്ടി ന്യായമായ മാർഗ്ഗങ്ങളിൽക്കൂടെ വാദിക്കുകയും ചെയ്യുന്നതു മൊറാലിററിക്കു് എതിരാവുകയില്ല.

ചെക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)
എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ
ഇ. ടി. ആര്യൻമൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നതുമാണ്.

# കാലംചെയ്ത മാർ ഇവാനിയോസ് തിരുമേനി

(ജോസഫ് തലിയത്ത്)

കോട്ടാർ രൂപതയുടെ ആദ്യ മെത്രാനായിരുന്ന ഡോക്ടർ ലോറൻസ് പെരേരായുടെ പട്ടാഭിഷേകകർമ്മത്തിൽ മാർ ഇവാനിയോസ്, മാർ തിയോഫിലോസ്, തിരുമേനിമാർ സംബന്ധിച്ചു കണ്ടപ്പോഴാണ് ചരിത്രപ്രസിദ്ധമായിത്തീർന്നതും ഏതാനും ദിവസങ്ങൾക്കുമുമ്പു നടന്നതുമായ അവരുടെ കത്തോലിക്കാസഭയുമായുണ്ടായ പുനരൈക്യം സാമാന്യജനങ്ങൾ മനസ്സിലാക്കിയതു്. ഈ പട്ടാഭിഷേകകർമ്മത്തിനു ഞാനും സന്നിഹിതനായിരുന്നു. ബലിപീഠത്തിലേക്ക് എതിരേററുകൊണ്ടുപോയ മെത്രാന്മാരുടെകൂടെ, അന്നു എനിക്കു വലിയ പരിചയമില്ലാതിരുന്ന വേഷഭൂഷാദികളോടുകൂടി ഇവരും അനുയാത്ര ചെയ്തിരുന്നു. അപ്പോൾ ഇവർ ആരാണെന്നുതന്നെ എനിക്കു അറിയാമായിരുന്നില്ല. അധികം താമസിയാതെതന്നെ ഈ രണ്ടു തിരുമേനിമാരെയും അന്നു് അവർ താമസിച്ചിരുന്ന തിരുവല്ലായിൽ തിരുമൂലയിലുള്ള കെട്ടിടത്തിൽ ചെന്നു കാണുന്നതിനു എനിക്കു സൗകര്യം ലഭിച്ചു. ഒന്നോ രണ്ടോ വർഷങ്ങൾക്കുശേഷം തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തയായി മാർ ഇവാനിയോസ് തിരുമേനി തിരുവനന്തപുരത്തുവന്നു താമസം തുടങ്ങിയതു യാതൊരു ഒച്ചപ്പാടും കൂടാതെയാണ്. അന്നത്തെ തീരെ ഒതുങ്ങിയ വരവും ഈയിടെ പാളയത്തുള്ള തൻെറ പ്രൊകത്തീഡ്റളിൽനിന്നും പട്ടത്തു പുതുതായി നിർമ്മിക്കുന്ന കത്തീഡ്റളിൽ തനിക്കായി പണികഴിപ്പിച്ചിരുന്ന ശവക്കല്ലറയിലേക്കുണ്ടായ ജൈത്രയാത്രയും തമ്മിൽ എത്രയോ അന്തരം! ഒരു ഇരുപതു കൊല്ലങ്ങൾക്കുള്ളിൽ അവിടുന്നു സാധിച്ചിട്ടുള്ള മഹൽകാര്യങ്ങൾ എത്രയെത്ര!! എന്നാൽ ഇവയിൽ ഏററവും പ്രധാനമായി അനന്തരതലമുറകൾ ഓർമ്മിക്കാൻ ഇടയുള്ളതു് മുന്നൂറു കൊല്ലങ്ങളോളം മാതൃസഭയിൽനിന്നും ഭിന്നിച്ചുനിന്നിരുന്ന ഒരു സഭ, പൂർവ്വസഭയുമായി പുനരൈക്യപ്പെടുന്നതിനു പര്യാപ്തമായ ഒരു പാത വെട്ടിത്തുറക്കുന്നതിനു അവിടുന്നു മുന്നിട്ടുനിന്നു പ്രവർത്തിക്കയും അവിടുത്തേയും അനുയായികളുടേയും കത്തോലിക്കാസഭാ പ്രവേശനത്തോടുകൂടി അതു വിജയിക്കയും ചെയ്തു എന്നുള്ളതായിരിക്കും, സംശയമില്ല. മാർ ഇവാനിയോസ് തിരുമേനിയുടെയും അനുയായികളുടെയും പുനരൈക്യത്തിനുമുമ്പും കേരളത്തിൽ യാക്കോബായ സഭയിൽനിന്നും വൈദികരും അൽമായരും ചിലരെല്ലാം ഒററയൊററയായി കത്തോലിക്കാസഭയിൽ പ്രവേശിച്ചിട്ടുണ്ടു്. അങ്ങനെ വന്നിട്ടുള്ളവർ കൽദായ സുറിയാനിറീത്താണു് അനുകരിച്ചതു്. പുനരൈക്യപ്രസ്ഥാനത്തിൽ തന്നെ മാർ ഇവാനിയോസു തിരുമേനി സാധിച്ചിട്ടുള്ള അതിപ്രധാനമായ സംഗതി യാക്കോബായ സഭയിൽ ആചരിച്ചുപോരുന്ന ആരാധനാക്രമങ്ങളെ അവശ്യം വേണ്ട ചില തിരുത്തലുകളോടുകൂടി സ്വീകരിക്കുന്നതിനു റോമിലെ മേലധികാരികളെ സമ്മതിപ്പിച്ചു എന്നുള്ളതാണു്. ഇക്കാര്യത്തിൽ ബെൻസിഗർ മെത്രാപ്പോലീത്തായും വലിയൊരു പങ്കു വഹിച്ചിട്ടുണ്ടു്. അവരുടെ റീത്തു സ്വീകരിക്കാതെ യാക്കോബായസഭയിൽ എത്ര മെത്രാന്മാർതന്നെ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടിരുന്നെങ്കിലും ആ പ്രസ്ഥാനം ശക്തിപ്പെടുമായിരുന്നു എന്നു തോന്നുന്നില്ല. മാർ ഇവാനിയോസു തിരുമേനിയുടെയും മററും പുനരൈക്യത്തിനു വളരെ മുമ്പുതന്നെ കോട്ടയത്തുള്ള എൻെറ ചില അഭിഭാഷകരായ സ്നേഹിതന്മാർ ഈ സംഗതിയെപ്പററി അഭിപ്രായം പറഞ്ഞു കേട്ടിരുന്നതു് യാക്കോബായക്കാരുടെ ആരാധനാക്രമങ്ങൾകൂടി സ്വീകരിക്കാത്തപക്ഷം അവരിൽനിന്നു സാരമായ പുനരൈക്യമൊന്നും ഉണ്ടാകാൻ പോകുന്നില്ലെന്നാണു്. അവരുടെ ആരാധനാക്രമങ്ങളിൽ അധികഭാഗവും മാതൃഭാഷയിൽ ആയിരുന്നതിനാൽ ജനങ്ങൾ അവയിൽ സജീവമായി പങ്കെടുക്കുന്നുണ്ടെന്നും അങ്ങനെ പരിചയിച്ചവർക്കു കൽദായസുറിയാനിക്രമങ്ങൾ ആകർഷകങ്ങളായിരിക്കയില്ലെന്നും മററുമാണു് അവർ പറഞ്ഞിരുന്നതു്. ഈ സ്നേഹിതന്മാർ യാക്കോബായക്കാരുമായി അടുത്ത സമ്പർക്കത്തിൽ ഇരുന്നവരായതുകൊണ്ടു് അവരുടെ ആരാധനാക്രമങ്ങൾ കണ്ടും കേട്ടും നല്ല പരിചയമുള്ളവരായിരുന്നു. അങ്ങനെയുള്ള പരിചയമൊന്നും ഇല്ലാതിരുന്ന എനിക്കു് അവർ പറയുന്നതിൽ എത്രത്തോളം കാര്യമുണ്ടായിരിക്കുമെന്നു് അന്നു അറിയാൻ കഴിഞ്ഞിരുന്നില്ല. മാർ ഇവാനിയോസു തിരുമേനിയുടെയും മററും പുനരൈക്യത്തിനുശേഷം ഒരിക്കൽ കററാനത്തുവച്ചു പുനരൈക്യപ്പെട്ട ഒരു പള്ളിയിൽ അന്ത്യോക്യൻ റീത്തിൽ ചൊല്ലിയ കുർബാനയിൽ സംബന്ധിക്കാൻ ഇടയായപ്പോഴാണു് കോട്ടയത്തെ സ്നേഹിതന്മാരുടെ അഭിപ്രായം എത്രകണ്ടു് വാസ്തവമാണെന്നു് എനിക്കു മനസ്സിലായതു്. ആ ദിവ്യബലിയിൽ സംബന്ധിച്ചപ്പോൾ എനിക്കുണ്ടായ അനുഭവത്തെപ്പററി ഇതിനുമുമ്പു പലതവണയും ഞാൻ പത്രങ്ങളിൽ എഴുതിട്ടുള്ളതാണു്. ചെറുപ്പംമുതൽ ഇടവകപ്പള്ളിയിലേയും പാഠിച്ചിട്ടുള്ള സ്കൂളുകളിലേയും കോളേജുകളിലേയും ഗായകസംഘങ്ങളിൽ ഞാൻ അംഗമായിരുന്നിട്ടുള്ളതുകൊണ്ടും പുത്തൻപള്ളി സെമ്മിനാരി എൻെറ വീടിനുതൊട്ടു അയൽവക്കമായിരുന്നതിനാലും ലത്തീൻ റീത്തിലും കൽദായ സുറിയാനിറീത്തിലും നടത്തപ്പെട്ടുന്ന എല്ലാത്തരം തിരുകർമ്മങ്ങളിലും സംബന്ധിക്കുന്നതിനു എനിക്കു സംഗതിവന്നിട്ടുണ്ടു്. എന്നാൽ കററാനത്തുവച്ചു മാതൃഭാഷയിൽ നടത്തപ്പെട്ട അന്ത്യോക്യൻ റീത്തിലെ ദിവ്യബലിയിൽപങ്കുകൊണ്ടപ്പോൾ ഉണ്ടായ പോലുള്ള ഭക്ത്യതിരേകം അതിനുമുമ്പ് ഒരിക്കലും എനിക്കനുഭവപ്പെട്ടിട്ടില്ലെന്നു പറയാതെ നിവൃത്തിയില്ല. അതുപോലെതന്നെ മാതൃഭാഷയിൽ നടത്തപ്പെട്ട മാർഗ്രീഗോരിയോസു തിരുമേനിയുടെ പട്ടാഭിഷേകശുശ്രൂഷയുംമാർ ഇവാനിയോസു തിരുമേനിയുടെ കബറടക്കശുശ്രൂഷയും അഭിനവവും ആകർഷകവുമായ അനുഭവങ്ങളായിരിക്കും സന്ദർശകരിൽ ഉളവാക്കിട്ടുള്ളതു്.

പോർത്തുഗീസുകാരുമായുള്ള സമ്പർക്കംമൂലം അനേകം നല്ലകാര്യങ്ങൾ നമുക്കു ലഭ്യമായിട്ടുണ്ടെന്നുള്ളതു ശരിതന്നെ. എങ്കിലും അവർക്കുണ്ടായിരുന്ന ചില ദോഷവശങ്ങൾ നമ്മിൽ സംക്രമിക്കാതിരുന്നില്ല. ഈ ഒടുവിൽ പറഞ്ഞതിനു ഒരുത്തമദൃഷ്ടാന്തമാണല്ലോ അനാവശ്യമായ ആഡംബരങ്ങളോടുകൂടി നടത്തിവരുന്ന നമ്മുടെ പള്ളിപ്പെരുന്നാളുകൾ. അവരുടെ കേരളപ്രവേശനത്തിനുമുമ്പ് ഇവിടെ ഉണ്ടായിരുന്ന സുറിയാനിക്രിസ്ത്യാനികൾ എല്ലാവരുംതന്നെ ഒരേവിധമായ സമുദായാചാരങ്ങളായിരിക്കണം അനുഷ്ഠിച്ചിരുന്നതു്. എന്നാൽ ഇന്നാകട്ടെ പോർത്തുഗീസുകാരുമായി യോജിച്ചുനിന്നിരുന്ന കത്തോലിക്കാസുറിയാനിക്കാരുടെ സന്തതികളും അവരോടു യാതൊരു ബന്ധവുമില്ലാതെ അകന്നുനിന്നിരുന്ന യാക്കോബായക്കാരാദിയായവരുടെ സന്താനങ്ങളുംതമ്മിൽ സാമൂഹ്യാചാരങ്ങളിൽ ചില വ്യത്യാസങ്ങൾ കാണ്മാനുണ്ടു്. അടിയന്തിരങ്ങൾ, സ്ത്രീകളുടെ വസ്ത്രധാരണം, അവരുടെ ആഭരണങ്ങൾ എന്നീ വിഷയങ്ങളിൽ ഇന്നത്തെ കത്തോലിക്കാ സുറിയാനിക്കാർ താരതമ്യേന ധാരാളം ദുർവ്യയംചെയ്യുന്നുണ്ടെന്നു പലരും സമ്മതിക്കുമെന്നു തോന്നുന്നു. ഇതിനുള്ള വാസന അവർക്കു എവിടെനിന്നു ലഭിച്ചു? അതുപോലെതന്നെ ആവശ്യമില്ലാതെ വലിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിലും നമുക്കു വലിയ ഭ്രമമാണു്. മദ്ധ്യതിരുവിതാംകൂറിലുള്ള കത്തോലിക്കരല്ലാത്ത സുറിയാനിക്രിസ്ത്യാനികൾ അധികം ചെലവുചെയ്യാതെ അവർക്കു വേണ്ട സുഖസൗകര്യങ്ങൾ സാധിക്കുന്നുണ്ടെന്നു് എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ടു്. നാം ചെലവിടുന്നതിൽ കുറഞ്ഞ സംഖ്യകൊണ്ടു പല കാര്യങ്ങളും അവർ ഭംഗിയായി നിർവ്വഹിക്കുന്നു. തിരുവനന്തപുരത്തു നാലാഞ്ചിറയിലുള്ള ബഥനി സന്യാസാശ്രമവും ദേവാലയവും ഇതിനു ഒരു നല്ല ദൃഷ്ടാന്തമായി എനിക്കു തോന്നിട്ടുള്ളതിനാൽ ചില സ്നേഹിതന്മാരെ കൊണ്ടുചെന്നു് ഈ സ്ഥാപനം ഞാൻ കാണിച്ചുകൊടുത്തിട്ടുണ്ടു്. ഇങ്ങനെ പുനരൈക്യപ്പെട്ടവരിൽ നിന്നു നമുക്കും കുറെയെല്ലാം പഠിക്കാനുണ്ടു്.



മാർ ഗ്രിഗോരിയോസു തിരുമേനിയുടെ മെത്രാൻ പട്ടാഭിഷേകവും മാർ ഇവാനിയോസുതിരുമേനിയുടെ കബറടക്കവും സംബന്ധിച്ചു് പ്രത്യേകം എടുത്തു പറയേണ്ട ഒന്നുരണ്ടു സംഗതികൾ ഉണ്ടു്. ആദ്യത്തേതു് ഈ രണ്ടു ചടങ്ങുകളിലും പല വിഭാഗങ്ങളിലുംപെട്ട കത്തോലിക്കർ ആത്മാർത്ഥമായി സഹകരിച്ചു എന്നുള്ളതുതന്നെ. മറെറാന്നു് മാർ ഇവാനിയോസു തിരുമേനിയുടെ പുനരൈക്യകാലത്തുണ്ടായ വിദ്വേഷബുദ്ധിയെല്ലാം വെടിഞ്ഞു് പല പ്രമാണികളും, യാക്കോബായ ആദിയായ സഭകളിൽനിന്നു ഇവകളിൽ സംബന്ധിക്കയുണ്ടായി എന്നുള്ളതാണു്. ഇതെല്ലാം ഭാവിപ്രവർത്തനങ്ങൾക്കു ശോഭനമായലക്ഷ്യമാണല്ലോ.

മാർ ഇവാനിയോസു തിരുമേനിയുടേയുംമററും കഴിഞ്ഞ ഇരുപതുകൊല്ലത്തെ പരിശ്രമഫലമായി എൺപതിനായിരത്തോളം പേർ കത്തോലിക്കാ തിരുസ്സഭയിൽ ചേർന്നിട്ടുള്ളതായി കാണാം. ഇതു് ഞാൻ മുമ്പൊരിക്കൽ എഴുതിയിരുന്നതുപോലെ വടക്കേ ഇൻഡ്യയിലുള്ള പതിനൊന്നോ പന്ത്രണ്ടോ രൂപതകളിലും അതിരൂപതകളിലും ഉള്ള മൊത്തം കത്തോലിക്കരുടെ സംഖ്യയോളം വരും. അതും അവിടെ അനേകതലമുറകളിലായി നടത്തിയ മിഷൻപ്രവർത്തനത്തിൻെറ ഫലമായിട്ടുണ്ടായിട്ടുള്ളതാണു്. എൺപതിനായിരത്തോളംവരുന്ന ഒരു കത്തോലിക്കാ സമൂഹത്തെക്കാൾ മഹത്തായ ഒരു സ്മാരകം മാർ ഇവാനിയോസുതിരുമേനിക്കായി ആർക്കെങ്കിലും നിർമ്മിക്കുവാൻ സാധിക്കുമോ?

---

ൻെറ കഴിവനുസരിച്ചു പണിയെടുക്കാതെ കൂലിക്കു തല്ലുപിടിക്കുന്നു. കച്ചവടക്കാരൻ അളവിലും തൂക്കത്തിലും ഗുണത്തിലും മാററംവരുത്തി ആദായമുണ്ടാക്കാൻ ശ്രമിക്കുന്നു. ഉദ്യോഗസ്ഥവൃന്ദം ഒരു കാലയളവിൽ ചെയ്തുതീർക്കാവുന്നിടത്തോളം ചെയ്തുതീർക്കാതെ ശമ്പളം പററാൻ ശ്രമിക്കുന്നു. ഇങ്ങനെ ഏതു തുറയിൽ നോക്കിയാലും പാവനമായ തൊഴിലിൻെറ സന്മാർഗ്ഗവശം ഉപേക്ഷിക്കപ്പെട്ടുകഴിഞ്ഞു. ഇതിൻെറ അനന്തരഫലമെന്തായിരിക്കും? അതൃപ്തിയും അസ്വസ്ഥതയും; നിലവിലിരിക്കുന്ന ഭരണസമ്പ്രദായത്തെപ്പററി അവജ്ഞയും അവിശ്വാസവും. വിപ്ലവം ഒരു സ്വയംകൃതാനർത്ഥമാണെന്നു നാം മനസ്സിലാക്കേണ്ട "കാലം അതിക്രമിച്ചിരിക്കുകയാണു്."

---

## പ്രോട്ടൊനോട്ടറി അപ്പസ്തോലിക്ക്



വരാപ്പുഴ അതിരൂപതാ വികാരി ജനറൽ റൈററ് റവ. മോൺ. അലക്സാണ്ടർ ലന്തപ്പറമ്പിൽ അവർകൾക്കു്, അദ്ദേഹം കത്തോലിക്കാസഭയ്ക്കും അതിരൂപതയ്ക്കും ചെയ്തിട്ടുള്ള പ്രശസ്ത സേവനങ്ങളെ പരിഗണിച്ചു്, പരിശുദ്ധസിംഹാസനത്തിൽനിന്നും പ്രോട്ടൊനോട്ടറി അപ്പസ്തോലിക്ക് എന്ന സമുന്നത മോൺസിഞ്ഞോർസ്ഥാനം നൽകി ബഹുമാനിച്ചിരിക്കുന്നതായറിഞ്ഞു് സന്തോഷിക്കുകയും അദ്ദേഹത്തെ ഹാർദ്ദമായി അനുമോദിക്കുകയുംചെയ്യുന്നു. അദ്ദേഹം പുരോഹിതപട്ടം സ്വീകരിച്ചിട്ടു് ഈ വരുന്ന ഡിസംബർ 19-ാംനു 50 കൊല്ലം പൂർത്തിയാകുന്നതാണു്. 20 കൊല്ലമായി അദ്ദേഹം വരാപ്പുഴ അതിരൂപതയുടെ വികാരിജനറൽപദമലങ്കരിച്ചുതുടങ്ങിയിട്ടു്. മോസ്റ്റ് റവ. ഡോക്ടർ ബർണാർഡ്, മോസ്റ്റ് റവ. ഡോക്ടർ എയിഞ്ചൽ മേരി എന്നീ തിരുമേനിമാരുടെ കാലത്തു് അതിരൂപതാ ചാൻസലരും സെക്രട്ടറിയുമായും മോൺസിഞ്ഞോർ സേവനമനുഷ്ഠിച്ചിട്ടുണ്ടു്. അതിരൂപതയിലെ വൈദികരെ ഉന്നതവിദ്യാഭ്യാസത്തിനയക്കുന്നതിനു് ഈ വന്ദ്യവൈദികൻെറ നേതൃത്വത്തിൽ ഒരു ഫണ്ടു് രൂപവൽക്കരിക്കയും അതിൻെറ പ്രവർത്തനം വിജയപ്രദമായിത്തീരുകയും ചെയ്തിട്ടുണ്ടെന്നുള്ള സംഗതി പ്രത്യേകം പ്രസ്താവ്യമാണു്.

---

## പുസ്തകാഭിപ്രായം

### കാർമ്മൽ

ജൂബിലി വിശേഷാൽപ്രതി

(സെൻറ് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം. പേജ് 72)

വിദേശീയരായ കർമ്മലീത്താ വൈദികർ കേരളത്തിൽ പ്രവർത്തനം തുടങ്ങിയിട്ടു് മൂന്നു നൂററാണ്ടുകളായെങ്കിലും കർമ്മലീത്താ ഒന്നാംസഭയുടെ കവാടങ്ങൾ നാട്ടുകാർക്കു തുറന്നുകൊടുത്തിട്ടു് വർഷങ്ങൾ 25 മാത്രമേ ആയുള്ളു. ആ സംഭവത്തിൻെറ ജൂബിലിപ്രമാണിച്ചു് "കാർമ്മൽ" ത്രൈമാസികത്തിൻെറ ഒരു വിശേഷാൽപ്രതി പ്രസിദ്ധപ്പെടുത്താൻ തീരുമാനിച്ചതു് ഉചിതമായി. സാഹിത്യതിലകൻ, ഫാദർ ആക്കാഞ്ചെൽ, ശ്രീ വി. സി. ജോർജ്ജ്, ശ്രീ ഇ. ജെ. ആൻറണി, ഷെവലിയർ തളിയത്തു്, ഫാദർ സക്കറിയാസ്, ഫാദർ കോൺസ്റ്റൻറൻ തുടങ്ങി പ്രമുഖരായ പല വ്യക്തികളുടേയും ഇംഗ്ലീഷ്-മലയാളലേഖനങ്ങൾ ഇതിലുണ്ടു്. ചരിത്രദൃഷ്ട്യാ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ഗ്രന്ഥമാണിതു്. കേരളീയകത്തോലിക്കർക്കു് കർമ്മലീത്താമിഷനറിമാരോടുള്ള കടപ്പാടു് നിസ്സീമമാണു്. അവരുടെ ഇതഃപര്യന്തമുള്ള സേവനചരിത്രം ഗ്രഹിക്കുന്നതിനു ഈ ഗ്രന്ഥം അത്യന്തം ഉപകരിക്കും. ആകയാൽ ചരിത്രപഠിതാക്കളെല്ലാം ഇതിൻെറ ഒരു പ്രതി വാങ്ങി സൂക്ഷിക്കുന്നതു നല്ലതാണു്. "കാർമ്മെചി"നും കർമ്മലീത്താസഭയ്ക്കും സകല വിജയവുമാശംസിക്കുന്നു.

### സ്വാതന്ത്ര്യത്തിലേക്ക്

(പരിഭാഷകൻ കുരിയാക്കോസ് ഏണേക്കാടൻ ബി. എ. എസ്. എച്ച്. ലീഗ്, ആലുവാ. പേജ് 261. വില രൂ 1—10—0)

ബിഷപ്പ് ഫുൾട്ടൺ ജെ. ഷീൻ രചിച്ചിട്ടുള്ള Freedom Under God എന്ന പ്രസിദ്ധഗ്രന്ഥത്തിൻെറ വിവർത്തനമാണിതു്. ഇതിൻെറ ഒന്നാംപതിപ്പു് ഞങ്ങൾ യഥാകാലം സത്യദീപത്തിൽ നിരൂപണംചെയ്തിരുന്നതാണു്. ഇതിനു ചുരുങ്ങിയ കാലത്തിനുള്ളിൽ ഒരു രണ്ടാംപതിപ്പുകൂടി വേണ്ടിവന്നതു മൂലഗ്രന്ഥകാരൻെറ ആശയങ്ങളോടു കേരളീയർക്കുള്ള മതിപ്പും വിവർത്തകൻെറ ഭാഷാശൈലികളുടെ ഭംഗിയും നിമിത്തമാണെന്നു ഞങ്ങളൂഹിക്കുന്നു. ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കുന്നു.

---

ചുള്ളിക്കൽ പള്ളിയിൽ വി. ഫിലോമിനായുടെ സഹായത്താൽ പല അപകടങ്ങളിൽനിന്നു രക്ഷപ്രാപിച്ചതിനു ഉപകാരസ്മരണ.

കെ. ജെ. റീത്ത
കാട്ടുമന, വൈക്കം

# ബോധപൂർവ്വം തടയുക

(പ്രൊഫ. മാൻവെട്ടം ബി. എ., ബി. എൽ.)

ആത്മീയവും അനാത്മീയവുമായ രണ്ടു വിരുദ്ധശക്തികളുടെ ഒരു സമരരംഗമായിത്തീർന്നിരിക്കയാണു മനുഷ്യൻ. ഒന്നു പ്രകാശത്തിലേക്കും മറേറതു തമസ്സിലേക്കും അവനെ വലിച്ചിഴച്ചുകൊണ്ടുപോകുന്നു. വ്യക്തികളിൽ ദൃശ്യമാകുന്ന ഈ വിരുദ്ധശക്തി സംഘട്ടനത്തിന്റെ അലയടി ഇന്നത്തെ സമുദായ, രാഷ്ട്രീയാന്തരീക്ഷത്തിൽ ഉടനീളം ഒരു കോളിളക്കമുണ്ടാക്കിയിട്ടുണ്ട്.



ഒരുവശത്തു സാന്മാർഗ്ഗികമൂല്യങ്ങളെ കടപുഴക്കിയെറിയാനുള്ള ഭൗതികവാദികളുടെ ചീറിപ്പാച്ചിൽ. മറുവശത്തു നൂററാണ്ടുകളായി മനുഷ്യസമുദായം പാവനമായി കരുതിപ്പോരുന്ന സകലതിനെയും ഉലച്ചിൽ തട്ടാതെ കാത്തുസൂക്ഷിക്കാൻ സദാചാരപ്രേമികൾ നടത്തുന്ന അക്ഷീണശ്രമം. അതിരൂക്ഷമായിത്തീർന്നിട്ടുള്ള ഈ വടംവലിയുടെ അനന്തരഫലം എന്തായിരിക്കുമെന്ന കാര്യത്തിലാണ് പലരും ഉൽക്കണ്ഠ പ്രദർശിപ്പിക്കുന്നതു്.

ഒന്നു തീർച്ച. മാനസികവിപ്ലവത്തെക്കാൾ കരുത്തേറിയതാണ് ആദർശവിപ്ലവം. വിരുദ്ധാദർശങ്ങൾ തമ്മിലുള്ള ശണ്ഠ മൂത്തുമൂത്തു് സായുധവിപ്ലവത്തിൽ കലാശിച്ചേക്കാനും ഇടയുണ്ട്. ചരിത്രം അതിനു മതിയായ തെളിവുകളും നൽകുന്നു. സായുധവിപ്ലവത്തിന്റെ പ്രത്യാഘാതം എത്ര ഭയാനകമായിരിക്കുമെന്നു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. തലമുറകളായി മനുഷ്യസമുദായം നേടിവച്ചിരിക്കുന്ന സകലതിനെയും നശിപ്പിക്കാൻ അതു പര്യാപ്തമായേക്കാം. അതിനിടനൽകാതിരിക്കണമെങ്കിൽ ഒരുന്നതസാന്മാർഗ്ഗിക - ധാർമ്മിക നിലവാരം മനുഷ്യനിൽ ഉണ്ടായേതീരൂ.

പരിതസ്ഥിതികളെപ്പററി കണ്ണടച്ചിരിക്കാൻ കഴിയാത്ത ഒരു കാലഘട്ടത്തിലാണു നാം ജീവിക്കുന്നതു്. പക്ഷേ കത്തോലിക്കർ ഇന്നും ഉറക്കത്തിലാണ്. ശത്രുപക്ഷത്തിൽ നിന്നും സമരാഹ്വാനത്തിന്റെ അലയടി സർവ്വത്ര മുഴങ്ങുമ്പോഴും അവർ പൗരാണികത്വത്തിലും ആഭിജാത്യത്തിലും അള്ളിപ്പിടിച്ചു കിടക്കയാണ്. കുറേ പണക്കാരും നമ്മുടെയിടയിലുണ്ട്. സുഖത്തിന്റെ മദിരാസ്വാദനത്താൽ അവരും അർദ്ധബോധാവസ്ഥയിൽ അലസരായി കഴിഞ്ഞുകൂടുകയാണ്. തമ്മിൽതല്ലിയും, മത്സരിച്ചും, അഹങ്കരിച്ചും, ദുർവാശിനടത്തിയും കൈക്കരുത്തും പണക്കരുത്തും പ്രദർശിപ്പിക്കണമെന്നല്ലാതെ പൊതുശത്രുവിനെ എങ്ങനെ നേരിടണമെന്നുള്ളതിനെപ്പററി ചിന്തിക്കുവാൻപോലും അവർക്കു സമയമില്ലത്രെ. ഇതിന്റെ തിരിച്ചടി അനുഭവിക്കാതെ അടങ്ങുകയില്ലെന്നാണു ഭാവമെങ്കിൽ, അവരുടെയും പൊതുവിൽ സമുദായത്തിന്റെതന്നെയും ദുർവിധിയെപ്പററി പരിതപിക്കയല്ലാതെ നിവൃത്തിയില്ല.

ആരെയും പെട്ടെന്നാകർഷിക്കുന്ന ഒരു തത്വസംഹിതയേയും സുശക്തമായ ഒരു പ്രചരണാവകുപ്പിനേയും അതിനെക്കാൾ കരുത്തേറിയ ഒരു പ്രവർത്തകസംഘത്തേയും എങ്ങനെ നേരിടാമെന്നുള്ളതിലാണ് നമ്മുടെ മുഴുവൻ അസ്തിത്വത്തിന്റെയും നിലനില്പ്. ഈശ്വരനും മതവുമില്ലാത്തവർക്ക് ഏതു പ്രചരണോപാധിയും സ്വീകരിക്കാൻ സാധിക്കും. അതിൻ പരിമിതികളില്ല. മനുഷ്യന്റെ ബലഹീനതയെ മനഃശാസ്ത്രപരമായി ചൂഷണംചെയ്തു മുതലെടുക്കാൻ അവർക്കുള്ളത്ര സാമർത്ഥ്യം മററാരിലും ദൃശ്യമാകുന്നില്ല. ആ പരമാർത്ഥം മറച്ചുവച്ചിട്ടെന്തുപ്രയോജനം? അതങ്ങു സമ്മതിച്ചേക്കു. എങ്കിൽ മലവെള്ളപ്പാച്ചിൽപോലെ എതിർപക്ഷത്തുനിന്നനുസ്യൂതം ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രചരണപ്രവാഹത്തെ എങ്ങനെ നിരോധിക്കാം? അഥവാ എങ്ങനെ നേരിടാം? ഇതാണിന്നത്തെ അടിയന്തിരപ്രശ്നം. ഇവിടേക്കാണു നമ്മുടെ ശ്രദ്ധ പതിയേണ്ടതു്.

ക്രൈസ്തവ സംഘടനകളിലും സ്ഥാപനങ്ങളിലും നുഴഞ്ഞുകയറുക, ക്രിസ്തുമതത്തെപ്പററി അഭിമാനം നടിച്ചും കമ്മ്യൂണിസ്റ്റുകാരെ പല കാര്യങ്ങളിൽ എതിർത്തും അതേസമയം ചില മതതത്വങ്ങളെ വിമർശിച്ചും നിഷേധിച്ചും എഴുതുകയും പ്രസംഗിക്കയും ചെയ്യുക, അതിനുവേണ്ടി ഏജൻറന്മാരെ നിയമിക്കുക, ഇന്നത്തെ സാമ്പത്തികക്ലേശങ്ങളുടെ നഗ്നരൂപം വെളിപ്പെടുത്തിക്കൊണ്ടു് യുവജനങ്ങളിൽ അറപ്പും വെറുപ്പും സംജാതമാക്കി ഒരിടതുപക്ഷചേരിക്കു കളമൊരുക്കുക; ഒടുവിൽ തക്കസമയത്തു ഒരു നല്ലവിഭാഗം അംഗങ്ങളോടുകൂടി പുറത്തുചാടുക ഏതാണ്ടിമ്മാതിരി കാര്യങ്ങൾ ഉള്ളടക്കിക്കൊണ്ടു് കമ്മ്യൂണിസ്റ്റുകാർ ക്രൈസ്തവർക്കുവേണ്ടി ചില പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളതായറിയുന്നു. വേണ്ടത്ര പണംകൊടുത്തും പ്രോത്സാഹിപ്പിച്ചുംനടത്തപ്പെടുന്ന ഈദൃശപ്രചരണവേലകൾക്കു് കുറെയെല്ലാം വിജയം സിദ്ധിക്കുമെന്ന പരമാർത്ഥം മതാഭിമാനികളുടെ കണ്ണു തുറപ്പിക്കേണ്ടതാണ്.

കമ്മ്യൂണിസ്റ്റുപാർട്ടി ഇൻഡ്യയിൽ എത്രമാത്രം ശക്തി പ്രാപിച്ചിട്ടുണ്ടെന്നു അവരുടെ പ്രചരണവേല സൂക്ഷിച്ചാൽ മനസ്സിലാക്കാവുന്നതാണ്. ഇന്നവർ നടത്തുന്ന പ്രസിദ്ധീകരണങ്ങളുടെ ശരിയായ കണക്കു ലഭിച്ചിട്ടില്ലാത്തതിനാൽ കുറെക്കൊല്ലങ്ങൾക്കുമുമ്പ് അവരുടെ പ്രചരണനിലയെങ്ങനെയിരുന്നുവെന്നു ഒന്നു പരിശോധിക്കാം. ഇൻഡ്യയിൽ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നാവായ "പീപ്പിൾസ് വാറി"ന് 1944-ൽ 33000 വരിക്കാരും, കമ്മ്യൂണിസ്റ്റുവിദ്യാർത്ഥിഫെഡറേഷന്റെ "സ്റ്റുഡൻറി"ന് 1945-ൽ 85000 വരിക്കാരും ഉണ്ടായിരുന്നു. കൂടാതെ "പീപ്പിൾസ് ഏജ്" "ഇൻഡിപെൻഡൻറ് ഇൻഡ്യ," "പീപ്പിൾസ് ഫ്രണ്ട്" * തുടങ്ങിയ കമ്മ്യൂണിസ്റ്റു പത്രങ്ങൾക്കും ശക്തിയായ പ്രചരണം സിദ്ധിച്ചിരുന്നു. എട്ടൊൻപതുകൊല്ലം മുമ്പുണ്ടായിരുന്ന പ്രചരണനില ഇതായിരുന്നുവെങ്കിൽ ഇന്നതെത്ര മടങ്ങു വർദ്ധിച്ചിരിക്കണം? ഈ കേരളത്തിൽത്തന്നെ ഇപ്പോൾ പ്രതിദിനം 14000 കമ്മ്യൂണിസ്റ്റു സാഹിത്യപ്രതികളാണ് ചിലവായിക്കൊണ്ടിരിക്കുന്നതു്. റഷ്യയിലെ പ്രചരണ വ്യവസായം വളർന്ന് ഇന്നു 70 ഭാഷകളിൽ 4കോടി വരിക്കാരുള്ള 9000-ത്തിലധികം പത്രങ്ങൾവരെയായിരിക്കുന്നു.

ഇത്ര സുശക്തമായ ഒരു പ്രചരണസംഘത്തെ ചെറുക്കുവാൻ ക്രൈസ്തവരുടെ സംഘാതമായ പ്രചരണത്തിനുമാത്രമേ സാദ്ധ്യമാകൂ. വാസ്തവം പറഞ്ഞാൽ പ്രചരണവിഷയത്തിൽ നമ്മൾ കമ്മ്യൂണിസ്റ്റുകാരെ കണ്ടുപഠിക്കേണ്ടിയിരിക്കുന്നു. അവർക്കുള്ളത്ര ഐക്യവും, ആത്മാർത്ഥതയും, തീക്ഷ്ണതയും നമുക്കുണ്ടായിരുന്നെങ്കിൽ! ഈ നാട്ടിൽ കത്തോലിക്കർക്കു അച്ചുക്കൂടങ്ങളുണ്ട്, പത്രങ്ങളുണ്ട്, പുസ്തകവില്പനശാലകളുണ്ട്, ആളും അർത്ഥവുമുണ്ട്. നമുക്കുള്ളതിന്റെ പത്തിലൊന്നു സൗകര്യംപോലും അവർക്കില്ല. പിന്നെന്തുകൊണ്ടു നമ്മൾ പിന്തള്ളപ്പെട്ടു? അതിനു കാരണങ്ങൾ പലതുണ്ട്.

1) നമ്മുടെ പ്രസ്സുകളും പ്രസിദ്ധീകരണശാലകളും അതാതിന്റെ വ്യക്തിത്വം പുലർത്താനും ആദായമുണ്ടാക്കാനുമല്ലാതെ ഒരു പൊതുലക്ഷ്യത്തെ ഉന്നംവയ്ക്കുന്നില്ല.

2) സാധാരണക്കാരനുപോലും വാങ്ങാൻ നിവൃത്തിയില്ലാത്ത വിധത്തിൽ നമ്മുടെ പ്രസിദ്ധീകരണങ്ങൾക്കുള്ള വിലക്കൂടുതൽ.

3) സഭയുടെ ആദർശങ്ങൾക്കും തത്വങ്ങൾക്കും അനുസൃതമായി സാമ്പത്തികസാമൂഹ്യപ്രശ്നങ്ങൾക്കു പരിഹാരം നിർദ്ദേശിക്കുന്നതും, അവ ആർക്കും മനസ്സിലാകത്തക്കവിധം ലളിതമായ ഭാഷയിൽ പ്രതിപാദിക്കുന്നതുമായ ലഘുഗ്രന്ഥങ്ങളുടെ വിരളത.

4) മനുഷ്യഹൃദയത്തേയും ബുദ്ധിയേയും മനഃശാസ്ത്രപരമായി വശീകരിച്ചു്, സന്മാർഗ്ഗത്തിലേക്കു തിരിച്ചുവിടാനുള്ള നമ്മുടെ അപ്രാപ്തിയും അതിനുപററിയ ഗ്രന്ഥങ്ങളുടെ അഭാവവും.

5) സാഹിത്യകാരന്മാർക്കും എഴുത്തുകാർക്കും പ്രവർത്തനസന്നദ്ധരായ യുവാക്കൾക്കും വേണ്ടത്ര പ്രോത്സാഹനം നൽകുന്നതിനുള്ള വൈമുഖ്യവും നേതൃത്വത്തിനുവേണ്ടിയുള്ള വടംവലിയും.

6) ഒരു കേന്ദ്രപ്രസിദ്ധീകരണശാലയുടെയും ഒരു കേന്ദ്രപുസ്തകവില്പനശാലയുടെയും അഭാവം.

അങ്ങനെ പോകുന്നു, പ്രചരണരംഗത്തു നമുക്കുണ്ടായിട്ടുള്ള പരാജയങ്ങളുടെയും പോരായ്മകളുടെയും നീണ്ടപട്ടിക. ഈ ലിസ്റ്റ് ഇതുകൊണ്ടവസാനിച്ചിട്ടില്ല. ഏതാനും പോയിൻറുകൾ സംക്ഷിപ്തമായി ചൂണ്ടിക്കാണിച്ചെന്നുമാത്രം. പക്ഷേ, ഇതെപ്പററി ബോധപൂർവ്വം ചിന്തിച്ച് അതിനു മറുമരുന്നു കണ്ടുപിടിക്കാൻ ശ്രമിച്ചില്ലെങ്കിൽ പട്ടിക ചൂണ്ടിക്കാട്ടിയതുകൊണ്ടെന്തു പ്രയോജനം? വെറും കടലാസുപ്രചരണംകൊണ്ടോ, സാധാരണക്കാർക്കു മനസ്സിലാകാത്ത ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള കുറേ പ്രസിദ്ധീകരണങ്ങൾ ഇറക്കുമതിചെയ്തു് പ്രചരിപ്പിച്ചതുകൊണ്ടോ, ഇവിടത്തെ നിരീശ്വരഭൗതികവാദികളുടെ പിടിയിൽനിന്നു ജനസാമാന്യത്തെ വിമോചിപ്പിക്കാമെന്നു് ആരെങ്കിലും വ്യാമോഹിക്കുന്നുണ്ടെങ്കിൽ അവർ ഈ നൂററാണ്ടിനു പററിയവരല്ലെന്നേ തല്ക്കാലം പറയുന്നുള്ളൂ. അതിനാൽ നമ്മുടെ സമുദായത്തിലെ നേതാക്കന്മാരുടെയും പ്രമാണികളുടെയും ശ്രദ്ധ മറുവഴിക്കൊന്നു തിരിഞ്ഞാൽ കൊള്ളാം. അവർ കഴിവതും വേഗം ചെയ്തുതീർക്കേണ്ട ചില അടിയന്തിരകാര്യങ്ങൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

1) ഇന്നു നിലവിലിരിക്കുന്ന സാമൂഹ്യവ്യവസ്ഥിതിയിലെ കുഴപ്പങ്ങൾ പരിഹരിച്ചു്, നീതിപൂർവ്വമായ ഒരു വ്യവസ്ഥിതിക്കുവേണ്ട വ്യക്തമായ ഒരു പരിപാടി തയ്യാറാക്കുകയും സ്വീകാര്യമായ മാർഗ്ഗങ്ങളിൽക്കൂടി അതു പ്രാവർത്തികമാക്കുകയും ചെയ്യുക.

2) സാമൂഹ്യപ്രശ്നങ്ങളെ കൈകാര്യം ചെയ്യുവാനും മുഴുവൻ സമയവും സാമൂഹ്യരംഗത്തു പ്രവർത്തിക്കാനും സന്നദ്ധതയുള്ള യുവജനങ്ങളെ, സുശിക്ഷിതമായ പരിശീലനത്തിനുശേഷം, അതാതുമണ്ഡലങ്ങളിൽ പ്രവർത്തനത്തിനായി നിയോഗിക്കുക. അവർക്കുവേണ്ട സാമ്പത്തികസഹായം നൽകുക.

3) മതപരവും സാമ്പത്തികവും രാഷ്ട്രീയവുമായ വിഷയങ്ങളിൽ പൊതുജനങ്ങൾക്കു വേണ്ടത്ര ജ്ഞാനം ഉണ്ടാക്കിക്കൊടുക്കുന്നതിനു് ആവശ്യമായ ലഘുഗ്രന്ഥങ്ങളും, മററു പ്രസിദ്ധീകരണങ്ങളും സൗജന്യമായോ കുറഞ്ഞവിലയ്ക്കോ വിതരണം ചെയ്യുക. അതിനുവേണ്ടിമാത്രം ഒരച്ചുക്കൂടവും ഒരു പ്രസിദ്ധീകരണശാലയും സ്ഥാപിക്കുക.

4) പഠനക്കളരികൾ, ഗ്രീഷ്മകാലവിദ്യാലയങ്ങൾ, പൊതുയോഗങ്ങൾ, കലാപരിപാടികൾ മുതലായവ നടത്തി ഇന്നത്തെ പ്രശ്നങ്ങളുടെ നാനാവശങ്ങളെപ്പററി ജനങ്ങളെ മനസ്സിലാക്കിക്കൊടുക്കുകയും, ജനഹൃദയങ്ങളെ വശീകരിക്കുകയും ചെയ്യുക.

5) അന്നന്നു പുറത്താകുന്ന പുസ്തകങ്ങൾ യഥാവസരം, ക്രൈസ്തവഭവനങ്ങളിലും, സൗകര്യംപോലെ മററു മതസ്ഥരുടെയിടയിലും എത്തിച്ചുകൊടുക്കുന്നതിനു് സമർത്ഥമായ പ്രചരണസംഘങ്ങളും വില്പനക്കാരുമടങ്ങിയ ഒരു കേന്ദ്ര ക്രൈസ്തവപ്രസിദ്ധീകരണവകുപ്പും, ഒരു കേന്ദ്രപുസ്തകവില്പനശാലയും സ്ഥാപിക്കുക. ഓരോ ഇടവകയിലും അതിന്റെ ശാഖകൾ ഉണ്ടായിരിക്കുക. പ്രവർത്തകന്മാർക്കു മതിയായ വേതനം നൽകുക.

6) വാസനയും കഴിവുമുള്ള സാഹിത്യകാരന്മാരെയും, കലാകാരന്മാരെയും, കലാപ്രേമികളെയും വിളിച്ചുകൂട്ടി, അവരുടെ കഴിവുകൾ പരമാവധി വികസിപ്പിക്കുന്നതിനും, അതു നല്ല മാർഗ്ഗത്തിലേക്കു തിരിച്ചുവിടുന്നതിനും പര്യാപ്തമാകത്തക്കവിധത്തിൽ സാഹിത്യസമിതികളും കലാസമിതികളും രൂപീകരിക്കുക. അവർക്കുവേണ്ട ധനസഹായവും പ്രോത്സാഹനവും നൽകുക.

7) പ്രസ്തുത പരിപാടികൾ നടപ്പാക്കാൻവേണ്ട ധനശേഖരം ഉണ്ടായിരിക്കുക.

എങ്കിൽ അടിക്കടി വർദ്ധിച്ചുവരുന്ന എതിർപ്രചരണങ്ങളുടെ വേലിയേററത്തെ ചിറകെട്ടിത്തടുക്കുവാൻ ഇമ്മാതിരി പരിപാടികൾ സഹായകങ്ങളായി ഭവിക്കും. അതായിരിക്കട്ടെ നമ്മുടെ ചിന്താവിഷയം. അതിനുവേണ്ടിയായിരിക്കട്ടെ നമ്മുടെ പ്രയത്നം.

* ഇവയെല്ലാം കമ്മ്യൂണിസ്റ്റു പത്രങ്ങളാകയാൽ ഇവ വായിച്ചുകൂടെന്ന സംഗതി അനുസ്മരിപ്പിക്കുവാനാണ് ഈ പേരുകൾ പ്രസിദ്ധപ്പെടുത്തുന്നതു്.

(പത്രാധിപർ)

---

## അമ്പതുകൊല്ലത്തെ തടവുശിക്ഷ

ഇക്കഴിഞ്ഞ ക്രിസ്തുമസ്സിനു സ്പെയിനിൽ മൻറേസാ ആസ്പത്രിയിൽവച്ചു 17 വയസ്സുള്ള ജോസെഫീനാ എന്നു പേരുള്ള ഒരു സുകൃതബാലിക ചരമമടഞ്ഞു. സ്പെയിനിലെ മരിയ ഗൊരേത്തി എന്നാണവൾ അറിയപ്പെടുന്നതു്. അവൾ പറമ്പിൽ വേലചെയ്തു നില്ക്കയിൽ അവളെ മാനഭംഗം ചെയ്യുന്നതിനായി ഒരു ചെറുപ്പക്കാരൻ അടുത്തുകൂടി. കന്യാത്വസംരക്ഷണത്തിനായി ജോസെഫീനാ ധീരതയോടെ എതിർത്തുനിന്നു. അക്ഷമനായിത്തീർന്ന ആ ദുർമ്മദൻ ഒരു കത്തികൊണ്ടു അവളെ ഭയങ്കരമായി കുത്തി മുറിവേല്പിച്ചു. മൻറേസാ ആസ്പത്രിയിൽ കൊണ്ടുചെന്നു വേണ്ട പ്രതിവിധികളെല്ലാം ചെയ്തെങ്കിലും അവൾ അചിരേണ മരണം പ്രാപിക്കയാണു ചെയ്തതു്. അന്ത്യശ്വാസം വിടുന്നതിനു മുമ്പ് അവൾ തന്റെ ഘാതകനോടു പൂർണ്ണമായി ക്ഷമിച്ചിരിക്കുന്നതായി പ്രസ്താവിക്കയുണ്ടായി. ബർസെലോണാ കോടതിയിൽ കേസെടുത്തു് വിസ്തരിച്ച് കൊലപാതകനു 50 കൊല്ലത്തെ തടവുശിക്ഷ വിധിച്ചിരിക്കുന്നു.

---

കത്തോലിക്കാ

സഭാസ്നേഹികളോട്

## ഒരഭ്യർത്ഥന

ഞാൻ ഓർത്തോഡോക്സ് സഭയിൽപ്പെട്ട ഒരദ്ധ്യാപകനാണ്. അഞ്ചുവർഷം മുമ്പ് ഞാൻ കൊണ്ടൂർ സ്കൂളിൽ (ഭരണങ്ങാനത്തിനു കിഴക്ക്) ജോലിനോക്കുമ്പോൾ സത്യദീപം എന്ന കത്തോലിക്കാ പത്രം കാണുന്നതിനിടയായി. അതു് തുടരെ വായിക്കുന്നതിനു് എനിക്കു് സന്തോഷംതോന്നി. ഞാൻ സത്യദീപം മാനേജർ അവർകൾക്കു് എഴുതുകയും ഔദാര്യനിധികളായ പത്രപ്രവർത്തകർ അതിന്റെ ഒരു പ്രതി എനിക്കു് സൗജന്യമായി അയച്ചുതരികയും ചെയ്തു. ഞാൻ തുടരെ വായിച്ചു. അതിലെ ഓരോ വിഷയങ്ങളും എന്നെ ഹഠാദാകർഷിച്ചു. അതുമൂലം കത്തോലിക്കാ സഭയെക്കുറിച്ചു് അറിയണമെന്നുള്ള ആഗ്രഹം എനിക്കുണ്ടായി. എനിക്കു് ഭരണങ്ങാനം ഇടവകയിൽപ്പെട്ട കൊച്ചുപ്ലാക്കൽ ദേവസ്യാ ഉലഹന്നാൻ എന്ന സൽഗുണസമ്പന്നനായ ഒരു കത്തോലിക്കാ പൗരന്റെ വസതിയിൽ ഒരുകൊല്ലത്തേക്കു് താമസസൗകര്യം ലഭിച്ചു. അതിനുശേഷം എനിക്കു് സ്വദേശത്തേക്കു് സ്ഥലംമാററം ലഭിച്ചതിനാൽ ഇവിടെ എത്തിച്ചേർന്നു. എന്റെ ആത്മാവിൽ സത്യദീപം കൊളുത്തുന്നതിനായി "സത്യദീപവും" എന്റെ പിന്നാലെ സ്വദേശത്തു് വന്നെത്തി. ഞാൻ സത്യദീപത്തെ യഥോചിതം സ്വാഗതംചെയ്തു. ഇപ്പോൾ ഞാൻ ഒരു സത്യസന്ധാന്വേഷണത്തിനു് പുറപ്പെട്ടിരിക്കുകയാണ്. എനിക്കു് വേദശാസ്ത്രം, സഭാചരിത്രം, മതതത്വങ്ങൾ മുതലായ വിഷയങ്ങളെക്കുറിച്ചുള്ള അറിവു് ഏററം പരിമിതമാണ്. ആ വിഷയങ്ങളെക്കുറിച്ചു് എന്റെ അറിവു് വർദ്ധിപ്പിച്ചു് എന്നെ സത്യവിശ്വാസിയാക്കുന്നതിനു് ഉതകുന്ന പുസ്തകങ്ങൾ (മലയാളം & ഇംഗ്ലീഷ്) ഉള്ളവർ ഓരോ പ്രതി എന്റെപേർക്കു് സൗജന്യമായി അയച്ചുതന്നു് എന്നെ സഹായിക്കണമെന്നപേക്ഷ. പുസ്തകം തിരിച്ചുവേണമെന്നുള്ളവർ വിവരം അറിയിച്ചാൽ തിരിച്ചയച്ചുതരാം. ഇതു് കത്തോലിക്കാസഭയിലെ എല്ലാ മഹാന്മാരോടും, സംഘടനകളോടും ഉള്ള ഒരു അപേക്ഷയായി കരുതണമെന്നു് സദയം അഭ്യർത്ഥിക്കുന്നു.

മേൽവിലാസം

എം. ചാക്കോ മാസ്റ്റർ

കൈതവനവീട്ടു്

ളാക്കൂർ, കോന്നി P.O.

വേദശാസ്ത്രപംക്തി

# തിരുപ്പട്ടം

## സ്ഥാനാർത്ഥി

പട്ടം സാധുവായി സ്വീകരിക്കുന്നതിനു സ്ഥാനാർത്ഥി ഒരു പുരുഷനായിരിക്കണം, ജ്ഞാനസ്നാനം സ്വീകരിച്ചിരിക്കണം എന്ന കാതലായ രണ്ടു വ്യവസ്ഥകൾ ഉണ്ടു്.

നാലഞ്ചുകൊല്ലങ്ങൾക്കുമുമ്പു് ആംസ്റ്റർഡാമിൽ കൂടിയ അകത്തോലിക്കാക്രിസ്ത്യാനികളുടെ മഹാസമ്മേളനത്തിലാണെന്നു തോന്നുന്നു, സ്ത്രീകൾക്കുകൂടി പട്ടം കൊടുക്കണമെന്നു് ഒരു പ്രമേയം പാസാക്കുകയുണ്ടായി. ചുരുക്കം ചില പ്രോട്ടസ്റ്റൻറു സഭാവിഭാഗങ്ങളിൽ അപ്രകാരം പട്ടം കൊടുത്തുതുടങ്ങിയെന്നും വായിച്ചതായി ഓർക്കുന്നു. അതെങ്ങനെയെങ്കിലുമിരിക്കട്ടെ. സ്ത്രീകൾക്കു പട്ടം സ്വീകരിക്കുന്നതിനു കഴിവില്ലെന്നാണു് കത്തോലിക്കാസഭയുടെ സിദ്ധാന്തം. ഈ വിഷയത്തിൽ കത്തോലിക്കരും മററു പല ക്രൈസ്തവസഭക്കാരും ഏകാഭിപ്രായക്കാരാണു്. ഭിന്നാഭിപ്രായം ആദിമശതകങ്ങളിൽപ്പോലും ചില ഇടത്തൂട്ടുകാരുടെ ഇടയിൽ പൊന്തിവന്നിട്ടുണ്ടെങ്കിലും ക്രൈസ്തവസഭ പൊതുവിൽ അതു സ്വീകരിക്കുകയുണ്ടായിട്ടില്ല.

സ്ത്രീകൾ ബലിപീഠത്തിൽ ശുശ്രൂഷചെയ്യുകയെന്നതു യഹൂദാചാരത്തിനു് എതിരായിരുന്നതുപോലെതന്നെ ക്രൈസ്തവാചാരത്തിനും എതിരായി ആദിമകാലംമുതൽ പരിഗണിക്കപ്പെട്ടുവന്നു. ക്രിസ്തു പുരുഷന്മാരെമാത്രമാണു് ശ്ലീഹന്മാരായി തിരഞ്ഞെടുത്തതു്. ശ്ലീഹന്മാരും പുരുഷന്മാരെമാത്രമേ തങ്ങളുടെ പിൻഗാമികളായി തിരഞ്ഞെടുത്തുള്ളു. വി. പൗലോസ് ദേവാലയശുശ്രൂഷയിൽനിന്നു സ്ത്രീകളെ സ്പഷ്ടമായി ഒഴിവാക്കിട്ടുണ്ടു്: "നിങ്ങളുടെ സ്ത്രീകൾ സഭയിൽ മിണ്ടാതിരിക്കട്ടെ. നിയമംതന്നെയും പറഞ്ഞിരിക്കുന്നതുപോലെ കീഴ്പ്പെട്ടിരിക്കുവാനല്ലാതെ സംസാരിക്കുവാൻ അവക്കു് അനുവാദമില്ലല്ലോ...... സ്ത്രീകൾ സഭയിൽ സംസാരിക്കുന്നതു ലജ്ജാവഹമാകുന്നു" (1 കൊറി. 14: 34). "സ്ത്രീ മൗനത്തിൽ മുഴുവനായ അനുസരണത്തോടുകൂടി പഠിക്കട്ടെ. പഠിപ്പിക്കുവാനോ പുരുഷനു് എതിരായി ഉന്നിയുവാനോ സ്ത്രീയെ ഞാൻ അനുവദിക്കുന്നില്ല" (1 തിമൊ. 2: 11—12). ദേവാലയത്തിൽ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുകയെന്നതു പുരോഹിതൻെറ പ്രധാനപ്പെട്ട ഒരു കത്തവ്യമാണു്. അതിനു സ്ത്രീക്കു് അനുവാദമില്ല എന്ന ഏകകാരണത്താൽ, പുരോഹിതവൃത്തി അവളുടെ പരിധിയിൽ പെടുന്നതല്ല എന്നനുമാനിക്കാം. ഈ തത്വത്തെ സഭ അഭംഗം പാലിച്ചുവന്നിട്ടുണ്ടു്. പൗരോഹിത്യത്തിൻെറ ഉന്നതപദവിക്കു് അർഹയായി ഏതെങ്കിലുമൊരു സ്ത്രീരത്നമുണ്ടായിട്ടുണ്ടെങ്കിൽ അതു തീർച്ചയായും പരിശുദ്ധ കന്യകാമറിയമാണു്. എന്നാൽ പരിശുദ്ധ മറിയത്തിനുപോലും പുരോഹിതപദവി ഇല്ലായിരുന്നു. മൊണ്ടാനിസ്റ്റുകാർ തുടങ്ങിയ ചില ഇടത്തൂട്ടുകാരുടെ ഇടയിൽ ഉണ്ടായിരുന്ന പുരോഹിതകൾ വാസ്തവത്തിൽ ബഹുജനങ്ങളുടെ അവജ്ഞാപാത്രങ്ങളായിരുന്നുവെന്നു ചരിത്രം സാക്ഷിക്കുന്നു.

അപ്പസ്തോലികകാലംമുതൽ ചില വനിതാശുശ്രൂഷകർ (Dioconesses) ഉണ്ടായിരുന്നുവെന്നതു വാസ്തവം. സ്ത്രീകളുടെ ഇടയിൽ ക്രമം പാലിക്കുക, ദേവാലയവാതിൽക്കൽ കാവൽനില്ക്കുക, പരോപകാരപ്രവൃത്തികൾ ചെയ്യുക, സ്ത്രീകളെ രഹസ്യമായി മതകാര്യങ്ങൾ പഠിപ്പിക്കുക, ജ്ഞാനസ്നാനാവസരത്തിൽ സ്ത്രീകൾക്കുവേണ്ട പരിചരണം നൽകുക തുടങ്ങിയവയായിരുന്നു അവരുടെ ചുമതലകൾ. അവക്കൊരു പ്രത്യേകാശീർവ്വാദം ഔദ്യോഗികമായി നൽകിവന്നെങ്കിലും അതൊരു പട്ടമായിരുന്നില്ല. 8-ാം നൂററാണ്ടിൽ ഇത്തരം വനിതാശുശ്രൂഷകരുടെ ഉദ്യോഗംതന്നെ മുഴുവനായി നിത്തലാക്കപ്പെട്ടു.

സ്ത്രീകൾ പുരോഹിതപദവി സ്വീകരിക്കുവാൻ അർഹരല്ലെന്നു വി. എപ്പിഫാനിയൂസ് എന്ന സഭാപിതാവു് സ്പഷ്ടമായി പഠിപ്പിക്കുന്നുണ്ടു്: "ലോകാരംഭംമുതൽ ഒരിക്കലും സ്ത്രീ പുരോഹിതവൃത്തി നിവ്വഹിച്ചിട്ടില്ല.... ദൈവത്തിൻെറ ഭവനത്തിൽ മെത്രാന്മാരുടേയും പുരോഹിതന്മാരുടേയും പിന്തുടർച്ചകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. അവരുടെ ഗണത്തിലേക്കു് ഒരൊററസ്ത്രീപോലും തിരഞ്ഞെടുക്കപ്പെട്ടതായി വായിച്ചിട്ടില്ല." ഒരു പുരാതന ക്രൈസ്തവഗ്രന്ഥകാരനായ തെർത്തുല്യൻ "പഠിപ്പിക്കുവാനും, തക്കിക്കുവാനും, പിശാചുക്കളെ പുറത്താക്കുവാനും, അത്ഭുതരോഗശമനം വാഗ്ദാനംചെയ്യുവാനും ഒരുപക്ഷെ അഭിഷേകം ചെയ്യുവാൻപോലും ധൈര്യമവലംബിക്കുന്ന" ഇടത്തൂട്ടുകാരായ പുരോഹിതകളെ നിശിതമായി വിമശിച്ചിരിക്കുന്നു. അദ്ദേഹം തുടരുന്നു: "അവർ ദേവാലയത്തിൽ പ്രസംഗിക്കുവാനോ, അഭിഷേചനം നടത്തുവാനോ, ബലിസമപ്പിക്കുവാനോ, പുരുഷൻെറ ചുമതലയുടെയോ പുരോഹിതൻെറ ഉദ്യോഗത്തിൻെറയോ അനുഷ്ഠാനങ്ങൾക്കായി അവകാശപ്പെടുവാനോ പാടില്ലാത്തതാകുന്നു"

ജ്ഞാനസ്നാനം സ്വീകരിക്കാത്തവക്കു പട്ടം സ്വീകരിക്കുക സാധ്യമല്ലെന്നുള്ളതു വ്യക്തമാണു്. ക്രിസ്ത്യാനിയായിട്ടുവേണമല്ലൊ ക്രിസ്തീയ പൗരോഹിത്യം സ്വീകരിക്കുവാൻ. ഒരാൾ ക്രിസ്ത്യാനിയാകുന്നതു ജ്ഞാനസ്നാനംവഴിയാണു്. പുരോഹിതനായി അഭിഷേകംചെയ്യപ്പെട്ട ഒരാളുടെ ജ്ഞാനസ്നാനം സംശയാസ്പദമാണെങ്കിൽ വീണ്ടുമദ്ദേഹത്തെ "സംശയത്തിൻകീഴ്" സ്നാനപ്പെടുത്തുകയും "സംശയത്തിൻകീഴ്" പുരോഹിതനായി അഭിഷേകം ചെയ്യുകയും വേണ്ടിവരും. അദ്ദേഹത്തിൻെറ ജ്ഞാനസ്നാനം അസാധുവാണെന്നു തെളിയുന്നപക്ഷം, സംശയരഹിതമായ രീതിയിൽ വീണ്ടും സ്നാനപ്പെടുത്തുകയും അപ്രകാരംതന്നെ മുറപ്രകാരം പട്ടം കൊടുക്കുകയുംവേണം. ഇക്കാരണത്താൽ സമൊസാത്തായിലെ പൗലോസിൻെറ (Paul of Samosata) അനുയായികളായിരുന്ന പുരോഹിതരെ വീണ്ടും അഭിഷേകം ചെയ്യണമെന്നു നിക്യാസൂനഹദോസ് (325) തീരുമാനിച്ചു. ഈ പൗലോസ് അന്ത്യോക്യയിലെ മെത്രാനായിരുന്നു. പല അബദ്ധസിദ്ധാന്തങ്ങളും അദ്ദേഹം പഠിപ്പിച്ചു. അക്കൂട്ടത്തിൽ ക്രിസ്തുവിൻെറയും പരിശുദ്ധാത്മാവിൻെറയും ദൈവത്വം അദ്ദേഹം നിഷേധിച്ചു. ഈ സിദ്ധാന്തങ്ങളെ നിക്യാസൂനഹദോസ് ഖണ്ഡിച്ചെന്നു മാത്രമല്ല, അദ്ദേഹത്തിൻെറ കക്ഷിയിൽപ്പെട്ടവർ നൽകിവന്ന ജ്ഞാനസ്നാനം അസാധുവാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു. ജ്ഞാനസ്നാനം അസാധുവാണെങ്കിൽ അതിനുശേഷം സ്വീകരിക്കുന്ന പട്ടവും അസാധുവായതുകൊണ്ടാണു് പലരേയും പുനരഭിഷേകം ചെയ്യേണ്ടിവന്നതു്.

ഒരാൾ സ്വീകരിക്കുന്ന പട്ടം സാധുവാകുന്നതിനു് അയാൾ

For favours received



Excuse for the delay
Mr. & Mrs. C. K. Mathew,
Porathur

പ്രായപൂർത്തിയിലെത്തിയിരിക്കണമെന്നില്ല. തിരിച്ചറിവുവരാത്ത ശിശുക്കൾക്കുപോലും അതു സാധുവായി സ്വീകരിക്കാവുന്നതാണെന്നത്രെ വേദശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. 1745 മേയ് 4-ാം-ന് 14-ാം ബനദിക്തോസുമാപ്പാപ്പാ ചെയ്ത ഒരു പ്രസ്താവനയിൽ ഇതു പ്രത്യേകം എടുത്തുപറഞ്ഞിട്ടുമുണ്ടു്. ശൈശവത്തിലുംമററും സ്വീകരിക്കുന്ന പട്ടം സാധുവായിരിക്കുമെങ്കിലും അതു നിയമാനുസൃതമായിരിക്കയില്ല. ഇപ്പോഴത്തെ നിയമമനുസരിച്ചു് അഞ്ചാംപട്ടം സ്വീകരിക്കുന്നതിനു് ഇരുപത്തൊന്നും, ആറാംപട്ടത്തിനു് ഇരുപത്തിരണ്ടും, പുരോഹിതപട്ടത്തിനു് ഇരുപത്തിനാലും വയസ്സു പൂർത്തിയായിരിക്കണം. (കാനൻ 975)

താഴെയുള്ള പട്ടങ്ങൾ യാതൊന്നും സ്വീകരിക്കാത്ത ഒരാളെ പുരോഹിതനായി അഭിഷേകം ചെയ്താൽ അതു സാധുവായിരിക്കുമെങ്കിലും (അതായതു് അയാൾ പുരോഹിതനായി ഭവിക്കുമെങ്കിലും) ആ അഭിഷേചനം നിയമവിരുദ്ധമായിരിക്കും. മററു പട്ടങ്ങൾ സ്വീകരിച്ചശേഷമേ പുരോഹിതപട്ടം നൽകാവൂ എന്നാണു് നിയമം. എന്നാൽ പുരോഹിതപട്ടം സ്വീകരിച്ചിട്ടില്ലാത്ത ഒരാൾക്കു മെത്രാൻപട്ടം സാധുവായി സ്വീകരിക്കുക സാധ്യമല്ല. കാരണം, മെത്രാൻപട്ടം പൗരോഹിത്യത്തിൻെറ പൂത്തീകരണമാണു്. ഇല്ലാത്തതിനെ എങ്ങനെയാണു് പൂത്തീകരിക്കുക? മെത്രാൻപട്ടാഭിഷേകാവസരത്തിൽ ദൈവത്തോടു പ്രാത്ഥിക്കുന്നതു് "അങ്ങേ പുരോഹിതനിൽ അങ്ങേ ശുശ്രൂഷയുടെ അത്യുന്നതപദത്തെ പൂത്തിയാക്കുക," എന്നത്രെ.

# പ്രൊവിൻഷ്യലിൻെറ ജൂബിലി



സുറിയാനി കമ്മലീത്താസഭയിലെ സേക്രഡ് ഹാർട്ട് പ്രോവിൻസിൻെറ പ്രൊവിൻഷ്യൽ വെരി റവ. ഫാദർ ജോൺ ബക്കമൻസ് അവർകൾ സന്യാസവ്രതമനുഷ്ഠിച്ചതിൻെറ സുവർണ്ണജൂബിലി ആഗസ്റ്റ് 12, 13 എന്നീ തീയതികളിൽ, ദേവാലയതിരുക്കർമ്മങ്ങൾ, പ്രോവിൻസിലെ അംഗങ്ങളുടെ മംഗളപത്രസമപ്പണം, അന്നദാനം, ഗാർഡൻപാർട്ടി മുതലായ വിവിധപരിപാടികളോടുകൂടി ആലുവായിൽവച്ചു സാഘോഷം കൊണ്ടാടിയിരിക്കുന്നു. 13-ാംനു- നാലരമണിക്കു നടന്ന ഗാർഡൻപാർട്ടിയിൽ എറണാകുളം അതിരൂപത വികാരിജനറൽ, പ്രിയോർ ജനറൽ, മോൺ. വല്യാറമ്പത്തു്, മോൺ. നടുവത്തുശ്ശേരി തുടങ്ങി വൈദികരും ഉദ്യോഗസ്ഥാനദ്യോഗസ്ഥരും നാനാജാതി മതസ്ഥരുമടങ്ങിയ മുന്നൂറിൽപ്പരം അതിഥികൾ പങ്കുകൊള്ളുകയുണ്ടായി. റിട്ടയർഡ് ചീഫ് ജസ്റ്റിസ് മി. തോമസ് മാഞ്ഞൂരാനും റവ. ഫാ. ജോസഫ് പാറേക്കാട്ടിൽ അവർകളും ടോസ്റ്റു പ്രസംഗങ്ങൾ നടത്തി. തേവരയിലെ കോളെജ്, സ്കൂളുകൾ, ആലുവായിലെ വിൻസെൻറ് ഡി പോൾ സഖ്യം തുടങ്ങി പല സ്ഥാപനങ്ങളുടേയും സംഘടനകളുടേയും ജ്ഞാപനോപഹാരങ്ങൾ സമപ്പിക്കപ്പെട്ടു. മാപ്പാപ്പാ തിരുമേനി, കാർഡിനൽ ഗ്രേഷ്യസ്, ഇൻറർനൺഷ്യോ തുടങ്ങിയവർ ജൂബിലേറിയനയച്ച അനുമോദനസന്ദേശങ്ങളും തദവസരത്തിൽ വായിക്കപ്പെട്ടു. അവയ്ക്കെല്ലാം ജൂബിലേറിയൻ സമുചിതമായ കൃതജ്ഞത പ്രകാശിപ്പിച്ചു.

## തുറന്ന കത്ത്

"...ഒരു വിദ്യാത്ഥിയുടെ നിർബന്ധംകൊണ്ടു മാത്രമാണു് ഞാൻ കമ്മെലകുസുമത്തിൻെറ വരിക്കാരനായി ചേന്നതു്.. ഒന്നുരണ്ടു ലക്കങ്ങൾ കൈപ്പററിയതോടെ എൻെറ ധാരണയെല്ലാം പാടെ നീങ്ങി. ഇത്ര വിശേഷമായ ഒരു മാസിക മലയാളത്തിലില്ലെന്നു ഞാൻ തീത്തുപറയുന്നു. പത്തും പതിനഞ്ചുംരൂപാ വരിസംഖ്യയുള്ള അമേരിക്കൻമാസികകൾക്കുപോലും ഇത്ര വിശേഷമായ കവർച്ചിത്രങ്ങൾ കാണുന്നില്ല... കുസുമത്തിൻെറ വരിസംഖ്യ 2ക. മാത്രമാണെന്നുള്ളതു് ആശ്ചര്യജനകമാണു്......"

സി. ററി. ഈപ്പൻ, ആലപ്പുഴ

എവരേയും ആശ്ചര്യപ്പെടുത്തുന്ന ഒരു മാസികയാണു് കമ്മെലകുസുമം. 3ണ. സ്റ്റാമ്പയച്ചു് ഒരു പ്രതി വരുത്തി പരിശോധിച്ചുനോക്കുക.

ഏജൻറന്മാരെ ആവശ്യമുണ്ടു്. നിസ്സാരവ്യവസ്ഥകൾ. നല്ല കമ്മീഷൻ.

മാനേജർ, കമ്മെലകുസുമം, മാന്നാനം

സി. കെ. ലോനപ്പൻ & ബ്രദേഴ്സ്
ആഭരണവ്യാപാരം, ബ്രോഡ്‌വെ — എറണാകുളം
ഫോൺ 157

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 27 || ERNAKULAM, AUGUST 19, 1953 || No. 1


## 27-ാം വയസ്സിലേക്ക്

സത്യദീപം 27-ാം വയസ്സിലേക്കു പ്രവേശിച്ചിരിക്കുകയാണ്. സത്യദീപത്തെ ഈ രൂപത്തിൽ പരിഷ്കരിച്ചിട്ട് ഇക്കഴിഞ്ഞ ആഗസ്റ്റ് 15-ാംനു- ആറുവർഷം പൂർത്തിയാകുകയും ചെയ്തിരിക്കുന്നു. ഇക്കഴിഞ്ഞ 26 വർഷമത്രയും കത്തോലിക്കാ സഭാസിദ്ധാന്തങ്ങളും സനാതനങ്ങളായ ധാർമ്മികതത്വങ്ങളും സംരക്ഷിക്കുവാൻവേണ്ടി ഈ വാരിക സ്വന്തം കഴിവിനൊത്തവണ്ണം അശ്രാന്തപരിശ്രമം ചെയ്തിട്ടുണ്ടെന്നാണു ഞങ്ങളുടെ ദൃഢബോധം. അതു ഏറെക്കുറെ ഫലപ്രദമായിട്ടുണ്ടെന്നും ഞങ്ങൾക്കറിയാൻ ഇടവന്നിട്ടുണ്ട്. സത്യാന്വേഷകരും സന്മനസ്സുള്ളവരുമായ അനേകം അകത്തോലിക്കാ ക്രിസ്ത്യാനികളുടെ സത്യസഭാപ്രവേശത്തിനു സത്യദീപത്തിൽവന്ന പല ലേഖനങ്ങളും സഹായകങ്ങളായി ഭവിച്ചിട്ടുണ്ട്. അതിനെല്ലാംവേണ്ടി ഞങ്ങൾ ദൈവത്തോടു നന്ദിപറയുന്നു.

പത്രം സൗജന്യമായി ലഭിക്കാൻവേണ്ടി അകത്തോലിക്കർ യഥായോഗ്യം അയച്ച അപേക്ഷകൾ എല്ലാം ഞങ്ങൾ പരിഗണിക്കുകയും അപേക്ഷകരെ തൃപ്തിപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ടെന്നാണു ഞങ്ങളുടെ വിശ്വാസം. എന്നാൽ സൗജന്യവിതരണഫണ്ടിൽനിന്നും പത്രം അയച്ചുകിട്ടുവാനായി അപേക്ഷിക്കുമ്പോൾ ഒന്നുരണ്ടു കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. 1. ആവശ്യക്കാർ തന്നെ അപേക്ഷകൾ അയക്കണം. അവർക്കുവേണ്ടി മററാരാൾ അയച്ചാൽ മതിയാകുന്നതല്ല. 2. പത്രം ശരിയായി ഉപയോഗപ്പെടുത്തുമെന്നുള്ളതിനു് അപേക്ഷകന്റെ അടുത്തുള്ള കത്തോലിക്കാപള്ളിയിലെ വികാരിയച്ചന്റെ സാക്ഷ്യവും ഉണ്ടായിരിക്കണം.

പത്രം സൗജന്യമായി ലഭിക്കുവാൻ ആഗ്രഹിക്കുന്ന അകത്തോലിക്കരുടെ എണ്ണം വളരെ അധികമാകയാലും ഞങ്ങളുടെ കോശസ്ഥിതി വളരെ മോശമാകയാലും, സൗജന്യവിതരണഫണ്ടിലേക്ക് ഉദാരമായ സംഭാവനകൾ അയക്കണമെന്നഭ്യർത്ഥിക്കുന്നു. വിദേശമിഷൻകളിലേക്കു ഭീമമായ തുകകൾ പിരിച്ചയക്കുന്ന സംഘടനകൾ നമ്മുടെ കേരളത്തിൽ പലതുമുണ്ട്. അവയിൽ മിക്കവയും പ്രാദേശികമിഷൻകളെ സഹായിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിച്ചുകാണുന്നില്ല. അകത്തോലിക്കർക്കു പത്രമാസികകൾ സൗജന്യമായി കൊടുക്കുക എന്നതു് മിഷൻപ്രവർത്തനത്തിന്റെ ഏററവും പ്രായോഗികവും ഫലപ്രദവുമായ ഒരുവശമാണ്. സൗജന്യവിതരണഫണ്ടിലേക്കു മിഷൻ സംഘടനകളിൽനിന്നും ധനശക്തിയുള്ള പള്ളി മുതലായ സ്ഥാപനങ്ങളിൽനിന്നും ഉദാരമതികളായ വ്യക്തികളിൽനിന്നും ഞങ്ങൾ സംഭാവനകൾ പ്രതീക്ഷിക്കുന്നു. ഞങ്ങളുടെ ഇടവകാതിർത്തികളിൽപ്പെട്ട യാക്കോബായക്കാർക്കും മററും പത്രം സൗജന്യമായി അയച്ചുകൊടുക്കണമെന്നു ചില ബ. വികാരിയച്ചന്മാർ എഴുതാറുണ്ട്. എന്നാൽ അതിനുവേണ്ട ചെലവു പള്ളിയിൽനിന്നു വഹിക്കുന്നതിനുള്ള സന്നദ്ധതകൂടി അവർ പ്രകാശിപ്പിച്ചിരുന്നെങ്കിൽ സംഗതികൾ കുറച്ചുകൂടി എളുപ്പമായിരുന്നേനെയെന്നു വിനയസമേതം രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഇന്നത്തെ സാഹചര്യങ്ങളിൽ കത്തോലിക്കാ പത്രമാസികകൾ പ്രചരിപ്പിക്കുന്നതിനു് പരമാവധി പരിശ്രമിക്കേണ്ടതു നമ്മുടെ അനുപേക്ഷണീയമായ കർത്തവ്യമായിത്തീർന്നിരിക്കുന്നു. കത്തോലിക്കാസഭയെ താറടിച്ചുകാണിക്കുകയും, സഭാസിദ്ധാന്തങ്ങളെ നിഷേധിക്കുകയും ദുർവ്യാഖ്യാനം ചെയ്യുകയും വികൃതമാക്കുകയും, ധാർമ്മികമൂല്യങ്ങളെ അവഗണിക്കുകയും ചെയ്യുന്ന ഗ്രന്ഥങ്ങളും പത്രമാസികകളും ഇന്നു ധാരാളം പ്രചരിച്ചുവരുന്നുണ്ട്. അവയുടെ പ്രചാരത്തെ സർവ്വാത്മനാ തടയേണ്ടതിനുപകരം അവ വാങ്ങി വായിക്കുകയും, അങ്ങനെ തങ്ങളറിയാതെയാണെങ്കിലും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവർ കത്തോലിക്കരുടെ ഇടയിൽപ്പോലുമുണ്ടെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. അതേസമയം കത്തോലിക്കാ ഗ്രന്ഥങ്ങളും പത്രമാസികകളും വാങ്ങിവായിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിൽ അവർ അക്ഷന്തവ്യമായ അനാസ്ഥ പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഈ ദുഃസ്ഥിതിക്കു ഒരു പരിഹാരമുണ്ടാക്കുന്നതിനു മുൻകൈയെടുത്തു പരിശ്രമിക്കേണ്ടതു ഇടവകവികാരിമാരും ഭക്തസംഘടനകളുമാണെന്നു നിസ്സംശയം പറയാം. ഞങ്ങളുടെ ഏജൻറുമാർ ചിലപ്പോൾ ഞങ്ങൾക്കു് എഴുതാറുണ്ട്: "സത്യദീപം എല്ലാവരും വാങ്ങിവായിക്കണമെന്നു് ഞങ്ങളുടെ വികാരിയച്ചൻ രണ്ടു ഞായറാഴ്ച പള്ളിയിൽ വിളിച്ചു പറഞ്ഞതേയുള്ളു. വരിക്കാർ ഇരട്ടിയായി." ചിലർ എഴുതും: "ഞങ്ങളുടെ വികാരിയച്ചൻ ഒരു ഞായറാഴ്ച പള്ളിയിലൊന്നു വിളിച്ചു പറഞ്ഞെങ്കിൽ മതിയായിരുന്നു. കുടിശ്ശിക എല്ലാം പിരിഞ്ഞുകിട്ടിയേനെ. വരിക്കാരും വർദ്ധിച്ചേനെ." വാസ്തവത്തിൽ, ബ. വികാരിമാർ നൽകുന്ന പ്രചോദനത്തേയും പ്രോത്സാഹനത്തേയും ആശ്രയിച്ചിരിക്കും അവരുടെ ഇടവകകളിൽ സത്യദീപംപോലുള്ള കത്തോലിക്കാ പത്രമാസികകൾക്കു ലഭിക്കുന്ന പ്രചാരം. അങ്ങനെ സത്യദീപത്തെ ഉള്ളഴിഞ്ഞു സഹായിക്കുന്ന പല നല്ല വൈദികരും കേരളത്തിലെ എല്ലാ രൂപതകളിലുമുണ്ടെന്നു ഞങ്ങൾ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു. അതുപോലെ, പത്രപ്രചരണത്തിനു സഹായിച്ചുവരുന്ന ബ. കന്യാസ്ത്രീകളോടും ഭക്തസംഘടനകളോടും ഏജൻറന്മാരോടും ഞങ്ങൾ കൃതജ്ഞരാണ്. ഞങ്ങളുടെ മാന്യലേഖകന്മാർക്കും വായനക്കാർക്കും മററെല്ലാ പത്രബന്ധുക്കൾക്കും ഞങ്ങളുടെ കൂപ്പുകൈ. സർവ്വോപരി, സത്യദീപത്തെ പൈതൃകവാത്സല്യത്തോടെ പരിലാളിച്ചുവരുന്ന കേരളത്തിലെ എല്ലാ വൈദികമേലദ്ധ്യക്ഷന്മാരോടും ഞങ്ങൾക്കുള്ള കടപ്പാടിനെ ഞങ്ങൾ രേഖപ്പെടുത്തുന്നു. എല്ലാവരുടേയും സഹായസഹകരണങ്ങൾ ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

## ഫ്റഡറിക്ക് ഒസ്സാനാമിന്റെ ചരമശതാബ്ദം

ലോകവ്യാപകമായ ഉപവിപ്രവൃത്തികൾക്കുവേണ്ടി നിലകൊള്ളുന്ന ഒരു സംഘടനയാണ് സെൻറ് വിൻസെൻറ് ഡിപോൾ സൊസൈററി. ഈ സംഘടനയുടെ സ്ഥാപകനായ ഫ്റഡറിക് ഒസ്സാനാം ദിവംഗതനായിട്ട് ഒരുനൂറുകൊല്ലം തികയുന്നതു് 1953 സെപ്റ്റംബർ 8-ാംനു-യാണ്. സാത്വികപുംഗവനായ ഈ മഹാത്മാവിന്റെ ചരമശതാബ്ദം ഏററം കേമമായി ആഘോഷിക്കപ്പെടുന്നതിനു പാരീസിലെ കൗൺസിൽ ജനറൽ വിപുലമായ ഒരു പരിപാടി തയാറാക്കിക്കൊണ്ടു പ്രവർത്തനം ആരംഭിച്ചിട്ടു മാസങ്ങൾ പലതുകഴിഞ്ഞു. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും ഒരു വലിയ പ്രതിനിധിസംഘത്തെത്തന്നെ കൗൺസിൽ ജനറൽ പ്രതീക്ഷിക്കുന്നുണ്ട്. വിവിധ സ്ഥലങ്ങളിലെ അനേകം കോൺഫറൻസുകളിൽനിന്നു വലിയ തോതിലുള്ള സംഭാവനകൾ പാരീസിൽ കിട്ടിക്കഴിഞ്ഞു.

പരിശുദ്ധ പിതാവു് തിരുമനസ്സിലെ പൈതൃകാശീസ്സോടുകൂടി സമാരംഭിച്ചിട്ടുള്ള ഈ ചരമശതാബ്ദാഘോഷത്തിന്റെ വിജയത്തിനു സകല കോൺഫറൻസുകളുടേയും സഹായസഹകരണങ്ങൾ പ്രസിഡണ്ടുജനറൽ അഭ്യർത്ഥിച്ചുകഴിഞ്ഞിരിക്കുന്നു. കാലപ്പകർച്ചയിൽ ഉണ്ടാകുന്ന പരിവർത്തനച്ചുഴികളിൽ വീണു് ലോകം നശിക്കാതിരിക്കുന്നതിനായി ദൈവം അപ്പഴപ്പോൾ ഓരോ പുണ്യാത്മാക്കളെ നമുക്കു പ്രദാനംചെയ്യുന്നുണ്ട്. പത്തൊമ്പതാം നൂററാണ്ടിലെ നിർമ്മതപ്രസ്ഥാനത്തിനും ആർഭാടജീവിതത്തിനും എതിരായി ക്രിസ്തുനാഥന്റെ ദിവ്യസ്നേഹചൈതന്യം തുളുമ്പുന്ന ഹൃദയത്തോടുകൂടി സുവിശേഷദീപം ഉപവിപ്രവൃത്തികൾവഴി തെളിച്ചുകാണിച്ച മഹാനാണു് ഫ്റഡറിക്കു് ഒസ്സാനാം.

പാരീസ്സ് സർവ്വകലാശാലയും പണ്ഡിതന്മാരും വിദ്യാർത്ഥികളും ഒരുപോലെ ആദ്ധ്യാത്മികമായി അധഃപതിച്ചതിൽ ആകുലചിത്തനായ ഒസ്സാനാം തന്റെ വിദ്യാർത്ഥിജീവിതവും അദ്ധ്യാപകജീവിതവും ക്രിസ്തുവിനെപ്രതി ഇതരന്മാരുടെ നന്മയ്ക്കുവേണ്ടി നയിച്ചു് നാല്പതാമത്തെ വയസ്സിൽ നിത്യസമ്മാനം കൈവരിച്ചതിനെ അനുസ്മരിക്കുന്ന ഈ ശതാബ്ദത്തിൽ അദ്ദേഹം പുണ്യവാനെന്നു വിളിക്കപ്പെടുവാൻ ദൈവം തിരുമനസ്സാകുന്നതിനു് എല്ലാവരുടെയും കൂടുതൽ കൂടുതലായ പ്രാർത്ഥനയെ പ്രസിഡണ്ടുജനറൽ അഭ്യർത്ഥിച്ചിട്ടുണ്ട്. കേരളക്കരയിലെ എല്ലാ കോൺഫറൻസുകളിലും കൗൺസിലുകളിലും ഫ്റഡറിക്കു് ഒസ്സാനാം പുണ്യവാനെന്നു വിളിക്കപ്പെടുവാനുള്ള പ്രാർത്ഥന അത്യന്തം ശ്രദ്ധാപൂർവ്വം അനേകംപ്രാവശ്യം ആവർത്തിക്കപ്പെടുമെന്നു നമുക്കു പ്രതീക്ഷിക്കാം. (ഈ പ്രാർത്ഥന പ്രത്യേകം മലയാളത്തിൽ അച്ചടിച്ചിട്ടുള്ളതിന്റെ കോപ്പികൾ, സെക്രട്ടറി, സെൻറ് മാത്യൂസ് കോൺഫറൻസ്, കോട്ടയ്ക്കുപുറം, അതിരമ്പുഴ P. O. എന്ന വിലാസത്തിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്.)

സെൻറ് വിൻസെൻറ് ഡിപോൾ സൊസൈററിയുടെ സ്ഥാപകനെന്നനിലയിൽ പ്രഖ്യാതനായ ഈ പുണ്യശ്ലോകന്റെ അനുസ്മരണ അദ്ദേഹത്തിന്റെ കാലടികളെ തുടരാൻ ആഗ്രഹിക്കുന്ന ഏവർക്കും അത്യാവശ്യമാകുന്നു. പാരീസിലെ കൗൺസിൽ ജനറലിന്റെ നേതൃത്വത്തിൽ 1913-ൽ ഈ ധന്യാത്മാവിന്റെ ജനനശതാബ്ദസ്മരണയും 1933-ൽ കോൺഫറൻസിന്റെ സ്ഥാപനശതാബ്ദസ്മരണയും യഥാവിധി ആഘോഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ചരമശതാബ്ദാഘോഷം ഇന്നത്തെ സ്ഥിതിക്കനുസരിച്ചു കൊണ്ടാടുവാനുള്ള തീരുമാനം സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററി അംഗങ്ങളുടെ മാത്രമല്ല സൊസൈററിയേയും സ്ഥാപകനായ പുണ്യാത്മാവിനേയുംകുറിച്ചു കേട്ടറിഞ്ഞിട്ടുള്ളവരുടെപോലും അഭിനന്ദനത്തിനും ആഹ്ലാദത്തിനും പാത്രീഭവിച്ചിട്ടുണ്ടെന്നു തൽസംബന്ധമായി പാശ്ചാത്യരാജ്യങ്ങളിൽ പ്രചരിപ്പിക്കപ്പെടുന്ന കത്തോലിക്കാ പത്രമാസികകളിലെ ലേഖനങ്ങൾതന്നെ വിളിച്ചറിയിക്കുന്നുണ്ട്. ശതാബ്ദസ്മാരകങ്ങളായി അനേകം ലഘുലേഖകളും ഗ്രന്ഥങ്ങളും പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു. ഇനിയും പല ഗ്രന്ഥങ്ങളും സ്ഥാപനങ്ങളും പാശ്ചാത്യരാജ്യങ്ങളിൽ ഉടലെടുക്കുവാൻപോകുന്നുണ്ട്. നമ്മുടെ കേരളക്കരയിലും ഈ സുകൃതാത്മാവിന്റെ ചരമശതാബ്ദം ആഘോഷിക്കപ്പെടുമെന്നു ന്യായമായി പ്രതീക്ഷിക്കാവുന്നതാണ്. കേരളത്തിലെ എല്ലാ രൂപതകളിലുംതന്നെ ധാരാളം കോൺഫറൻസുകൾ സ്ഥാപിതമായിട്ടുണ്ട്. അവിടവിടെ പർട്ടിക്കുലർ കൗൺസിലുകളുമുണ്ട്. തൃശ്ശൂർരൂപതയിൽ ഒരു സെൻട്രൽ കൗൺസിലും ഇതിനിടയിൽ സ്ഥാപിച്ചുകഴിഞ്ഞു. ആലുവായിൽവച്ചുനടന്ന കോൺഫറൻസ് പ്രതിനിധിസമ്മേളനത്തിൽ തീരുമാനിക്കപ്പെട്ടിട്ടുള്ളതുപോലെ കേരളത്തിനു പൊതുവായി ഒരു സുപ്പീരിയർ കൗൺസിൽ ലഭിക്കുന്നതിനുള്ള ശ്രമവും ഊർജ്ജിതപ്പെട്ടുവരുന്നുണ്ട്. ഇൻഡ്യയിൽ കോൺഫറൻസുകളുടെയും പർട്ടിക്കുലർ കൗൺസിലുകളുടെയും സെൻട്രൽ കൗൺസിലുകളുടെയും സംഖ്യ ഈയിടെ വർദ്ധിച്ചിട്ടുണ്ടെന്നും അതിനാൽ ഇൻഡ്യക്കു ഒരു സുപ്പീരിയർ കൗൺസിൽ അനുവദിക്കണമെന്നു് പാരീസിലെ കൗൺസിൽ ജനറലിനു അഭിപ്രായമുണ്ടെന്നും ഈ അടുത്തകാലത്തു ലഭിച്ച ഒരു ലേഖനത്തിൽനിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതിനാൽ പാവനചരിതനായ ഫ്റഡറിക്കു് ഒസ്സാനാമിന്റെ ചരമശതാബ്ദാഘോഷത്തിനു ഇൻഡ്യ, വിശിഷ്യ കേരളക്കര, പിന്നിലാവുകയില്ലെന്നു വിശ്വസിക്കുന്നു.

സെപ്റ്റംബർ 8-ാംനു- ഒസ്സാനാമിന്റെ ചരമസ്ഥാനമായ മാർസെയിൽസ് നഗരത്തിൽ സമാരംഭിക്കുന്ന സ്മാരകപരിപാടി പതിനൊന്നാംതിയതിമുതൽ പതിന്നാലാംതിയതിവരെ പാരീസിൽ തുടരുന്നതാണ്. എന്നാൽ പാരീസിനു വെളിയിലുള്ള കൗൺസിലുകളും കോൺഫറൻസുകളും ഒസ്സാനാം സൺഡേയായി ഇക്കൊല്ലം ആഘോഷിക്കപ്പെടേണ്ട സെപ്റ്റംബർ 20-ാംനു- ഞായറാഴ്ചയോ അതിനടുത്ത ദിവസങ്ങളോ ശതാബ്ദാഘോഷത്തിനു തെരഞ്ഞെടുക്കുന്നതു നന്നായിരിക്കുമെന്നു് പ്രസിഡണ്ടുജനറലിന്റെ ഒരു കത്തിൽ വിശദമാക്കിയിട്ടുണ്ട്. ഇത്രയും പ്രസ്താവിച്ചതിൽനിന്നും ഫ്റഡറിക്കു് ഒസ്സാനാമിന്റെ ചരമശതാബ്ദം ആഘോഷിക്കുവാനുള്ള കേരളീയകത്തോലിക്കരുടെ കടമ ഏവർക്കും ബോദ്ധ്യമായെന്നുള്ള ശരണത്തോടുകൂടി തല്ക്കാലം നിറുത്തുന്നു.

(സി. എം. സെബാസ്റ്റ്യൻ)

## പ്രസാധകക്കുറിപ്പുകൾ

### പഞ്ചായത്തു തിരഞ്ഞെടുപ്പുഫലം

തിരുകൊച്ചി സംസ്ഥാനത്തെ 539 പഞ്ചായത്തുകളിലെ തിരഞ്ഞെടുപ്പിന്റെ ഫലം മുഴുവനും ഇതിനകം പുറത്തായിരിക്കുന്നു. ആകെയുള്ളതും, പോൾചെയ്തതും, ഓരോപാർട്ടിക്കു കിട്ടിയതുമായ വോട്ടുകളുടെ കണക്കു താഴെ ചേർക്കുന്നു:

| | |
|---|---|
| ആകെയുള്ള വോട്ട് | 36.80,713 |
| പോൾചെയ്തതു് | 30.55,271 |
| സ്വതന്ത്രർ | 15,71,150 |
| കോൺഗ്രസ് | 12,21.808 |
| പി. എസ്. പി. | 97.193 |
| ആർ. എസ്. പി. | 57.850 |
| കെ. എസ്. പി. | 6434 |
| തമിഴ്നാട് | 1,20.836 |

ഓരോ പാർട്ടിക്കും കിട്ടിയ വോട്ടിന്റെ ശതമാനക്കണക്കു താഴെ ചേർക്കുംപ്രകാരമാണ്,

| | ശതമാനം |
|---|---|
| സ്വതന്ത്രർ | 51.4 |
| കോൺഗ്രസ് | 40 |
| തമിഴ്നാട് | 4 |
| പി. എസ്. പി. | 3.2 |
| ആർ. എസ്. പി. | ,1.2 |
| കെ. എസ്. പി. | .2 |

വോട്ടവകാശമുള്ളവരിൽ 83 ശതമാനംപേർ യഥാർത്ഥത്തിൽ വോട്ടുചെയ്തുവെന്നതു തിരു-കൊച്ചി പൗരന്മാരുടെ രാഷ്ട്രീയ പ്രബുദ്ധതയ്ക്കു മതിയാകുന്ന തെളിവായിരിക്കുന്നു. ഒരു പാർട്ടിയെന്ന നിലയിൽ കോൺഗ്രസിനുതന്നെയാണ് ഒന്നാംസ്ഥാനം ലഭിച്ചിരിക്കുന്നതു്. സ്വതന്ത്രരുടെ ഇടയിൽ കോൺഗ്രസ്സനുഭാവികളും കമ്മ്യൂണിസ്റ്റനുഭാവികളും ഉണ്ടെന്ന സംഗതിയും ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു.

* * *

### ശ്രീ പനമ്പിള്ളിയുടെ പ്രസ്സ് കോൺഫറൻസ്

ഇക്കഴിഞ്ഞ ജൂൺമാസത്തിൽ ജനീവയിൽവച്ചു നടന്ന 36-ാമത്തെ ഇൻറർനാഷനൽ ലേബർ ഓർഗനൈസേഷൻ (I. L. O.) കോൺഫറൻസിൽ സംബന്ധിക്കുവാനായി പോയിരുന്ന തിരു-കൊച്ചി മന്ത്രി ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ തന്റെ യൂറോപ്യൻ പര്യടനം കഴിഞ്ഞു ആഗസ്റ്റ് 9-ാംനു- വിമാനമാർഗ്ഗം കൊച്ചിയിൽ വന്നിറങ്ങി. അന്നുച്ചതിരിഞ്ഞു എറണാകുളം ഗസ്റ്റ്ഹൗസിൽവച്ചു് അദ്ദേഹം നടത്തിയ പ്രസ്സ് കോൺഫറൻസിൽ താഴെപ്പറയുന്ന വിവരങ്ങൾ നൽകിയതായി പത്രറിപ്പോർട്ടുകളിൽ കാണുന്നു.

ജനീവാ സമ്മേളനത്തിനുശേഷം അദ്ദേഹം ചെക്കോസ്ലോവാക്യ, പോളണ്ട്, സ്വിററ്സർലണ്ട്, ബ്രിട്ടൻ ഈ രാജ്യങ്ങൾ സന്ദർശിച്ചു. ഇരുമ്പുമറയ്ക്കുപിന്നിലുള്ള ചെക്കോസ്ലോവാക്യയിലും പോളണ്ടിലും ഒരു സ്വരംമാത്രമേ പുറത്തുകേൾക്കുവാൻ അനു

വധിക്കപ്പെടുന്നുള്ളു. ആ രാജ്യങ്ങളിൽ പത്രങ്ങൾ നടത്തുവാൻ ആർക്കും സ്വാതന്ത്ര്യമില്ല. മുദ്രണാലയങ്ങളെല്ലാം ഗവർമ്മെണ്ടുവകയാണ്. കമ്മ്യൂണിസ്റ്റ്പാർട്ടിക്കും ട്രേഡ്‌യൂണിയനുകൾക്കുംമാത്രമേ പത്രങ്ങൾ നടത്തുവാൻ അനുവാദമുള്ളു. പുസ്തകങ്ങൾ എഴുതിയാൽ അവ പ്രസിദ്ധപ്പെടുത്തുന്നതിനു ഗവർമ്മെണ്ടിന്റെ അംഗീകാരംവേണം. ഗവർമ്മെണ്ടിനു സ്വീകാര്യമാണെങ്കിൽ പുസ്തകമെടുത്തു റോയൽട്ടി നൽകും. ജൂൺമദ്ധ്യത്തിൽ ചെക്കോസ്ലോവാക്യയിൽ തൊഴിലാളികൾ പണിമുടക്കി. പണിമുടക്കു ഉണ്ടായെന്നു് ട്രേഡ്‌യൂണിയൻസെക്രട്ടറി പറഞ്ഞു. പക്ഷെ അതു തെററിദ്ധാരണയുടെ ഫലമാണെന്നാണ് അദ്ദേഹം പറഞ്ഞതു്. പാശ്ചാത്യശക്തികളുടെ പ്രചോദനത്തിലുണ്ടായതാണെന്നും പറയുകയുണ്ടായി. ഈ രാജ്യങ്ങളിൽ ട്രേഡ്‌യൂണിയനുകളുടെ പ്രധാനജോലി തൊഴിലാളികളെക്കൊണ്ടു് കൂടുതൽ ജോലി ചെയ്യിക്കുകയാണ്. റോഡിൽ പ്രധാന സ്ക്വയറുകളിൽ കൂടുതൽ വേലചെയ്യുന്നവരെ വാഴ്ത്തിക്കൊണ്ടുള്ള ചിത്രങ്ങൾ സ്ഥാപിച്ചിരിക്കുന്നതു കാണാം. കൂലി നിശ്ചയിക്കുന്നതു് വേജ് കമ്മീഷനാണ്. അധികാരശക്തിക്കെതിരായി ഒരു സ്വരം അവിടെ കേൾക്കാനേയില്ല. അങ്ങനെ വല്ലതും ഉണ്ടായാൽ ബലം പ്രയോഗിച്ചു് അതു അമർച്ചവരുത്തും. ഗവർമ്മെണ്ടിന്റെ ചെയ്തികളെ വാഴ്ത്തി തൊഴിലാളികൾ കൂടുതൽ ജോലിചെയ്യാൻ പ്രോത്സാഹനം നൽകുകയാണു തൊഴിലാളിസംഘടനകൾ ചെയ്യുന്നതു്.

താൻ പര്യടനം നടത്തിയ രാജ്യങ്ങളിൽ ബ്രിട്ടനിലേയും സ്വിററ്സർലണ്ടിലേയും തൊഴിലാളികളുടെ നില വളരെ മെച്ചമാണ്, ചെക്കോസ്ലോവാക്യ, പോളണ്ടു് ഈ രാജ്യങ്ങളെ അപേക്ഷിച്ചു്. പ്രത്യേകിച്ചും സ്വിററ്സർലണ്ടിലെ തൊഴിലാളികളുടെ നില മെച്ചമാകുന്നു. ചെക്കോസ്ലോവാക്യയിൽ ജീവിതച്ചെലവു് അതിഭയങ്കരമാണ്. ഇതുമാറ്റു പിന്നിൽ അദ്ദേഹം മൂന്നുകാര്യങ്ങൾ പ്രധാനമായി ദർശിച്ചു: അതായതു് റഷ്യൻ സ്വാധീനം അവിടെ മേധാവിത്വം വഹിക്കുന്നു. ഒരു സാമൂഹ്യപരിവർത്തനം നടന്നുകൊണ്ടിരിക്കുന്നു. മൂന്നാമതായി ഒരു പോലീസ് സ്റ്റേററിന്റെ അസ്തിത്വം. സ്വാതന്ത്ര്യത്തിന്റെ അഭാവം ആ രാജ്യങ്ങളിലെല്ലാം പ്രകടമാണ്. ഈ രാജ്യങ്ങളിൽ സ്വകാര്യസംരംഭങ്ങൾക്കു സ്ഥാനമേയില്ല.

റോമിലെത്തി മാർപ്പാപ്പാതിരുമേനിയെ മുഖംകാണിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. അദ്ദേഹത്തെ പരിചയപ്പെടുത്തിക്കൊണ്ടുള്ള ഒരു കത്തും കൂടെ കൊണ്ടുപോയിരുന്നു. എന്നാൽ സമയപരിമിതിമൂലം അങ്ങോട്ടു പോകുവാൻ സാധിച്ചില്ല.

ചെക്കോസ്ലോവാക്യയിൽ കത്തോലിക്കാസഭയുടെനേർക്കു പ്രയോഗിച്ചിട്ടുള്ള പീഡനനടപടികൾ ശ്രീ പനമ്പിള്ളിവിവരിച്ചു.

പോളണ്ടിൽ 97 ശതമാനമാളുകൾ കത്തോലിക്കരാണ്. സഭാധ്വംസകനടപടികൾ അവിടെ അതികഠിനമായി ഇപ്പോൾ സ്വീകരിച്ചുതുടങ്ങിയിട്ടില്ലെന്നു തോന്നുന്നു. വൈദികാദ്ധ്യക്ഷന്മാർക്കു റോമിൽ പോകുവാനും ആലോചനനടത്തുവാനുമുള്ള അനുമതി ഇപ്പോൾ നിഷേധിക്കപ്പെട്ടിട്ടില്ല. പോളണ്ടിലെ ഒരു ദേവാലയത്തിൽ ശ്രീ പനമ്പിള്ളി ഒരു ഞായറാഴ്ചദിവസംപോയി. ദേവാലയം ജനനിബിഡമായിരുന്നു.

ചെക്കോസ്ലോവാക്യയിലെ പല ബുക്കുസ്റ്റാളുകളും അദ്ദേഹം സന്ദർശിച്ചു. ബുക്കുസ്റ്റാളുകളെല്ലാം ഗവർമ്മെണ്ടുവകയാണ്. ലനിനെയും സ്റ്റാലിനെയും മാറുംപററി പ്രതിപാദിക്കുന്ന പുസ്തകങ്ങളാണ് അവിടെ കണ്ടതു്. ഒരൊററ ഇംഗ്ലീഷ് പുസ്തകംമാത്രം, ഡിക്കൻസിന്റെ ഡേവിഡ്കോപ്പർഫീൽഡ്മാത്രം, അദ്ദേഹം കാണുകയുണ്ടായി.

ടേണോവർടാക്സും വ്യവസായവാണിജ്യങ്ങളുമാണ് പ്രധാന വരുമാനമാർഗ്ഗങ്ങൾ. 450 ക്രൗണിനുമേൽ വരുമാനമുള്ളവർ ടേണോവർടാക്സ് കൊടുക്കണം. ഒരു ഗ്ലാസ് കട്ടൻകാപ്പിക്കു് 8ക. യാണ് വില. അതിൽ7ക12ണയുംടാക്സായി ഗവർമ്മെണ്ടിനുകിട്ടുന്നുണ്ടായിരിക്കണം.

പത്രപ്രവർത്തകർക്കു വാർത്താശേഖരണത്തിനു യാതൊരു സ്വാതന്ത്ര്യവും അവിടെയില്ല. സർക്കാർ കൊടുക്കുന്ന ഔദ്യോഗികവാർത്തകൾ മാത്രമേ ഉപയോഗപ്പെടുത്താവൂ. അഥവാ വാർത്താശേഖരണത്തിനു വല്ലവരും ഉദ്യമിച്ചാൽ ചാരവൃത്തിക്കുററം ചുമത്തപ്പെടും.

പോളണ്ടിൽ, റഷ്യക്കെതിരായി ഒരു വികാരഗതി ജനങ്ങളിൽ ദൃഢമൂലമായിട്ടുണ്ടെന്നാണ് അദ്ദേഹത്തിനു ഊഹിക്കുവാൻ സാധിച്ചതു്.

വിദേശികൾക്കു് ഇഷ്ടമുള്ള ഹോട്ടലുകളിൽ താമസിക്കുവാൻ അനുവാദമില്ല. ഏററവും നല്ല ഹോട്ടൽ തിരഞ്ഞെടുത്തു് വിദേശികൾക്കു കൊടുക്കുകയാണെന്നാണ് പറയുന്നതു്. എന്നാൽ വിദേശികളുടെ നടപടികൾ വീക്ഷിക്കുവാൻ സൗകര്യം കിട്ടുന്നതിലേക്കാണ് ഈ ഏർപ്പാടെന്നു് ഏറെക്കുറെ ഊഹിക്കാം.

ശ്രീ പനമ്പിള്ളി സ്വാനുഭവങ്ങളെ ആസ്പദമാക്കി നൽകിയിരിക്കുന്ന വിവരങ്ങളിൽനിന്നു കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ പ്രസംഗത്തിനും പ്രസിദ്ധീകരണത്തിനും സംഘാതപ്രവർത്തനത്തിനും സ്വൈരസഞ്ചാരത്തിനും അനുവദിക്കപ്പെട്ടിട്ടുള്ള സ്വാതന്ത്ര്യം നാമമാത്രമോ കേവലം ശൂന്യമോ ആണെന്നു കാണാവുന്നതാണ്. കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ സ്വാതന്ത്ര്യത്തിന്റെ ജന്മഭൂമികളാണെന്നു വിശ്വസിക്കുകയും ഇൻഡ്യയിലെ കോൺഗ്രസ്സ്ഗവർമ്മെണ്ടിനെ സ്ഥാനത്തും അസ്ഥാനത്തും വിമർശിക്കുകയും ചെയ്യുന്നവരുടെ കണ്ണു തുറപ്പിക്കുന്നതിനു ശ്രീ പനമ്പിള്ളി നൽകുന്ന വിവരങ്ങൾ പര്യാപ്തങ്ങളായിഭവിക്കട്ടെ.

* * *

## വള്ളത്തോളും മററും

## ചൈനയിലേക്കു്

ഇന്ത്യയിൽനിന്നു് ഒരു "സാംസ്കാരിക" പ്രതിനിധിസംഘം ഇക്കഴിഞ്ഞ ജൂലൈ 14-ാംനു- വിമാനമാർഗ്ഗം ചൈനയിലേക്കു പോയിട്ടുണ്ടു്. ഒരു ബംഗാളികലാകാരനായ മി. സചിൻ സെൻ ഗുപ്തയാണ് അതിന്റെ നേതാവു്. ഈ സംഘത്തിൽ മുപ്പതിൽപ്പരം ആളുകളുണ്ടെന്നറിയുന്നു. കേരളത്തിൽനിന്നു മഹാകവി വള്ളത്തോളും അദ്ദേഹത്തിന്റെ കഥകളിസംഘവും "പേരുകേട്ട പല നൃത്ത-നാട്യ-ഗാനവിദഗ്ദ്ധരും" ഇക്കൂട്ടത്തിൽ പോയിട്ടുണ്ടു്. അഞ്ചാഴ്ചക്കാലത്തെ പര്യടനം നടത്താനാണത്രെ ഈ പ്രതിനിധിസംഘം ഉദ്ദേശിച്ചിരിക്കുന്നതു്.

"ചൈനയിൽ ഞങ്ങളുടെ പ്രഥമവും പ്രധാനവുമായ പ്രവൃത്തി, ചൈനയുമായി സ്നേഹസൗഹാർദ്ദങ്ങളോടെ വർത്തിക്കാനുള്ള ഇന്ത്യയുടെ മഹത്തായ അഭിലാഷം ഞങ്ങളുടെ പാട്ടുകളിലൂടെയും നൃത്തസംഗീതങ്ങൾ മുഖേനയും ചൈനയെ എത്തിച്ചുകൊടുക്കുക എന്നതായിരിക്കു"മെന്നു പ്രതിനിധിസംഘാംഗങ്ങൾ ന്യൂഡൽഹിയിലെ വിമാനത്താവളത്തിൽവച്ചു പത്രപ്രതിനിധികളോടു പ്രസ്താവിച്ചതായി റിപ്പോർട്ടുണ്ടു്. തങ്ങൾ ചൈന വിടുന്നതിനുമുമ്പു്, ചൈനയിൽനിന്നൊരു "സാംസ്കാരിക" പ്രതിനിധിസംഘം ഇന്ത്യയിലേക്കു വരുന്നതിനു് ഏർപ്പാടുചെയ്യുവാൻ ഇന്ത്യൻ പ്രതിനിധിസംഘം ഉദ്ദേശിക്കുന്നുണ്ടത്രെ.

"ഈ വയസ്സുകാലത്തു് ഇത്രയും നീണ്ടൊരു യാത്രയ്ക്കു പുറപ്പെടാൻ എന്നെ നിർബ്ബന്ധിച്ചതു്, പുതിയ ഭരണത്തിന്റെ കീഴിൽ ചൈനയ്ക്കുണ്ടായിട്ടുള്ള പുരോഗതി നേരിട്ടുകാണാനുള്ള അതിയായ ആഗ്രഹമാണെ"ന്നു മഹാകവി വള്ളത്തോൾ സന്ദേശത്തിൽ പ്രസ്താവിച്ചതായും റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.

അഖിലേന്ത്യാ സമാധാനകൗൺസിലിന്റെ ആഭിമുഖ്യത്തിലാണ് ഈ "സാംസ്കാരിക"സംഘംസംഘടിപ്പിക്കപ്പെട്ടിട്ടുള്ളതു്. ആ സ്ഥിതിക്കു ഈ "സാംസ്കാരിക"പ്രതിനിധിസംഘത്തിലെ അംഗങ്ങളെല്ലാം, സാക്ഷാലിന്ത്യൻ സംസ്കാരത്തിന്മേൽ ഇത്തിക്കണ്ണിപോലെ പററിപ്പിടിച്ചു വളരാൻ തുടങ്ങിയിരിക്കുന്ന വിദേശീയകമ്മ്യൂണിസ്റ്റ് "സംസ്കാര"ത്തിന്റെ പ്രതിനിധികളായിരിക്കാനേ ഇടയുള്ളു. മഹാകവി വള്ളത്തോളും മററും റഷ്യയിൽ പോയിവന്നശേഷം ചെയ്തപോലെ, ചൈനയിൽ പോയിവന്ന ശേഷം ആ രാജ്യത്തിന്റെ "പുരോഗതി"യേയും പ്രകീർത്തിക്കുമെന്നു പ്രതീക്ഷിക്കാവുന്നതാണ്. ചൈനയിൽ പോയിവന്ന ആളുകൾ വേറെയും ചിലരുണ്ടെന്നു് ഓർത്തിരിക്കുന്നതു നന്നായിരിക്കും.

* * *

## "കഴുത്തു കണ്ടിക്കുന്ന ഭരണം"

## വേണ്ടെന്നു ശ്രീ പട്ടം

തിരുവനന്തപുരം പോർട്ട് ആൻഡ് ഹെഡ്‌ലോഡ് വർക്കേഴ്സ് യൂണിയൻ വാർഷികം പ്രമാണിച്ചു് പഴവങ്ങാടി മൈതാനത്തു ഓഗസ്റ്റ് 9-ാംനു- കൂടിയ പൊതുയോഗത്തിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ടു് ശ്രീ പട്ടം താണുപിള്ള ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:-

ഇന്ത്യയുടെ സാഹചര്യങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഇവിടെ വളരുവാൻ പോകുന്നില്ല. കാരണം അക്രമത്തിന്റെ മാർഗ്ഗം ഇന്ത്യക്കു സ്വീകാര്യമല്ല. റഷ്യയിൽ എന്താണു നടക്കുന്നതു? ഒരാൾ അധികാരത്തിൽ വന്നാൽ, അതുവരെ വിപ്ലവം നയിച്ചിട്ടുള്ളവരും ഭരണം നടത്തിയവരുമായ കുറെയാളുകളുടെ കഴുത്തു കണ്ടിക്കുകയായി. 30 വർഷക്കാലം റഷ്യയുടെ അത്യുന്നതനേതാവായിരുന്ന ബെറിയാ മലങ്കോവു് അധികാരത്തിൽ വന്നു് ഏതാനും ദിവസങ്ങൾക്കകം രാജ്യദ്രോഹിയായി. ഇവിടെ ടി. വി. തോമസ് അധികാരത്തിൽ വരുന്നുവെന്നു് വിചാരിക്കുക—അതുണ്ടാകരുതേയെന്നു ഞാൻ പ്രത്യാശിക്കുന്നു. അപ്പോൾ എം. എൻ. ഗോവിന്ദൻനായരുടെയും പി. ററി. പുന്നൂസിന്റെയും നില എന്തായിരിക്കും? അല്ലെങ്കിൽ എം. എൻ. ഗോവിന്ദൻനായർ അധികാരത്തിൽ വന്നാൽ ടി. വി. തോമസിന്റെയും അച്യുതമേനോന്റെയും ശിരസ്സ് നഷ്ടപ്പെടുകയില്ലെന്നാരറിഞ്ഞു? അതുകൊണ്ടു കമ്മ്യൂണിസ്റ്റ് ഭരണത്തിൽ രാജ്യം സ്വർഗ്ഗമായാൽത്തന്നെയും ആ സ്വർഗ്ഗം വേണ്ടെന്നു ഞാൻ പറയും. ആരുടെയും കഴുത്തുകണ്ടിക്കുന്ന ആ സ്വർഗ്ഗത്തെക്കാൾ എല്ലാവർക്കും സ്വൈരമായി ജീവിക്കാവുന്ന ഒരു രാജ്യം മതിയെന്നാണെന്റെ അഭിപ്രായം.

സാമ്പത്തികപരിവർത്തനം ഇന്നു നമ്മുടെ രാജ്യത്തിനു് ആവശ്യമാണ്. ഞാനും സാമ്പത്തികപരിവർത്തനത്തിനുവേണ്ടി നിലകൊള്ളുന്നു. എന്നാൽ രക്തപ്പുഴകൾ ഒഴുക്കിക്കൊണ്ടുള്ള സാമ്പത്തികപരിവർത്തനത്തിനു ഞങ്ങൾ തയ്യാറില്ല. ഇന്ത്യയുടെ പാരമ്പര്യത്തിനു അനുയോജ്യവും മാനുഷികമൂല്യങ്ങളെ ആദരിച്ചുകൊണ്ടുള്ളതുമായ പരിവർത്തനമാണ് ഈ നാടിനാവശ്യം. എനിക്കു എന്റെ യുവസ്നേഹിതന്മാരോടു ഒന്നേ പറയുവാനുള്ളു. നിങ്ങൾ പുരോഗതിയും സാമ്പത്തികപരിവർത്തനവും ആഗ്രഹിക്കുന്നുവെങ്കിൽ അവ സമാധാനപരമായ രീതിയിൽ കൈവരുത്തുവാൻ നമുക്കെല്ലാവർക്കും ഭിന്നതകൾ അവസാനിപ്പിച്ചു യോജിച്ചു പ്രവർത്തിക്കാം. എല്ലാവരും യോജിച്ചു പ്രവർത്തിച്ചാൽ അതു സാദ്ധ്യമാവുകയും ചെയ്യും.

* * *

## റഷ്യയിലെ നരവേട്ട

ഇക്കഴിഞ്ഞ ജൂലൈ 19-ാംനു-യിലെ മദ്രാസ്‌മെയിൽ പത്രത്തിൽ മി. അലക്സാണ്ടർ ഉറലോവു് എഴുതിയിട്ടുള്ള ഒരു ലേഖനത്തിൽ റഷ്യയിലെ നരവേട്ടയുടെ കണക്കു കൊടുത്തിട്ടുണ്ടു്. അതു ശ്രീ പട്ടത്തിന്റെ പ്രസ്താവത്തെ തെളിയിക്കുന്ന ഒന്നാകയാൽ അതിലെ ചില വിവരങ്ങൾ താഴെ ചേർക്കുന്നു.

ലനിന്റെ കാലത്തു പൊളിററ്ബ്യൂറോയുടെ (കമ്മ്യൂണിസ്റ്റ് പാർട്ടിവക സെൻട്രൽ കമ്മിററിയുടെ പ്രവർത്തകസമിതി) അംഗങ്ങളായിരുന്ന 28 പേരിൽ, 17 പേർ വെടിവച്ചു കൊല്ലപ്പെട്ടു; 3 പേർ "പെട്ടെന്നു" മരിച്ചു; ഒരാൾ സ്വാഭാവികമരണം പ്രാപിച്ചു; ഒരാൾ ശത്രുക്കളാൽ വധിക്കപ്പെട്ടു; ഒരാൾ നാടുകടത്തപ്പെട്ടു; 5 പേർമാത്രം ഇപ്പോൾ ജീവിച്ചിരിപ്പുണ്ടു്. സോവ്യററ് സെൻട്രൽ കമ്മിററിയുടെ കണക്കനുസരിച്ചു് 1925-നും 1938-നുമിടയ്ക്കു പാർട്ടിയിൽനിന്നു ബഹിഷ്കൃതരാകയും തടവിലടയ്ക്കപ്പെടുകയും ചെയ്തവരുടെ സംഖ്യ 5 ലക്ഷത്തോളമെങ്കിലും വരും. ജർമ്മനിയിൽനിന്നും തിരികെ കൊണ്ടുവന്നു് "പിതൃരാജ്യത്തെ ഒററിക്കൊടുത്തവർ" എന്ന കുററമാരോപിച്ചു് അടിമത്താവളങ്ങളിൽ പാർപ്പിക്കപ്പെട്ട തൊഴിലാളികളും യുദ്ധത്തടവുകാരുമടങ്ങിയ സോവ്യററ് പൗരന്മാരുടെ എണ്ണം ഉദ്ദേശം 55 ലക്ഷം വരുമെന്നു ഔദ്യോഗികവിവരങ്ങളെ ആധാരമാക്കി കണക്കാക്കപ്പെട്ടിരിക്കുന്നു. 1922-നും 1945-നുമിടയ്ക്കു് ഉദ്യോഗസ്ഥന്മാർ, പാർട്ടിമെംബറന്മാർ, കൃഷിക്കാർ, തൊഴിലാളികൾ, പുരോഹിതന്മാർ തുടങ്ങി അറസ്റ്റുചെയ്യപ്പെട്ടവരുടെ സംഖ്യ ഏതാണ്ടു് താഴെ ചേർക്കുംപ്രകാരമാണ്.

| | |
|---|---|
| 1922 | 6000 |
| 1927 | 14,000 |
| 1930 | 1,500,000 |
| 1932 | 2,500 000 |
| 1938 | 11,500,000 |
| 1941 | 13,500 000 |

പൂർത്തിയായ ഒരു കണക്കല്ല മുകളിൽ കൊടുത്തിരിക്കുന്നതു്. റഷ്യൻ വിപ്ലവത്തിനുശേഷം അറസ്റ്റുചെയ്യപ്പെടുകയും വധിക്കപ്പെടുകയും ചെയ്തവരുടെ സംഖ്യ നിർണ്ണയിക്കുക പ്രയാസം. അക്കൂട്ടത്തിൽ ഒന്നാംകിടയിൽപ്പെട്ട പാർട്ടിനേതാക്കളും സാധാരണക്കാരായ പാർട്ടിയംഗങ്ങളും പെടുന്നതാണ് വിചിത്രമായിരിക്കുന്നതു്. സുരക്ഷിതത്വബോധത്തോടെ കമ്മ്യൂണിസ്റ്റ്പാർട്ടിയിൽപെട്ടവർക്കുപോലും ജീവിക്കുക സാദ്ധ്യമല്ല. കത്തോലിക്കാസഭയുടെ സിദ്ധാന്തങ്ങൾ സ്വീകരിക്കുന്നതിനു വിസമ്മതിക്കുകയും അതിന്റെ ശിക്ഷണത്തിനു മനഃപൂർവ്വം വിധേയരാകാതിരിക്കുകയും ചെയ്യുന്നവരെ വല്ലപ്പോഴും "മഹറോൻ" ചൊല്ലുന്നപക്ഷം ചിലർ വലിയ ഒച്ചപ്പാടുണ്ടാക്കാറുണ്ടു്. മഹറോൻ ചൊല്ലുക എന്നുവച്ചാൽ, അതിനു വിഷയമാകുന്ന വ്യക്തികൾ സഭയുടെ അംഗങ്ങളല്ലെന്നു ഔദ്യോഗികമായി പ്രഖ്യാപിക്കുക എന്നു മാത്രമേ അർത്ഥമാകുന്നുള്ളു. എന്നാൽ പാർട്ടി ശിക്ഷണത്തിനു വിധേയരാകാത്തവരുടേയും പാർട്ടിനേതാക്കളുടെ അപ്രീതിക്കു പാത്രമാകുന്നവരുടേയുംനേർക്കു കമ്മ്യൂണിസ്റ്റ്കാർ അനുവർത്തിക്കുന്ന നയം നോക്കുക!!

* * *

## മുൻ റഷ്യൻനേതാവിന്റെ പ്രസ്താവം

1917-ൽ റഷ്യയിലെ സാർചക്രവർത്തിയെ നിഷ്കാസനം ചെയ്തു ഭരണം കൈയേൽക്കുകയും ലനിൻ ഭരണക്കൂടം പിടിച്ചടക്കിയതുവരെ ഏതാനും മാസക്കാലത്തേക്കു ഭരണം തുടരുകയും ചെയ്ത മുൻ റഷ്യൻ വിപ്ലവനേതാവായ മി. അലക്സാണ്ടർ കെറൻസ്കി ഇപ്പോൾ ഇംഗ്ലണ്ടിൽ വസിക്കുകയാണ്. ഈയിടെ അദ്ദേഹം ജർമ്മനിയുടെ തലസ്ഥാനമായ ബർലിൻ സന്ദർശിക്കുകയുണ്ടായി. അവിടെവച്ചു് ഇക്കഴിഞ്ഞ ആഗസ്റ്റ് 11-ാംനു- അദ്ദേഹം ചെയ്ത ഒരു പ്രസ്താവനയിൽ ലോകവ്യാപകമായ തോതിൽ കമ്മ്യൂണിസ്റ്റ്‌വിപ്ലവം നടത്തുവാൻ റഷ്യക്കുള്ള ഉദ്ദേശത്തേയും ഇൻഡ്യയെ കൈയടക്കുവാനുള്ള ദുർമ്മോഹത്തേയും തൊലിയുരിഞ്ഞുകാണിച്ചു. റഷ്യയിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ ഇപ്പോഴുള്ള അന്തഃഛിദ്രംനിമിത്തം പാർട്ടി അധികം താമസിയാതെ "തവിടുപൊടിയാകു"മെന്നാണ് തന്റെ ബോദ്ധ്യമെന്നു് അദ്ദേഹം പ്രസ്താവിച്ചു. അടുത്തുതന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഒരു വലിയ ശുദ്ധീകരണം നടക്കുമെന്നു പ്രവചിച്ചുകൊണ്ടു് അദ്ദേഹം തുടർന്നു: "എല്ലാ ബെറിയാ പക്ഷക്കാരും വിളംബംവിനാ നീക്കപ്പെടും. മലങ്കോവുഗവർമ്മെൻറു എത്രപേരെ ശുദ്ധീകരണത്തിനിരയാക്കിയെന്നു ബാഹ്യലോകം അറികയില്ല. എന്നാൽ അനേകായിരംപേർ ബെറിയായോടു തങ്ങൾക്കുള്ള ബന്ധംനിമിത്തം ജീവനർപ്പിക്കേണ്ടിവരുമെന്നു് എനിക്കുറപ്പുണ്ടു്." ഇതാണ് സോവ്യററുസ്വർഗ്ഗത്തിന്റെ തനിനിറം.

സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0

ഇൻഡ്യക്കു പുറമെ " 8—0—0

## അടുത്തയാഴ്ചയിൽ

ആഗസ്റ്റ്

23 ഞാ: പന്തക്കുസ്താ 13-ാം ഞായർ

24 തി: ബത്തലൂമ്മാ

25 ചൊ: ലൂദിവിക്കോസ്

26 ബു: സെപ്പരീനോസ്

27 വ്യാ: ത്രേസ്യായുടെ ഏദയഭേദനം

28 വെ: അഗുസ്തീനോസ്

29 ശ: യോഹന്നാൻ മാംദാനായുടെ ശിരച്ഛേദം

## കൈപ്പററി

1) മലയാളമനോരമ—വാഷികവിശേഷാൽപ്രതി, കോട്ടയം.

2) കത്തോലിക്കാജീവിതം വിശേഷാൽപ്രതി, ആലപ്പുഴ.

3) കഥാലോകം (പുസ്തകം 1, ലക്കം 1), ചാലക്കുടി.

4) ഗ്രാമീണൻ (പുഷ്പം 1, ദളം 2) കണ്ടല്ലൂരക്കടവ്

## തിരുത്ത്

1953 ആഗസ്റ്റ് 5-ാംനു- യിലെ സത്യദീപം 7-ാംപേജ് 1-ാംകോളത്തിൽ "ദൈവികത്വത്തിന്റെ ചില വ്രണങ്ങൾ" എന്നു അടിച്ചിരിക്കുന്നതു "വൈദികത്വത്തിന്റെ ചില വ്രണങ്ങൾ" എന്നു തിരുത്തിവായിപ്പാനപേക്ഷ.

## ശതാബ്ദജൂബിലി

ആലുവായിൽ സ്ഥാപിതമായിരിക്കുന്ന ഫ്രാൻസീസ്കൻ രണ്ടാം സഭക്കാരായ ക്ലാരകന്യാസ്ത്രീകളുടെ അസ്സീസിമഠത്തിൽ വിശുദ്ധ ക്ലാരയുടെ ഏഴാംശതാബ്ദജൂബിലി ആഘോഷിച്ചിരിക്കുന്നു.

കേരളത്തിലെ ഫ്രാൻസീസ്കൻ മൂന്നാംസഭയുടെ ഉപരക്ഷാധികാരിയായ തൃശ്ശൂർ മെത്രാൻ റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട തിരുമനസ്സുകൊണ്ടു് ആഗസ്റ്റ് 9-ാംതീയതി ജൂബിലി ആഘോഷങ്ങൾ ഉൽഘാടനംചെയ്തു. തുടർന്നു് ബ്രദർ പീററർ റെസ്സി എം. എ., ശ്രീമാൻ കെ. സി. ചാക്കോ M. A. M. S; B. E; A. M. I. E; A. M; Am. S. C. E. എന്നിവർ പ്രസംഗിച്ചു. തെക്കു് ഇടത്വാമുതൽ വടക്കു് വടക്കാഞ്ചേരിവരെയുള്ള വിവിധ രൂപതകളിലെ അനേകം ഇടവകകളിൽ സ്ഥാപിതമായിരിക്കുന്ന ഫ്രാൻസിസ്കൻമൂന്നാംസഭയുടേയും സത്യാരാധന സഖ്യാംഗങ്ങളുടേയും പ്രതിനിധികളും, വിശിഷ്യ ആശ്രമവാസികളായ മൂന്നാം സഭാകന്യാസ്ത്രീകളുടേയും വൈദികവിദ്യാർത്ഥികളുടേയും പ്രതിനിധികളും കമ്മലീത്താ ഒന്നാംസഭയിലേയും മൂന്നാംസഭയിലേയും അനേക ബ. വൈദികരും ജൂബിലി ഉൽഘാടനച്ചടങ്ങിൽ സംബന്ധിച്ചിരുന്നു. പുണ്യവതിയുടെ തിരുസ്വരൂപം എഴുന്നള്ളിച്ചുകൊണ്ടു് ആലുവാപട്ടണത്തിൽക്കൂടി നടത്തിയ പ്രദക്ഷിണസമയത്തു് ഓരോരുത്തരുടേയും കൈയിൽ 36 ഇഞ്ചു് നീളമുള്ള മരക്കുരിശു് ഉണ്ടായിരുന്നു.

അന്നുരാത്രി 9 മണിക്കു്. ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ കമ്മിസറിയായ ബ. ലിയൊ അച്ചന്റെ അദ്ധ്യക്ഷതയിൽ സെൻറു്മേരീസ് ഇംഗ്ലീഷ് ഹൈസ്കൂളിൽവച്ചു് ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങളുടേയും സത്യാരാധന സഖ്യാംഗങ്ങളുടേയും ഒരു അസാധാരണ കാര്യാലോചനമീററിംങ്ങു് നടത്തി. തൃശ്ശൂർ മെത്രാൻ റൈററു് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടതിരുമേനിയെ സത്യാരാധന സഖ്യത്തിന്റെ രക്ഷാധികാരിയായും, മാത്തച്ചൻ എം. കുരുവനാക്കുന്നേൽ അവർകളെ സത്യാരാധനസഖ്യത്തിന്റെ പൊതുവായ ലീഡറായും ഐകകണ്ഠ്യേന തിരഞ്ഞെടുത്തു.

ആഗസ്റ്റ് 10—ം 11—ം തീയതികളിൽ കാലത്തു് പാട്ടുകുർബാനയും പ്രസംഗവും, വൈകുന്നേരം പ്രസംഗവും പ്രദക്ഷിണവും വേസ്പരയും വി. കുർബാനയുടെ വാഴ്‌വും ഉണ്ടായിരുന്നു.

ആഗസ്റ്റ് 12—ാംതീയതി കേരളത്തിലെ ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ രക്ഷാധികാരിയായ വരാപ്പുഴമെത്രാപ്പോലീത്താ അസ്സീസിമഠംവക കപ്പേളയിൽ പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു. തുടർന്നു് വി. കുർബാനയുടെ പ്രദക്ഷിണം നടത്തി. റവ. ഫാ. ഫെലിക്സ് ഒ. സി. ഡി. എം. പ്രസംഗിച്ചു. ഉച്ചകഴിഞ്ഞു് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ പൊതുയോഗം കൂടി. ബ്രദർ പീററർ റെസ്സി എം. ഏ., ശ്രീമാൻ കെ. എ. പോൾ എന്നിവർ ഓരോ പ്രസംഗംചെയ്തു.

## തിരുക്കൊച്ചിവാർത്തകൾ

### രാമനിലയത്തെ പ്രകടനങ്ങൾ

തൃശ്ശൂർ രാമനിലയത്തിൽ ചികിത്സാർത്ഥം താമസിച്ചുവരുന്ന കേന്ദ്ര പ്ലാനിംഗ് മന്ത്രി ശ്രീ ഗുൽസാരിലാൽ നന്ദയെ സന്ദർശിച്ചു് നാട്ടിലെ ഭക്ഷ്യക്ഷാമപ്രശ്നത്തേയും മററും സംബന്ധിച്ചു് ഒരു മെമ്മൊറാണ്ഡം സമർപ്പിക്കുന്നതിനായി കെ. എസ്. പി., പി. എസ്. പി. എന്നീ പ്രതിപക്ഷസംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ ഒരു ജാഥ ജൂലൈ 30-ാംനു- രാമനിലയത്തെത്തുകയുണ്ടായി. പോലീസിന്റെ തടസ്സം വകവയ്ക്കാതെ അകത്തുപ്രവേശിക്കാൻ ശ്രമിച്ച ഏതാനും ജാഥാംഗങ്ങൾ അന്നു് അറസ്റ്റു ചെയ്യപ്പെട്ടു. ഒരാൾക്കു് സന്ദർശനമനുവദിക്കുവാൻ മന്ത്രി പിന്നീടു സമ്മതിച്ചെങ്കിലും ആഗസ്റ്റ് 9-ാംനു- ആറുപേർ ജാഥയായി രാമനിലയത്തേക്കു പുറപ്പെടുകയാണുണ്ടായതു്. നിരോധനാജ്ഞ ലംഘിച്ചു് അകത്തു പ്രവേശിച്ചതിനെത്തുടർന്നു് അവർ ആറുപേരും അറസ്റ്റുചെയ്യപ്പെട്ടു. ജനസമൂഹത്തെ പിരിച്ചുവിടാൻ പോലീസ് കണ്ണീർവാതകം ഉപയോഗിച്ചതായും റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. പ്രകടനങ്ങൾ ഇപ്പോൾ നിർത്തിവച്ചിരിക്കയാണു്.

### അസംബ്ലി

തിരുക്കൊച്ചി അസംബ്ലിയുടെ അടുത്ത സമ്മേളനം സെപ്ററംബർ 22-ാംനു- ആരംഭിക്കുന്നതാണെന്നറിയുന്നു.

### വിദ്യാലയങ്ങൾക്കുള്ള അവധി

തിരുക്കൊച്ചിസംസ്ഥാനത്തെ എല്ലാ അംഗീകൃതവിദ്യാലയങ്ങൾക്കും ഓണംപ്രമാണിച്ചു് ആഗസ്റ്റ് 21 മുതൽ 31 വരെയും ക്രിസ്തുമസ് പ്രമാണിച്ചു് ഡിസംബർ 24 മുതൽ ജനുവരി 3 വരെയും അവധിയായിരിക്കുമെന്നു് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

### മത്സ്യത്തൊഴിലാളികൾക്കു വീടു്

നെയ്യാററിങ്കര - വിളവംകോടു കമ്മ്യൂണിററിപ്രോജക്ടു് ഏരിയായിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്കു് വീടുവയ്ക്കുന്നതിനായി അഞ്ചേകാൽ ലക്ഷം ക. അനുവദിച്ചിരിക്കുന്നു. 1500 ക. വരെ ചെലവുചെയ്തു് 350 വീടുകൾ പണികഴിക്കാനാണുദ്ദേശിച്ചിരിക്കുന്നതു്.

### കോൺഗ്രസ്സ് യോഗം

കോൺഗ്രസ്സും തമിഴ്നാടു കോൺഗ്രസ്സും തമ്മിലുള്ള ബന്ധത്തെപ്പററി ആലോചിക്കാൻ ആഗസ്റ്റ് 8-ാംനു- കൊല്ലത്തുവച്ചു കെ. പി. സി. സി. യുടേയും കോൺഗ്രസ്സ് പാർലമെൻററി പാർട്ടിയുടേയും ഒരു സംയുക്തയോഗംകൂടി. ആലോചന രണ്ടുമാസത്തേക്കു നീട്ടിവയ്ക്കാൻ കോൺഗ്രസ്സു ജനറൽ സെക്രട്ടറിയുടെ നിർദ്ദേശം വന്നതു സ്വീകരിച്ചു യോഗം പിരിഞ്ഞു.

## ഇൻഡ്യാ വാർത്തകൾ

### കാഷ്മീരിലെ സംഭവവികാസങ്ങൾ

കാഷ്മീർ പ്രധാനമന്ത്രിയായ മി. ഷേക്കു് മുഹമ്മദ് അബ്ദുള്ളായെ അവിടത്തെ (ഗവർണ്ണർ) സർദാർ ഇറിയാസത്തു് മി. കരൻസിംഗ് ആഗസ്റ്റ് 9-ാംനു- ഡിസ്മിസ് ചെയ്യുകയും കാഷ്മീർ മന്ത്രിസഭ പിരിച്ചുവിടുകയുംചെയ്തു. തുടർന്നു് അബ്ദുള്ളാമന്ത്രിസഭയിലെ ഡപ്യൂട്ടി പ്രധാനമന്ത്രിയായിരുന്ന മി. ബക്ഷിഗുലാം മുഹമ്മദു് പ്രധാനമന്ത്രിയായി നിയമിക്കപ്പെട്ടു. ഷേക്കു് അബ്ദുള്ളായും അദ്ദേഹത്തിന്റെ കീഴിൽ റവന്യൂമന്ത്രിയായിരുന്ന മി. മിഴ്സാ അഫ്സൽബെഹ്ഗും പിന്നീടു് അറസ്റ്റുചെയ്യപ്പെട്ടിരിക്കുന്നു. ഈ സംഭവവികാസങ്ങൾ സംബന്ധിച്ചു് കാഷ്മീറിലെ സർദാർ ഇറിയാസത്തു് പുറപ്പെടുവിച്ചിരിക്കുന്ന വിശദീകരണത്തിൽ ഷേക്കു് അബ്ദുള്ളായുടെ മന്ത്രിസഭയ്ക്കു് സ്റ്റേററിന്റെ ഐക്യവും ഭദ്രതയുംസംരക്ഷിക്കുവാൻ സാദ്ധ്യമല്ലാതായിത്തീർന്നിരിക്കുന്നെന്നും ഗുരുതരമായ അഭിപ്രായഭിന്നതകളും കാര്യക്ഷമതാരാഹിത്യവുംമൂലം മന്ത്രിസഭയ്ക്കു് ജനങ്ങളുടെ പിന്തുണ നഷ്ടപ്പെട്ടിരിക്കുന്നെന്നും വ്യക്തമാക്കിയിരിക്കുന്നു.

### പെപ്സുവിൽ തെരഞ്ഞെടുപ്പു്

പെപ്സു സ്റ്റേററിൽ 1954-ൽ പൊതുതെരഞ്ഞെടുപ്പു് നടത്തുന്നതാണെന്നു് കേന്ദ്രമന്ത്രി ഡോക്ടർ കട്ജു ജനസഭയിൽ പ്രസ്താവിച്ചിരിക്കുന്നു. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിൽ ഒരു കോൺഗ്രസേതരമന്ത്രിസഭ അധികാരത്തിൽവന്ന ഇൻഡ്യയിലെ ഏകസംസ്ഥാനം പെപ്സുവാണല്ലോ.

### ക്രിസ്തീയ എം. പി. മാരുടെ മെമ്മോറാണ്ടം

ആഭ്യന്തരമന്ത്രി ഡോ. കട്ജു വിദേശമിഷനറിമാരെപ്പററി പാർലമെൻറിൽ ചെയ്ത പ്രസ്താവനകളിൽ ഉൽക്കണ്ഠ പ്രകടിപ്പിച്ചുകൊണ്ടു് പാർലമെൻറിലെ ക്രിസ്ത്യൻ എം. പി. മാർ പ്രധാനമന്ത്രി നെഹ്റുവിനു ഒരു മെമ്മോറാണ്ടം സമർപ്പിക്കാൻ നിശ്ചയിച്ചിട്ടുള്ളതായറിയുന്നു.

## വിദേശവാർത്തകൾ

### കാനഡായിൽ ലിബറൽപാർട്ടി വീണ്ടും

കാനഡായിൽ ആഗസ്റ്റ് 10-ാംനു- നടന്ന പൊതുതിരഞ്ഞെടുപ്പിൽ, മുൻമ്പു് അധികാരത്തിലിരുന്ന ലിബറൽപാർട്ടിതന്നെ വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി വിജയം വരിച്ചിരിക്കുന്നു. തുടർച്ചയായി ഇതു് അഞ്ചാമത്തെ പ്രാവശ്യമാണു് പ്രസ്തുത പാർട്ടി അധികാരത്തിൽ വരുന്നതു്.

### സുപ്രീംസോവ്യററിന്റെ തീരുമാനങ്ങൾ

മോസ്കോയിൽ ഈയിടെ സമ്മേളിച്ച സുപ്രീംസോവ്യററു് സമ്മേളനം ബെറിയായെ സംബന്ധിച്ചും മററു സോവ്യററുദ്യോഗസ്ഥന്മാരെ സംബന്ധിച്ചും സോവ്യററു പ്രിസീഡിയം സ്വീകരിച്ച നടപടികൾ ശരിവച്ചിരിക്കുന്നു. സോവ്യററു് ഭരണഘടനയിൽ ഒരു ഭേദഗതിവരുത്തി കമ്മ്യൂണിസ്റ്റു് പാർട്ടിയുടെപേരിൽ നിന്നു് "ബോൾഷെവിക്" എന്ന വാക്കു് നീക്കംചെയ്യുവാനും സമ്മേളനം തീരുമാനിക്കുകയുണ്ടായി.

എല്ലാവിധ അലോപ്പതി, ഹോമിയോപ്പതി, ബയോകെമിസ്റ്റു്, ആയുർവ്വേദ ഔഷധങ്ങൾക്കും,
ചികിത്സയ്ക്കും കേരളത്തിലെ രണ്ടു് സ്ഥാപനങ്ങൾ:

| | |
|---|---|
| V. M· Chemical Works & Dispensary | Bharat Sevak Samaj Day & Night |
| H. O. Kattanam, Pallickal P. O. | Dispensary & Medical Stores |
| Kayangulam, T.C.State | Kayangulam, T.C.State |

Managing Proprietor & Chief Physician
Dr. V· V. PHILIP — ഡാക്ടർ വി. വി. ഫിലിപ്പ്

### ഈജിപ്റ്റിൽ ഭൂനയപരിഷ്കാരം

ഈജിപ്റ്റിൽ ഇപ്പോൾ നടപ്പിൽവരുത്തിയിരിക്കുന്ന ഭൂനയപരിഷ്കാരമനുസരിച്ചു് സന്താനങ്ങളുള്ള ഒരാൾക്കു് 300 ഏക്കറും സന്താനങ്ങളില്ലാത്ത ഒരാൾക്കു് 200 ഏക്കറുമാണു് പരമാവധി കൈവശം വയ്ക്കാവുന്ന കൃഷിഭൂമി. ഇതനുസരിച്ചു് 1,80,000 ഏക്കർ ഭൂമി ഈജിപ്ഷ്യൻ ഗവൺമെൻറു് മുൻരാജകുടുംബാംഗങ്ങളിൽനിന്നും വൻകിടജന്മിമാരിൽനിന്നും ഒഴിപ്പിച്ചെടുത്തു് അഞ്ചേക്കറിൽ കൂടുകയോ രണ്ടേക്കറിൽ കുറയുകയോ ചെയ്യാത്തവിധം ഭൂമിയില്ലാത്ത കൃഷിക്കാരുടെ ഇടയിൽ വിതരണം ചെയ്തിരിക്കുന്നു. സ്വത്തു നഷ്ടപ്പെട്ട ജന്മികൾക്കു് 30 കൊല്ലംകൊണ്ടു തിരിച്ചുകിട്ടുന്ന ഗവർമ്മെൻറുബോണ്ടുകളുടെ രൂപത്തിൽ പ്രതിഫലം നൽകുവാനും തീരുമാനിച്ചിട്ടുണ്ടു്.

### ജനറൽക്ലാക്ക് രാജിവച്ചു

വിദൂരപൂർവ്വദേശത്തെ ഐക്യരാഷ്ട്ര സുപ്രീംകമാൻഡറായ ജനറൽ മാക്ക്ക്ലാക്കു് കൊറിയൻ യുദ്ധവിരാമത്തെ തുടർന്നു് പ്രസ്തുതോദ്യോഗത്തിൽനിന്നും രാജിവച്ചിരിക്കുന്നു.

### കൊറിയയിൽ

കൊറിയയിൽ യുദ്ധവിരാമസന്ധിക്കു് ഇരുകക്ഷികളും ഒപ്പുവച്ചതിനെ തുടർന്നു് യുദ്ധത്തടവുകാരുടെ കൈമാററം ആഗസ്റ്റ് 5-ാംനു-മുതൽ ആരംഭിച്ചിരിക്കുന്നു.

### മതവിരുദ്ധസാഹിത്യങ്ങൾ നിരോധിക്കുന്നു

മതത്തേയും മതനേതാക്കളേയും അവഹേളിക്കുന്ന ഗ്രന്ഥങ്ങളും ലഘുലേഖകളും വിതരണം ചെയ്യുന്നതിനെ നിരോധിക്കാനുള്ള ഒരു നിയമം നടപ്പിലാക്കുവാൻ സിലോൺ മന്ത്രിസഭ തീരുമാനിച്ചിരിക്കുന്നു. ഈ നിയമം അടുത്തുതന്നെ സിലോൺ പാർലമെൻറിൽ അവതരിപ്പിക്കപ്പെടുന്നതാണു്.

### ഏതുനേരത്തും സഹായത്തിനു തയാർ

അർജൻറീനായിൽ കൊർഡോബാനഗരത്തിൽ ഇപ്പോൾ ഒരു ഭക്തസഖ്യം നടക്കുന്നുണ്ടു്. "അന്ത്യകൂദാശയുടെ മാടമ്പിമാർ" എന്ന പേരിലാണു് അവർ അറിയപ്പെടുന്നതു്. ഈ രണ്ടു മാടമ്പിമാർ അവരുടെ ടെലഫോൺ ആഫീസിൽ രാത്രിമുഴുവൻ മാറിമാറി കാവലിരിക്കുന്നു. 6992-ാണു് അവരുടെ ടെലഫോൺ നമ്പർ. അതു നഗരത്തിലെല്ലാം പരസ്യപ്പെടുത്തിയിട്ടുണ്ടു്. രാത്രി ഏതു നേരത്തായാലും എവിടെയെങ്കിലും അന്ത്യകൂദാശകൾ കൊടുക്കാൻ ആവശ്യപ്പെട്ടാൽ തൽക്ഷണം ഫോണിൽ അവിടെ അറിയിച്ചാൽമതി. മാടമ്പിമാർ അവരുടെ സ്വന്തം ചെലവിൽ വൈദികനെയുംകൊണ്ടു് അവിടെ എത്തിക്കൊള്ളും.

## ചരമം

തൃശ്ശൂർ: കോനിക്കര വാറുണ്ണി തോമസ് അവർകളുടെ മകൾ കൊച്ചുത്രേസ്യ ജൂലൈ 21-ാം തീയതി നിര്യാതയായിരിക്കുന്നു.

—ആരക്കുഴ: പൂക്കാട്ടുചാലിൽ ജോസഫ് ജോസഫ് (പാപ്പച്ചൻ) 63-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

—അതിരമ്പുഴ: മൂരക്കുളത്തു് ഉലഹന്നൻ ഔസേപ്പു് 88-ാമത്തെ വയസ്സിൽ ജൂലൈ 24-ാംനു- നിര്യാതനായി.

—വല്ലാർപാടം: തുണ്ടിപ്പറമ്പിൽ മത്തായി ഭാര്യ വെളമ ആഗസ്റ്റ് 3-ാംനു- ചരമംപ്രാപിച്ചു.

—എറണാകുളം: മോൺ. ജേക്കബ് നടുവത്തുശേരി, ശ്രീ എൻ. വി. ജോസഫ് എന്നിവരുടെ സഹോദരിയും അഡ്വക്കേററ് ശ്രീ കെ. പി. ഇട്ടിരയുടെ മാതാവുമായ ശ്രീമതി കൊച്ചുമറിയം ആഗസ്റ്റ് 4-ാംനു- 80-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു. ശവസംസ്കാരകർമ്മം പിറേറദിവസം എറണാകുളം വികാരി ജനറാൾ മോൺ. പോത്തനാമൂഴി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

—പൂതൃക്കയിൽ മി. മിഖായേൽ വക്കി ആഗസ്റ്റ് 3-ാംനു- നിര്യാതനായിരിക്കുന്നു.

R. I. P.

വി. ചെറുപുഷ്പത്തിന്റെ മാദ്ധ്യസ്ഥത്താൽ എന്റെ കുട്ടി അത്ഭുതകരമായവിധം സൗഖ്യം പ്രാപിച്ചതിനു ഉപകാരസ്മരണ.

Mrs. Elizabeth John,
Paravattany

വി. യൂദാ തദേവൂസ് ശ്ലീഹായുടെ സഹായത്താൽ ഉദ്ദേശിച്ച കാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

ബേബി മൂലയിൽ

വി. ജലാർദ്ദ്മേയല്ലയുടെ മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

പി. എൽ. പി., വടക്കുംകര

ബ. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

സി. വി. പൊറുഞ്ചു,
എനാമ്മാക്കൽ

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

തോമസ് മാത്യു വെട്ടം,
പട്ടിക്കാടു്

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

വിമർശനവീഥി

# പ്രൊഫസർ മുണ്ടശ്ശേരിയെ ഒരു വലിയശാസ്ത്രജ്ഞൻ ഖണ്ഡിക്കുന്നു

ഗ്രന്ഥങ്ങൾക്കു് "ഇമ്പ്രിമാത്തുർ" കൊടുക്കാത്തതിനേയും ഗ്രന്ഥങ്ങൾ "ഇൻഡെക്സി"ലിടുന്നതിനേയും ആധാരമാക്കി പ്രൊഫസ്സർ മുണ്ടശ്ശേരി കത്തോലിക്കാ തിരുസ്സഭയുടെമേൽ ചൊരിഞ്ഞിട്ടുള്ള ആക്ഷേപങ്ങൾ അടിസ്ഥാനരഹിതങ്ങളും അന്തസ്സാരവിഹീനങ്ങളുമാണെന്നു കാണിക്കുവാൻ, ബർട്രാം സി. എ. വിൻഡിൽ എന്ന ഒരു വലിയ ശാസ്ത്രജ്ഞന്റെ വാക്കുകൾ 4 അക്കങ്ങളിലായി ഞങ്ങൾ കഴിഞ്ഞ ലക്കത്തിൽ ഉദ്ധരിച്ചിരുന്നല്ലോ. യഥാർത്ഥത്തിൽ ചീത്തയും വഴിപിഴപ്പിക്കുന്നവയുമായ ഗ്രന്ഥങ്ങളെ നിരോധിക്കേണ്ടതിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിച്ചശേഷം, ചില നല്ല പുസ്തകങ്ങൾക്കൂടി നിരോധിതഗ്രന്ഥങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലേ എന്ന ചോദ്യത്തിനു് അദ്ദേഹം സമാധാനം പറയുന്നു.

### ചില നല്ല പുസ്തകങ്ങൾ ഇൻഡെക്സിൽ പെടുത്തിയിട്ടില്ലയോ?

5. ശരി, എന്നാൽ വളരെ നല്ല ഗ്രന്ഥങ്ങൾകൂടി ഇൻഡെക്സിൽ പെടുത്തിയിട്ടുണ്ടു്, എന്നായിരിക്കാം ഇതിനുള്ള മറുപടി. അതു യഥാർത്ഥമായിരിക്കാൻ ഇടയുണ്ടു്. കാരണം ഞാനേററു പറയുന്നു, മിക്ക കത്തോലിക്കരേയും പോലെ ഇൻഡെക്സുമായി ഞാൻ സമ്പർക്കം പുലർത്തുന്നില്ല എന്നു്. എന്നാൽ ഇത്തരം പല കെയ്സുകളിലും, ഇൻഡെക്സിൽ പെടുത്തുക എന്നുവച്ചാൽ, മൗലികമല്ലെങ്കിലും ഗൗരവമായ ഏതോ വേദശാസ്ത്രസംബന്ധമായ തെററു ഗ്രന്ഥത്തിലുണ്ടെന്നേ അർത്ഥമുള്ളു. അതു ശരിപ്പെടുത്തിക്കഴിയുമ്പോൾ പുസ്തകം ഇൻഡെക്സിൻ പുറത്തുവരികയും ചെയ്യുന്നു.

### ഒരുദാഹരണം

6. ഉദാഹരണമായി, കോപ്പർനിക്കസിന്റെ പുസ്തകത്തെപ്പററി തെററായ വളരെയധികം കഥകൾ പ്രചരിക്കുന്നുണ്ടു്. അതിന്റെ ആദ്യത്തെ അച്ചടിച്ച കോപ്പി അദ്ദേഹത്തിന്റെ കൈകളിൽവച്ചു മരണാസന്നനായ അദ്ദേഹത്തിന്റെ കണ്ണുകൾക്കു് അതു കാണുവാൻ കഴിവില്ലാതായ നേരത്താണു്. വാസ്തവത്തിൽ കോപ്പർനിക്കസിന്റെ കൃതി * അതിന്റെ പ്രസിദ്ധീകരണത്തിനുശേഷം 73 കൊല്ലക്കാലത്തേക്കു് ഇൻഡെക്സിൽ പെടുത്തുകയുണ്ടായില്ല. അനന്തരം അതു് ഇൻഡെക്സിൽ പെടുത്തിയതുതന്നെ ഗലീലിയോയുടെ കാര്യം സംബന്ധിച്ചുമാണു്. അതിലെ തെററുകൾ തിരുത്താനായി കാർഡിനൽ ജേത്താനി (Gaetani) നിയോഗിക്കപ്പെട്ടു. അദ്ദേഹം അതിലെ ഒമ്പതുവാചകങ്ങൾ വ്യത്യാസപ്പെടുത്തി. ഭൂമിയും മററു ഗ്രഹങ്ങളും സൂര്യനെ ചുററുകയാണെന്ന സിദ്ധാന്തം (Heliocentric Theory) സുനിശ്ചിതമായ ഒരു വസ്തുതയായി (a certain fact) പ്രതിപാദിക്കുന്നവയായിരുന്നു അവ. സുനിശ്ചിതത്വത്തിൽനിന്നു സംഭാവ്യത (Probability) യുടെ വഴിക്കു തിരിച്ചു ആ വാചകങ്ങളെ അദ്ദേഹം മയപ്പെടുത്തി. അന്നു് അക്കാര്യം അത്രമാത്രമേ തെളിയിക്കുക സാദ്ധ്യമായിരുന്നുള്ളു. ഗലീലിയോയും അത്രമാത്രമേ തെളിയിച്ചിരുന്നുള്ളു. ഈ തിരുത്തലുകൾ ചെയ്തു ഉടൻതന്നെ നിരോധനം മാററുകയുംചെയ്തു.

### ഹക്സിലിയുടെ പ്രമാദം

7. ഹക്സ്ലി എവിടെയോ പറയുന്നുണ്ടു്, ഇൻഡെക്സിന്റെ സമിതി (Congregation of the Index) ശാസ്ത്രത്തിൽ പരിജ്ഞാനം ഇല്ലാത്തതാണെന്നു കുപ്രസിദ്ധിയാർജ്ജിച്ചിട്ടുണ്ടെന്നു്. അദ്ദേഹം അതിലെ അംഗങ്ങളെയാണു് ഉദ്ദേശിക്കുന്നതെന്നു ഞാനൂഹിക്കുന്നു. അവർ എല്ലാവരും അല്ലെങ്കിൽ ഒട്ടുമിക്കവരും അങ്ങനെയാണെന്നും അങ്ങനെയായിരുന്നെന്നും വരാൻ വളരെ എളുപ്പമുണ്ടു്. ഹക്സിലിക്കു മനസ്സിലാകാതിരുന്നതു് ഇൻഡെക്സു് ശ്രദ്ധചെലുത്തുന്നതു് സയൻസിന്റെ കാര്യത്തിലല്ല, വേദശാസ്ത്രത്തിന്റെ കാര്യത്തിലാണു് എന്ന സംഗതിയത്രേ. കോപ്പർനിക്കസിന്റെ അഭിപ്രായങ്ങൾക്കു വേദശാസ്ത്രവുമായി ഉണ്ടെന്നു സങ്കല്പിക്കപ്പെട്ട ബന്ധംനിമിത്തമാണു് അവ ഖണ്ഡിതമായി പ്രഖ്യാപിക്കാതെ പരീക്ഷണാർത്ഥം അവതരിപ്പിക്കുകയായിരിക്കും ഭേദമെന്നു തീരുമാനിക്കപ്പെട്ടതു്. അതിനുള്ള ന്യായങ്ങൾ പിന്നീടു വിശദമാക്കുന്നതാണു്. (ഗ്രന്ഥത്തിന്റെ 8-ാം അദ്ധ്യായത്തിൽ തൽകർത്താവു് ഗലീലിയോപ്രശ്നം ചർച്ചചെയ്യുന്നുണ്ടു്.) കോൺഗ്രിഗേഷനംഗങ്ങൾ ശാസ്ത്രം സംബന്ധിച്ചതോ അല്ലാത്തതോ ആയ വിഷയങ്ങളെപ്പററി വിദഗ്ദ്ധോപദേശം വേണമെന്നാഗ്രഹിക്കുമ്പോൾ അവക്കതു സമ്പാദിക്കാൻ സാധിക്കുമെന്നും അവരതു സമ്പാദിക്കുന്നുണ്ടെന്നുമുള്ളതിനു സംശയമില്ല. തിരുസ്സഭയെപ്പററി പ്രചരിച്ചുവരുന്ന ഏററവും അബദ്ധജടിലവും ഏററവും ബുദ്ധിശൂന്യവുമായ ആശയങ്ങളിലൊന്നു്, അതിന്റെ പ്രവർത്തകസമിതി, കാര്യങ്ങൾ നടത്തേണ്ടതു് എങ്ങനെയെന്നതിനെപ്പററി യാതൊരു വിവരവുമില്ലാത്ത അപ്രാപ്തരടങ്ങിയ ഒന്നാണെന്നത്രെ. ഇതിനോടനുബന്ധമായി പലക്കുമുള്ള മറെറാരുധാരണ മക്കിയവെല്ലി (കാര്യസിദ്ധിക്കുവേണ്ടി കൃത്രിമമാർഗ്ഗങ്ങളവലംബിക്കാമെന്നു വിശ്വസിച്ചിരുന്ന ഈ രാജ്യതന്ത്രജ്ഞൻ വത്തിക്കാനിൽ 16-ാം നൂററാണ്ടിന്റെ ആരംഭത്തിൽ ചില ഉദ്യോഗങ്ങൾ വഹിക്കാനിടയായിട്ടുണ്ടു്)സൂത്രവും കുതന്ത്രങ്ങളും സംബന്ധിച്ചിടത്തോളം അവരുടെ ഗണത്തിൽ അശേഷം പെടുകയില്ലായിരുന്നു എന്നതാണു്. വാസ്തവത്തിൽ, ഇൻഡെക്സു് സംബന്ധിച്ച കാര്യങ്ങൾ അനേക നൂററാണ്ടുകാലത്തെ പരിചയമുള്ള ഒരു സിവിൽ സേർവീസാണു നടത്തിക്കൊണ്ടുപോകുന്നതു്. മറേറതൊരു സ്റ്റേററിലേയും മനസ്സാക്ഷിയുള്ള ഉദ്യോഗസ്ഥന്മാർ തെററുവരുത്തുവാൻ ആഗ്രഹിക്കാത്തതുപോലെ ഇവരും ആഗ്രഹിക്കാതിരിക്കുന്നു എന്നതാണു പരമാർത്ഥം.

* 1473 മുതൽ 1543 വരെ ജീവിച്ചിരുന്ന കോപ്പർനിക്കസ് ഒരു ഡൊമിനിക്കൻ സന്യാസിയായിരുന്നു. സൗരയൂഥത്തെപ്പററിയുള്ള അദ്ദേഹത്തിന്റെ കൃതി 1528-ൽ പൂർത്തിയായി. പ്രസിദ്ധീകരണത്തിന്റെ ചുമതല വഹിച്ചതു വേറെ ചിലരാണു്. അദ്ദേഹത്തിന്റെ മരണത്തിനു അല്പംമുമ്പു കൃതി പുറത്തുവന്നു. അന്നുമുതൽ പ്രോട്ടസ്റ്റൻറു വേദശാസ്ത്രജ്ഞന്മാർ അതിനെ എതിർക്കാൻതുടങ്ങി. കത്തോലിക്കാ വേദശാസ്ത്രജ്ഞന്മാർ അതിനെ എതിർക്കാൻ തുടങ്ങിയതും സഭ അതിനെ താല്ക്കാലികമായ ഇൻഡെക്സിൽ പെടുത്തിയതും 1616-ൽമാത്രമാണു്. അതായതു് മി. വിൻഡിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ കൃതി പ്രസിദ്ധീകരിച്ചിട്ടു് 73 കൊല്ലത്തിനു ശേഷം.

* * *

മേലുദ്ധരിച്ച മഹാശാസ്ത്രജ്ഞന്റെ വിശദീകരണത്തിൽനിന്നു തിരുസ്സഭ ഇമ്പ്രിമാത്തുർ, ഇൻഡെക്സു് എന്നിവ സംബന്ധിച്ചു് ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകളുടെ അർത്ഥവും ഉദ്ദേശ്യവും വ്യക്തമാകുന്നു. ഗ്രന്ഥത്തിൽ കത്തോലിക്കാമതതത്വങ്ങൾക്കു് എതിരായി യാതൊന്നുമില്ലാത്തതിനാൽ അതു് അച്ചടിപ്പിക്കുന്നതിനു വിരോധമില്ല എന്ന ഔദ്യോഗിക സർട്ടിഫിക്കററാണ "ഇമ്പ്രിമാത്തുർ." മതവിഷയങ്ങളെ പരാമർശിക്കുന്ന ഗ്രന്ഥങ്ങൾക്കുമാത്രമാണു് ഇങ്ങനെയൊരു സർട്ടിഫിക്കററു് ആവശ്യമായിരിക്കുന്നതു്. അബദ്ധതത്വങ്ങളടങ്ങിയ ഗ്രന്ഥങ്ങൾ വായിക്കാനിടവരുന്നതു യഥാർത്ഥസ്വാതന്ത്ര്യത്തിനും സംസ്കാരത്തിനുംഹാനികരമായിരിക്കുമെന്നു ബോദ്ധ്യമുള്ളതുകൊണ്ടാണു സഭ ഇപ്രകാരമൊരു നിബന്ധന ഏർപ്പെടുത്തിയിരിക്കുന്നതു്. തന്റെ അധികാരസീമയിൽ പെടാത്ത വിഷയങ്ങളെപ്പററി സഭ വിധിപ്രസ്താവിക്കുന്നുമില്ല. പണ്ടുകാലത്തു ബ്രിട്ടീഷ് ശാസ്ത്രജ്ഞസംഘം പോലും "ഇമ്പ്രിമാത്തുർ" നൽകിവന്നുവെന്നതിൽനിന്നുതന്നെ സഭയുടെ നിലപാടു് എത്ര യുക്തിയുക്തമാണെന്നു മനസ്സിലാക്കാം.

ഇൻഡെക്സിന്റെ കാര്യത്തിൽ, തങ്ങളുടെ മക്കൾ ചീത്തപ്പുസ്തകങ്ങൾ വായിക്കുന്നതിനെ നിരോധിക്കുന്നതിൽ മാതാപിതാക്കന്മാർ പ്രദർശിപ്പിക്കുന്ന നയചാതുര്യമാണു് സഭ പ്രദർശിപ്പിക്കുന്നതെന്നും, അബദ്ധങ്ങൾ തിരുത്തിക്കഴിയുമ്പോൾ ഗ്രന്ഥത്തിന്റെ നിരോധനം തൽക്ഷണം പിൻവലിക്കുന്നതിൽ സഭ വൈമനസ്യം പ്രദർശിപ്പിക്കാറില്ലെന്നും മി. വിൻഡിൽ വിശദമാക്കിയിരിക്കുന്നു. ഇമ്പ്രിമാത്തുർ, ഇൻഡെക്സു് എന്നീ ഏർപ്പാടുകൾ കത്തോലിക്കാസഭയുടെ തത്വോപദേശങ്ങൾ ഹൃദയപൂർവ്വം സ്വീകരിക്കുകയും അതിന്റെ അംഗത്വം സ്വമനസ്സാ വരിക്കുകയും ചെയ്തിട്ടുള്ളവരെമാത്രം ബന്ധിക്കുന്നവയാണു്. അങ്ങനെയുള്ളവരിൽ പണ്ഡിതന്മാരായ അവൈദികർതന്നെ ആ ഏർപ്പാടുകളെ തങ്ങളുടെ സാംസ്കാരികസ്വാതന്ത്ര്യത്തെ ഹനിക്കുന്നവയായി പരിഗണിക്കുന്നില്ല എന്നതിനു മി. വിൻഡിലിന്റെ സാക്ഷ്യം മതിയാകുന്ന തെളിവായിരിക്കുന്നു. കത്തോലിക്കാസഭയിൽ ഇതഃപര്യന്തം അനേകമനേകം മഹാശാസ്ത്രജ്ഞന്മാരും പണ്ഡിതന്മാരും ഉണ്ടായിട്ടുണ്ടെന്നുള്ളതുതന്നെ സഭ യഥാർത്ഥത്തിൽ വ്യക്തികളുടെ സംസ്കാരാഭിവൃദ്ധിയെ തടയുകയല്ല പ്രോത്സാഹിപ്പിക്കുകയാണു ചെയ്തിട്ടുള്ളതു് എന്നതിനുതെളിവാണു്.

വസ്തുതകൾ ഇങ്ങനെയിരിക്കെ, പ്രൊഫസ്സർ മുണ്ടശ്ശേരിയുടെ ലേഖനം വായനക്കാരെ തെററിദ്ധരിപ്പിക്കുന്നതും സത്യത്തെ "ബ്ലാക്കൗട്ടു്" ചെയ്യുന്നതുമായ ഒന്നാണെന്നു സിദ്ധിക്കുന്നു. അദ്ദേഹത്തിന്റെ ലേഖനത്തിന്റെ ആരംഭത്തിൽ പറയുന്ന "ക്രിസ്തീയയുവാവു്" സംശയനിവാരണാർത്ഥം ശ്രീ മുണ്ടശ്ശേരിയെ സമീപിക്കാതെ കത്തോലിക്കാസഭയുടെ നടപടികളെപ്പററി ശരിയായ വിവരങ്ങൾ നൽകാൻകഴിയുന്ന ആരെയെങ്കിലും സമീപിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

## റെക്ടരുടെ ജൂബിലി

മംഗലപ്പുഴ സെമ്മിനാരി റെക്ടർ വെരി റവ. ഫാ. അവുറേലിയൻ ഒ. സി. ഡി. കർമ്മലീത്താസഭയിലെ അംഗമായി വ്രതാനുഷ്ഠാനം നിർവ്വഹിച്ചതിന്റെ 50-ാം വാർഷികം ആഗസ്റ്റ് 5-ാംനു ആഘോഷിക്കപ്പെട്ടു. തദവസരത്തിൽ കേരളത്തിലെ പല വൈദികമേലദ്ധ്യക്ഷന്മാരും മംഗലപ്പുഴയിലെത്തി അദ്ദേഹത്തെ അനുമോദിക്കുകയുണ്ടായി. ജൂബിലേറിയനു് ഭാവുകാശംസകൾ.

## നെതർലണ്ടിലെ ശതാബ്ദാഘോഷങ്ങൾ

പ്രോട്ടസ്റ്റൻറു മതവിപ്ലവത്തിനു് അധീനമായിത്തീർന്ന നെതർലണ്ടു പ്രദേശങ്ങളിൽ കത്തോലിക്കാസഭ വീണ്ടും തലയുയർത്തിവരികയാണു്. അവിടെ ഹയരാർക്കി പുനസ്ഥാപിച്ചതിന്റെ ശതാബ്ദാഘോഷങ്ങളാണു് കഴിഞ്ഞ മാസത്തിൽ നടന്നതു്. നാലു കർദ്ദിനാളന്മാരും നാല്പതു മെത്രാന്മാരും ആഘോഷങ്ങളിൽ പങ്കെടുത്തു. ബെൽജിയത്തിലെ കർദ്ദിനാളായ വാൻറോയി തിരുമേനിയായിരുന്നു പേപ്പൽ പ്രതിനിധി. ഒരു പ്രോട്ടസ്റ്റൻറുമതാവലംബിയായ ജൂലിയാനാ രാജ്ഞി ശതാബ്ദമഹം പ്രമാണിച്ച നാലു വൈദികാദ്ധ്യക്ഷന്മാർക്കും, രണ്ടല്മേനിപ്രമുഖന്മാർക്കും ഉന്നതസ്ഥാനബിരുദങ്ങൾ നൽകുകയുണ്ടായി.

## വിനോദവീഥി



"അന്നാമ്മെ, അവനു പുസ്തകത്തിനുള്ള രൂപ കൊടുത്തയക്കാൻ പാടില്ലായിരുന്നോ. ഈ നിലവിളി കാണാതിരിക്കാനല്ലെ ഞാൻ പണയംവച്ചു് 5 രൂപ മേടിച്ചു് നിന്നെ ഏല്പിച്ചതു്."

"അതു ഞാനാ കുട്ടൻനായരു വസ്സുന്ന ചിട്ടിക്കു കൊടുത്തു."

* * *



"കണ്ണു കണ്ടുടെ! എന്റെ പുതിയ കുട ഇങ്ങനെ കുത്തിക്കീറാൻ—"

"നിങ്ങൾക്കു കണ്ടുടെ! എന്റെ കുട ഒരു പാളി മുഴുവൻ കുത്തിക്കീറിയല്ലോ. ഹും, മറച്ചുപിടിച്ചോണ്ടു് മഴയത്തുള്ള ഒരു നടപ്പു്!"

* * *

"പത്തു ദിവസത്തെ തടവു്, അല്ലെങ്കിൽ അമ്പതു രൂപ"—ജഡ്ജി സഗൗരവം വിധി പ്രസ്താവിച്ചു.

പ്രതി: "എനിക്കു് അമ്പതു രൂപ തന്നേക്കു്, ഏമാനേ. എനിക്കതുമതി."

* * *

രണ്ടുപേർ തങ്ങൾ കടുവയോടു് മല്ലിട്ടതിനെപ്പററി പരസ്പരം വീരവാദം മുഴക്കുകയായിരുന്നു. ഒരാൾ പറഞ്ഞു: "ഞാനൊരു കടുവയെ പട്ടിയെപ്പോലെ എന്റെ പിന്നാലെ നടത്തിയ കഥ കേൾക്കണോ? കടുവ എന്നെ പിടിക്കാൻവന്നപ്പോൾ ഞാൻ പിച്ചാത്തിയുടെ എഴുത്താണി മുകളിലേക്കായി പിടിച്ചുകൊണ്ടു നിന്നു. കടുവ അതങ്ങു കമ്മി. ഉടനെ എഴുത്താണി വായുടെ മുകളിലേക്കു തുളഞ്ഞുകയറി. പിന്നെ കത്തിയേൽ പിടിച്ചുകൊണ്ടു് കടുവയെ ഇഷ്ടംപോലെ വലിച്ചുകൊണ്ടുനടക്കാൻ എനിക്കു സാധിച്ചു."

അപരൻ: "അതാണോ താനിത്ര കാര്യം പറയണതു്? എന്നെ കടിക്കാനായി കടുവ വായും പൊളിച്ചുകൊണ്ടു വന്നപ്പോൾ ഞാൻ കൈ വായിൽക്കൂടെ വയററിലേക്കങ്ങു കടത്തി. എന്നിട്ടു് വാലു് വായിൽക്കൂടി ഇങ്ങു വലിച്ചെടുത്തു്, ഒരു മൂക്കുവള്ളി പോലെ അതിന്മേൽ പിടിച്ചുകൊണ്ടുനടന്നു."

ഫോൺ 157

സി. കെ. ലോനപ്പൻ ആൻറ് ബ്രദേഴ്സ്

ആഭരണവ്യാപാരം

ബ്രോഡ്‌വെ — എറണാകുളം

# ആഗസ്റ്റ് പതിനഞ്ച്

## *ഭാരതിയും—ഭാരതവും

(എൻ. എക്സ്. കുയ്യിൽ ബി. എ. ബി. എൽ.)

"അഥാഗ്രഹസ്തേ,മുകുളീകൃതാംഗുലൗ
സമപ്പയന്തീ സ്ഫടികാക്ഷമാലികാം
കഥഞ്ചിതദ്രേസ്തനയാമിതാക്ഷരം
ചിരവ്യവസ്ഥാപിത വാഗഭാഷത" (കാളിദാസൻ)

കുഞ്ഞുകൈകളിൽ ജപമാല ധരിച്ച ആ അചലകുമാരി സ്വല്പമൊന്നു സംസാരിച്ചു.

ഭാരതി എന്നുള്ളതിന്റെ അത്ഥം വചസ്സ്, എന്നാണ്. "വചസ്സി"നെ വ്യാഖ്യാനിക്കുന്നവക്ക് നിത്യജീവൻ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. (Ecclus: 24, 23—31). സ്വപുത്രനും വചോരൂപനുമായ മിശിഹായോടുള്ള അഭേദ്യബന്ധത്താൽ സഭാമാതാവ്, ദൈവമാതാവിനെയും ഈ വചസ്സായിട്ടും സങ്കല്പിച്ചിരിക്കുന്നു. ഈ വചസ്സിനെത്തന്നെയാണ് ശരിയായ ജ്ഞാനം സിദ്ധിക്കാതെയാണെങ്കിലും ഭാരതീയചിന്തകന്മാർ ജഗന്മാതാവായ വാഗ്ദേവിയായി പ്രകീത്തിക്കുന്നതെന്നു് പാട്ടുപോലെ പ്രകടീകരിക്കാനാണ് ഈ വിനീതപരിശ്രമം. ഹൈന്ദവകാവ്യങ്ങൾവഴി ക്രൈസ്തവധമ്മങ്ങളിലേക്കു് എന്നുള്ള (Christian Dogmas) ഈ പംക്തികളിലെ എന്റെ മുൻലേഖനങ്ങളുടെ മകുടംചാത്തൽ മാതാവിന്റെ മകുടധാരണമഹാമഹത്തിൽത്തന്നെ ആയിക്കൊള്ളട്ടെ.

ഹൈന്ദവവിവക്ഷപ്രകാരം, ഭാരതിയെന്നുള്ളതു് വചസ്സെന്നുമാത്രമല്ല വാഗ്ദേവിയുടെ പര്യായവുമാകുന്നു. വാഗ്ദേവി, വിജ്ഞാനത്തിന്റെ ദേവിയും ജഗത്തിന്റെ മാതാവുമാകുന്നു. ആകയാൽ ഭാരതം എന്നുള്ളതു് ലോകമാതാവിന്റെ രാജ്യമാണെന്നുള്ളതിനെയും ദ്യോതിപ്പിക്കുന്നു. ലോകമാതാവു് ജ്ഞാനംമാത്രമല്ല, അവൾ ശക്തിയാണ്, ശ്രീയുമാകുന്നു. ഈ മൂന്നു ഗുണങ്ങളേയും പ്രത്യേകം പ്രകാശിപ്പിക്കുന്ന ദേവിമാരെ ഹൈന്ദവസിദ്ധാന്തം സങ്കല്പിക്കുന്നുണ്ടെങ്കിലും ഇവർ യഥാത്ഥത്തിൽ വാഗ്ദേവിയുടെ ഭാവഭേദങ്ങൾ മാത്രമാണെന്നും അവർ സമത്ഥിക്കുന്നുണ്ടു്. (ശങ്കരാചായ്യരുടെ പ്രപഞ്ചസാരാന്തഗ്ഗതം നോക്കുക). ഹൈന്ദവവിവക്ഷപ്രകാരമുള്ള ജഗദംബയ്ക്കു് വേറെയും ചില ലക്ഷണങ്ങൾ കൂടെയുണ്ടു്. അവൾ ത്രിമൂത്തികളായ പരാശക്തിയെക്കാൾ ഉപരിസ്ഥാനത്തു് സ്ഥിതിചെയ്യുന്നവളോ അല്ലെങ്കിൽ ഇവളെക്കൂടാതെ അവക്കു് പ്രപഞ്ചഭരണനിവ്വഹണത്തിനു നിവൃത്തിയില്ലാത്തവിധത്തിൽ അവരുടെ അഭേദ്യഘടകമായി സ്ഥിതിചെയ്യുന്നവളോ ആകുന്നു. ഈ ലോകമാതാവു സനാതനകന്യകയാണ്, സനാതനമാതാവുമാകുന്നു. മനുഷ്യജീവിതസാഫല്യം സ്ഥിതിചെയ്യുന്നതു്, ഈ അമ്മയുടെ പൂജയിലാകുന്നു. ഈ ധാരണ പുലത്തിക്കൊണ്ടുപോകുന്നവരാകുന്ന ഭാരതീയരിൽ ഭൂരിപക്ഷവും. ആകയാൽ ലോകമാതാവിനോടുള്ള ഭക്തിപ്രചുരിമയുടെ നാടാകുന്നു നമ്മുടെ ഈ ഭാരതം. അതുകൊണ്ടും ഭാരതം ജഗദംബയായ ഭാരതിയുടെ ദേശമാകുന്നു എന്നു പ്രസ്താവിക്കാവുന്നതാകുന്നു.

മുകളിൽ ഉദ്ധരിച്ച അഭിപ്രായങ്ങൾക്കു് ആധാരമായ പ്രമാണങ്ങളെപ്പററി ഇനി പര്യാലോചിക്കാം. ശങ്കരാചാര്യർ "ആനന്ദലഹരി"യുടെ പ്രാരംഭത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: "ശക്തിയുക്തനല്ലാത്ത പരമേശ്വരനു് പ്രപഞ്ചഭരണനിവ്വഹണം സാധിക്കയില്ല."

പണ്ഡിതനായ മറെറാരു ഹൈന്ദവകവി ഇങ്ങനെ പറയുന്നു:

"ആതാമ്രാഭയഹസ്തമംബയൊരുനാൾനീട്ടാൻ മടിച്ചീടില-
ദ്ധാതാവില്ല, മുനീന്ദ്രരില്ല, മുഴുവൻ സംവത്തമാണന്നയേ"
(സനാതനധമ്മം)

ഒരു പണ്ഡിതദ്രാവിഡകീത്തനം ഇങ്ങനെയാണ്: "മനുഷ്യരാശിയുടെ ജീവിതം സനാതനകന്യകയും സനാതനമാതാവുമായ ജഗന്മാതാവിന്റെ പൂജയിലാണ് സാഫല്യം കൈവരിക്കുന്നതു്?"

ജഗന്മാതൃഭക്തനായ മഹാകവി കാളിദാസൻ തന്റെ സുപ്രസിദ്ധമായ മാതൃസ്തവസപ്തശ്ലോകിയിൽ ഇങ്ങനെ കീത്തിക്കുന്നു:
"………നിജമാദ്യാം, വിദ്യാം, നിയതമനവദ്യാം………"

എല്ലാററിനും മുമ്പുള്ളവളായും, വിദ്യാരൂപിണിയായും, മാലിന്യലേശം ഏശാത്തവളായും സ്ഥിതിചെയ്യുന്നവളേ,
"കനതഫാലാം, ബാലാം……."
കന്യാത്വത്തിന്റെ കനത് (പ്രകാശം) പൂണ്ടവളേ, നിത്യബാലികത്വം പ്രാപിച്ചവളേ…

മറെറാരു പുരാതനപണ്ഡിതഹൈന്ദവകവിയുടെ മധുവോലുന്ന മാതൃസ്തവമണിപ്രകാണ്ഡങ്ങളിലെ ഏതാനും ഭാഗം ഇങ്ങനെയാണ്:

"അയി, ജഗദംബ, മദംബ,
"കദംബ"വനപ്രിയവാസിനിരാസരതേ
മധുമധുരേ, മധുകൈടഭഭഞ്ജിനി, കൈടഭഭഞ്ജിനി, ഹാസരതേ;
അയി, ശരണാഗതവൈരി വധൂവര വീരപരാഭയദായകരേ
പ്രണതസുരാസുരമൗലിമണി സ്ഫുരദംസുളസന്നഖചന്ദ്രരുചേ."

അല്ലയോ, ലോകമാതാവേ, അമ്മേ, നറുംതേനിന്റെ മാധുര്യത്തെ ദൂരീകരിക്കുന്നവളേ, വാനവവിരോധികളെ നശിപ്പിക്കുന്നവളേ, പാപത്തെ ഇല്ലാതാക്കുന്നവളേ, തന്നെ ദ്രോഹിക്കുന്നവർപോലും സങ്കേതം തേടിയാൽ അഭയം നൽകുന്നവളേ, വണങ്ങുന്ന വാനവന്മാരുടെ മകുടമണികളുടെ പ്രകാശരാശി പ്രതിഫലിപ്പിക്കുന്ന പാദചന്ദ്രനിൽ ലസിക്കുന്നവളേ."

ഇങ്ങനെ അനവധി ഉദാഹരണങ്ങൾ ഭാരതീയമാതൃഭക്തന്മാരുടെ കീത്തനങ്ങളിൽനിന്നും മററും ഉദ്ധരിക്കാവുന്നതാകുന്നു.

ഇനിയും, ലോകമാതാവിനെ സംബന്ധിച്ചുള്ള ഈ ഹൈന്ദവചിന്താഗതികളെ ഒരു ക്രൈസ്തവന്റെ കരളുകൊണ്ടു് ഒന്നു നിരീക്ഷിക്കാം. മേലുദ്ധരിച്ച ആശയങ്ങളിലെ അതിശയോക്തികളും അലങ്കാരങ്ങളും അടിസ്ഥാനരഹിതങ്ങളായ ഭാവനകളും മാററിയുംവച്ചുനോക്കുന്നതായാൽ യഥാത്ഥലോകമാതാവായ ദൈവമാതാവിനെയാണ് ഈ ചിന്തകന്മാർ അജ്ഞാതമായിട്ടും പൂണ്ണജ്ഞാനം സിദ്ധിക്കാതെയും പ്രകീത്തിച്ചിരിക്കുന്നതെന്നു കാണ്മാൻ കഴിയും. മാലിന്യലേശം ഏല്ക്കാത്ത ഈ ലോകമാതാവിനെ സംബന്ധിച്ചുള്ള മൂലജ്ഞാനം ഭാരതീയക്കു് എവിടെനിന്നു കിട്ടി? ഇവക്കു മാത്രമല്ല, മനുഷ്യരാശിക്കു് ആകമാനം സിദ്ധിച്ചിട്ടുള്ള മാതൃപരമായ ഈ മൗലികജ്ഞാനത്തിന്റെ ഉത്ഭവം എവിടെയാണെന്നറിയുന്നതിനു് ആ ഏദൻതോട്ടത്തിലേക്കുതന്നെ നോക്കേണ്ടിയിരിക്കുന്നു. കൈടഭരഹിതയായി കൈടഭഭഞ്ജകയായ ഒരു നാരീരത്നത്തെ, നരകുലത്തിന്റെ പരിത്രാതാവിന്റെ ജനനിയായും ഏതന്മൂലം ഏവരുടെയും മാതാവായും, ആദാമിനും ഹവ്വാക്കും അവരുടെ സന്തതിപരമ്പരയായ മനുഷ്യരാശിക്കും ദൈവം വാഗ്ദാനംചെയ്തു. എന്നാൽ യഥാത്ഥത്തിൽ ഇവൾ ആരാണെന്നും, ഇവളുടെ അപദാനങ്ങൾ എന്തെല്ലാമാണെന്നും ശരിയായി വ്യാഖ്യാനിക്കാനും പ്രഖ്യാപിക്കാനുമുള്ള വരവും കഴിവും, സവ്വേശ്വരന്റെ തിരഞ്ഞെടുക്കപ്പെട്ട [illegible]യിരുന്ന ഇസ്രായേലിനും, പ[illegible]നീട്ടു് അവതീണ്ണനായ ദൈവത്തിന്റെ മൗതികശരീരമായ സഭയ്ക്കും, ആ മൗതികകളേബരത്തിന്റെ മണിക്കരളായ ഈ അമ്മയ്ക്കും മാത്രമേ നൽകപ്പെട്ടിട്ടുള്ളു. സനാതനമാതാവും സനാതനകന്യകയുമായ ആ മാതാവുതന്നെ ലൂർദ്ദുമലയിൽ പ്രത്യക്ഷയായി താൻ ആരാണെന്നും തന്റെ ദൗത്യം എന്താണെന്നും അല്പമൊന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. തന്നെ ശരിക്കറിയാതെയും, തെററിദ്ധരിച്ചുകൊണ്ടുമാണെങ്കിലും, തന്നെ ആത്മാത്ഥമായി സ്നേഹിക്കയും സേവിക്കയും ചെയ്യുന്ന ഭാരതീയമാതൃഭക്തക്കും തങ്ങളുടെ ഭാവനയിൽ ഈ അമ്മയെ അസ്പഷ്ടമായിട്ടെങ്കിലും ദശിക്കാൻ കഴിയുമെന്നുള്ളതിന്റെ ഉദാഹരണമായി സങ്കല്പിക്കരുതോ ലോകമാതൃഭക്തനായ മഹാകവി കാളിദാസന്റെ പീഠികയിൽ ഉദ്ധരിച്ചിട്ടുള്ള ശ്ലോകത്തെ? മലയുടെ മകളല്ലേ (അചലകുമാരി) ദൈവമാതാവായ മറിയം. നിത്യപവ്വതങ്ങളിൽ(The Eternal Hills) പെട്ട ദാവീദ് രാജർഷിയുടെ പുത്രിയല്ലേ അവൾ. ലൂർദ്ദ് മലയിലല്ലേ അവൾ അടുത്തകാലത്തു് ആദ്യം പ്രകടമായി പ്രത്യക്ഷയായതു്; കമ്മലമലയിൽ കണ്ട "കദംബ"(മേഘ)രൂപത്തിലും അവളുടെ ഛായ പ്രതിബിംബിച്ചില്ലേ? ഉദയപവ്വതത്തിലെ ഉഷഃകാലനക്ഷത്രവും അവളല്ലേ? യഥാത്ഥ ജപമാലയുടെ ശക്തിയേയും അതു് എല്ലാവരും പ്രായോഗികമാക്കേണ്ട ആദശത്തേയുമല്ലെ അവൾ പഠിപ്പിച്ചതും പ്രകാശിപ്പിച്ചതും? (തുടരും

* Wisdom 8-22-25 (The Epistle of the Holy Mass, the Nativity of Bl. Virgin.)

നമ്മുടെ കത്താവിന്റെ അനുഗ്രഹത്താലും പരി. ദേവമാതാവു്, വി. യൗസേപ്പുപിതാവു്, യൂദാശ്ലീഹാ, ശുദ്ധീകരാത്മാക്കൾ, വി. കൊച്ചുത്രേസ്യാ, വി. റീത്താ, വി. ബനദിക്തോസ്, വി. ഫിലോമിനാ എന്നിവരുടെ മദ്ധ്യസ്ഥതയാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകായ്യം സാധിച്ചതിനുപകാരസ്മരണ.

K. K., Moovattupuzha

For favours received



Excuse delay.

Mr. Mathai Thommithazhe, Ponkunnam






വി. മരിയാഗൊരേത്തിയുടെ മാദ്ധ്യസ്ഥത്താലും സി. അൽഫോൻസായുടെ സഹായത്താലും എന്റെ ഭായ്യയുടെ അപകടകരമായ സുഖക്കേട്ടു് ഭേദപ്പെട്ടതിനു് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

K. J. Joseph, Kattumana, Vaikam

## സ്വർഗ്ഗരാജ്ഞീസ്തവം

(ഫാ. ആൻറണി മാഞ്ഞൂരാൻ)

സ്വർഗ്ഗത്തിൻ ധവളപ്രഭയ്ക്കു് ചെറുതാം
മാറെറാന്നു കൂട്ടുന്നപോൽ
സപ്പത്തിൻ മൂർദ്ധമർദ്ദകയ്ക്കു് തനതാ-
യുണ്ടാർഭവേണ്ടോളവും
തക്കം നാസ്ഥി ദിവിസ്ഥിതക്കുപരിയായ്
വാഴുന്നിതാ മാനിനി!
നോക്കൂ! മാനുഷീയേന്തിടുന്നു മകുടം
മൂലോകമാറാണിയായ്.

## ഭാരതാംബയുടെ തൃച്ചേവടിയിൽ

(വിദ്വാൻ ജോസഫ് പള്ളിപ്പാടൻ, ഇടപ്പള്ളി)

(നതോന്നത)

ജയ! ജയ! സുചരിതെ! ഭാരതമാതാവെ! ജയ!
ജയക്കൊടിയേന്തിയെന്നും പാവനശീലെ!
ആനന്ദത്തിൻചിറകടിപ്പൊന്തെന്നലിൽ പാറിടട്ടെ!
മാനമായപ്പൂംപതാക രാഗാനുകൂലം!
സ്വാതന്ത്ര്യത്തിൻ പൊന്നരുണനുദയം ചെയ്തോരു പുണ്യ-
സ്വാതന്ത്ര്യസുവാസരമിതാ മോദാവഹം!
ധനധാന്യസമൃദ്ധിയാം വിശാലവിഹായസ്സിലാ-
യനുപമക്ഷേമാനന്ദമന്ദവായുവിൽ
സവ്വസാക്ഷിതൻ കടാക്ഷപ്പൊൽക്കരാലിംഗനമാന്നു-
മൂർദ്ധ്വിയിലാ ശ്രീ പതാകയുല്ലസിക്കേണം!
സത്യം, നീതി, സാഹോദയ്യം, സമത്വസുന്ദരഭാവം,
കൃത്യനിരതത ദീനത്രാണമെന്നേവം
ധന്യധമ്മസംഹിതകളുടലെടുത്തോരു തവ-
വന്ദ്യ മഹാ ജയക്കൊടി പാരിൽ പാറട്ടെ!
ജയ! ജയ! സുചരിതെ! ഭാരതമാതാവെ! ജയ!
ജയക്കൊടിയേന്തിയെന്നും പാവനശീലെ!
ഇന്നാണല്ലൊ, ഞങ്ങൾക്കമ്മെ! നിന്നാനന്ദചുംബനങ്ങൾ
നന്നായാന്നിടാനുദിച്ച പുണ്യമുഹൂർത്തം!
അനിതരമധുരിമ തിരളിനതവതിരു-
മനതാരു കനിയുമസ്നേഹമാധ്വിയിൽ
നിരന്തരം മുഴുകി, നിൻ നിരുപമസ്തന്യാമൃതം
നുകന്നിയന്നിടുവോക്കിന്നാരാധ്യശീലേ!
തെളിഞ്ഞു നിൻ പൊന്നോമൽ പൂഞ്ചിറകു തുറന്നതിലൊ-
ന്നലിവിയന്നരുളേണമഭയമമ്മെ!
മാരകമാം കമ്മ്യൂണിസവാതകം തന്നാഹതിയും
നാരകീയമാകും പഞ്ചപ്രേതബാധയും
നിയതമിങ്ങേലാതിവരനഘരായ് മരുവീടാൻ
തിയതമരുതാൻ പോരും ധർമ്മാലംകൃതേ!
സാതന്ത്ര്യസന്താനമായിങ്ങുയന്നിടുമക്കൊടിതൻ-
ശീതളച്ഛായയിൽ ഞങ്ങളാനന്ദമോടെ,
ഒത്തൊരുമിച്ചമ്മേ! തവ തൃച്ചേവടി തന്നിലേവം
ഭക്തിയോടി മംഗളമിന്നപ്പണം ചെയ്യാം.
ജയ! ജയ! സുചരിതെ! ഭാരതമാതാവെ! ജയ!
ജയക്കൊടിയേന്തിയെന്നും പാവനശീലെ!

## ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

ഹെഡാഫീസ്: ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

### അഭിവൃദ്ധി പത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1946 | 4,75,420 | 9,90,671 | 15,39,463 | 21,80,311 |
| 1947 | 4,93,540 | 11,24,472 | 16,65,536 | 23,30,676 |
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1949 | 5,92,310 | 13,17,211 | 17,20,138 | 25,26,296 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,57,573 |
| 1951 | 5,95,750 | 19,39,775 | 25,13,684 | 32,22,250 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

കുഞ്ചെറിയാ ററി. മാറാട്ടുകളം എം. എ. (മാനേജിംഗ് ഡയറക്ടർ)


ചെറുകഥ

# മണി

(ജി. സി. ടീലാർ)



ആകാശത്തിലേക്ക് എത്തിവലിഞ്ഞു നിന്നിരുന്ന കുറേ തെങ്ങിൻതടികളുടെ മുകളിൽ വളങ്ങൾ ചരിഞ്ഞുവിരിഞ്ഞുനിന്നിരുന്നു ആ വിനീതമായ ദേവാലയത്തിന്റെ മേൽപ്പുര. ദിവ്യപൂജാർപ്പണത്തിനുവേണ്ടിയുള്ള അൾത്താര ഇരിക്കുന്ന സ്ഥലംമാത്രമാണ് അലകഴികൾ ഇട്ട് പെട്ടിക്കൂട്ടുപോലെ അടവാക്കിയിട്ടുള്ളത്. മേൽക്കൂട്ടിലെ ജീർണ്ണിച്ച ചില ഭാഗങ്ങളിൽക്കൂടി വെയിലുള്ളപ്പോൾ സൂര്യൻ അതിന്റെ അന്തരിന്ദ്രിയങ്ങളെ തുറിച്ചുനോക്കുകയും വർഷകാലത്ത് പെരുമാരി വെള്ളയമ്പുകൾ അതിനകത്തേക്കു തെററിവിടുകയും ചെയ്യാറുണ്ടായിരുന്നു. ഒരു ഞായറാഴ്ച ഉച്ചക്കുർബാനയ്ക്കുമുമ്പു തുടങ്ങിയ മഴ അതവസാനിക്കുന്നതുവരെ നീണ്ടുനില്ക്കുയുണ്ടായി. അന്നൊരാശയം പാറിക്കൂടി നെടുവാളപ്പുറമ്പിലെ പോത്തന്റെ തലയിൽ. അയാൾ പുറത്തേക്കിറങ്ങി കൂട്ടുകാരനോടു പറഞ്ഞു: "നമ്മുടെ നിലയ്ക്കും വിലയ്ക്കും പററിയ ഒരു പള്ളി ഇവിടെ ഉണ്ടാകണം. ഇപ്പഴത്തെ കൊച്ചച്ചൻ ഒരു കൊച്ചുമിടുക്കനാണ്. അദ്ദേഹത്തിനു പ്രസംഗിക്കുവാനും പ്രവർത്തിക്കുവാനും അറിയാം. അതുകൊണ്ട് ഈ തക്കംനോക്കി നമുക്കു പള്ളിപണി തുടങ്ങണം. എന്താ പൈലോച്ചേട്ടന്റെ അഭിപ്രായം?"

പറയുന്നതിനുമുമ്പു രണ്ടുപ്രാവശ്യം ചിന്തിക്കണമെന്നുള്ള തത്വം മുറുകെപ്പിടിച്ചിരുന്ന ആളായിരുന്നു ഈക്കിലിക്കാട്ടിലെ പൈലോച്ചൻ. "ഒരു പള്ളി നന്നായി പണിയേണ്ടതാവശ്യമാണെന്നെനിക്കും തോന്നുന്നു. പക്ഷേ അതെങ്ങനെയൊക്കെ വേണമെന്നു നമുക്കു യോഗംകൂടി ഒന്നാലോചിച്ചുകളയാം."

"ഓ, യോഗം! അതെന്തിന്? യോഗം കൂടിയാലും ഇല്ലെങ്കിലും നമ്മള് പറയുംപോലല്ലേ കാര്യങ്ങൾ നടക്കുന്നത്."

"എന്നാലും മററുള്ളവർക്കും പറയാനൊരവസരം കൊടുക്കുന്നതാണു നല്ലത്."

"വല്ല ഭോഷനും പള്ളിപണി വേണ്ടെന്നു പറഞ്ഞെങ്കിൽ നമ്മൾ അതും സ്വീകരിക്കണമോ?"

"അങ്ങനെവരില്ല. പള്ളിയുടെ മുഴുപ്പിനെക്കുറിച്ച് അഭിപ്രായവ്യത്യാസമുണ്ടായേക്കാം."

"ആരെല്ലാം എന്തെല്ലാം പറഞ്ഞാലും ശരി, നമ്മുടെ പള്ളിക്ക് 200 അടി നീളവും 100 അടി വീതിയും വേണം. ഈ രാജ്യത്ത് ഇതിനെ വെല്ലുന്ന ഒരു പള്ളി ഉണ്ടായിരിക്കരുത്."

"ആകട്ടെ, നമുക്ക് അതെപ്പററി ആലോചിക്കാം. പൊതുതീരുമാനമനുസരിച്ചു ചെയ്യുന്നതായിരിക്കും നല്ലത്."

തന്റെ ഒരു വിനീതസ്മാരകം താൻ ജോലിചെയ്യുന്ന ഇടവകയിൽ പതിച്ചാൽ കൊള്ളാമെന്ന് ആഗ്രഹിച്ചിരുന്ന ഒരു വൈദികനായിരുന്നു ഫാദർ മൈക്കൾ. അതുകൊണ്ട് നെടുവാളപ്പുറമ്പിലെ പോത്തന്റെ അഭിപ്രായത്തോടു യോജിക്കയാണുണ്ടായത് അദ്ദേഹം. പെരുനാട്ടുകാരുടെ പണക്കൊഴുപ്പനുസരിച്ച് മനോഹരമായ ഒരു വലിയ ദേവാലയമാണ് അവിടെ പണിയേണ്ടതെന്ന് മുഖവുരയായി അദ്ദേഹം പൊതുയോഗത്തിൽ പറഞ്ഞു. ആളുകൾ തിങ്ങിക്കൂടിയിട്ടുണ്ടായിരുന്ന ഒരു യോഗശാലയായിരുന്നു അത്. ചില എതിർശബ്ദങ്ങളുമുണ്ടായി. വളരെ അസ്വസ്ഥനായിട്ടാണ് പോത്തൻ അതെല്ലാം കേട്ടുകൊണ്ടിരുന്നത്. "100 അടി നീളത്തിലും 50 അടി വീതിയിലും ഒരു പള്ളി തല്ക്കാലം പണുതാൽ മതിയാകും. കുറേക്കഴിഞ്ഞ് ഇതേവലുപ്പത്തിൽ ഇവിടെനിന്നും രണ്ടുമൈൽ ദൂരമുള്ള പെരുഞ്ചോണിക്കര ഒന്നു നമുക്കു പണിയിക്കാം. ആളുകൾക്കു കൂടുതൽ പ്രയോജനകരം അതാണ്." കോഴിപ്പുറമ്പിൽ കൊച്ചുതുപ്പിന്റെ അഭിപ്രായം വളരെ യുക്തിയുക്തമാണെന്നു പലർക്കും തോന്നി. നെടുവാളപ്പുറമ്പിൽ പോത്തനെപ്പോലെ കൊച്ചുതുപ്പ് അത്ര മികച്ചവനായിരുന്നില്ല സമ്പൽസമൃദ്ധിയിൽ. എങ്കിലും ബുദ്ധിമാനും സ്വാതന്ത്ര്യഹിതനുമായിരുന്നു അയാൾ. ഒരു വലിയ പള്ളിയെക്കാൾ രണ്ടു പള്ളികളാണു വിസ്തൃതമായ ഒരിടവകയ്ക്കാവശ്യമെന്ന് അഭിപ്രായമുള്ളവരും വരിസംഖ്യ കൊടുക്കുവാൻ മടുപ്പുള്ളവരും കോഴിപ്പുറമ്പിൽ കൊച്ചുതുപ്പിനെ പിൻതാങ്ങി. ബ്രഹ്മാണ്ഡമായ ഒരു ദേവാലയം പണുത് തങ്ങളുടെ പ്രതാപവും പ്രശസ്തിയും പുറത്തേക്കു വ്യാപിപ്പിക്കണമെന്നു കരുതിയവർ അനുകൂലിച്ചതു നെടുവാളപ്പുറമ്പിൽ പോത്തനെ. ഫാദർ മൈക്കൾ പോത്തന്റെ അഭിപ്രായക്കാരനായിരുന്നതിനാൽ ആദ്യത്തെ പ്രമേയം പാസ്സായി. കൊച്ചുതുപ്പും കൂട്ടരും ഒരു വാക്കൗട്ടുനടത്തി പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു.

അവർ അടങ്ങി ഇരുന്നില്ല. പെരുഞ്ചോണിക്കര ഒരു പള്ളി പണിയാനുള്ള അനുവാദം അവർ വാങ്ങി. രണ്ടിനും ഒരേദിവസം കല്ലിടീലും നടന്നു. പെരുനാട്ടുകാരും പെരുഞ്ചോണിക്കരക്കാരും തമ്മിലുള്ള മത്സരം മൂർദ്ധന്യത്തിലെത്തി.

"നീ എങ്ങോട്ടാ കാലത്തെ?" ഒരു പാവപ്പെട്ട വേലക്കാരനോട് നെടുവാളപ്പുറമ്പിൽ പോത്തൻ ചോദിച്ചു.

"പെരുഞ്ചോണിക്കു കല്ലുപൊട്ടിക്കാൻ പോകുവാ."

"അവരെന്തു കൂലി തരുന്നുണ്ട്?"

"രണ്ടു രൂപായും ചെലവും."

"എന്നാൽ രണ്ടേകാൽരൂപായും ചെലവും ഞങ്ങൾ തരാം. വരു പെരുനാട്ടിന്."

രണ്ടേകാൽരൂപായും ചെലവും അവനെ ആകർഷിച്ചു. പെരുഞ്ചോണിക്കുപകരം പെരുനാട്ടേക്കാണവൻ നടന്നത്. പെരുഞ്ചോണിയിൽനിന്നും ഒരാൾ അവരുടെ പുറകെ എത്തി അവനെ പിടികൂടി. പോത്തൻ വിട്ടില്ല. ഒററയടിക്ക് അവനെ നിലംപതിപ്പിച്ചു. വീർത്ത വൈരാഗ്യത്തോടെയാണ് അവൻ പിടച്ചെഴുന്നേററത്. എങ്കിലും ഒരു പരീക്ഷണംകൂടി നടത്തുവാൻ അവൻ തയാറായില്ല. തിരിച്ചുചെന്ന് പെരുഞ്ചോണിക്കാരുടെ മുമ്പിൽ അവന്റെ അനുഭവങ്ങൾ അവൻ വർണ്ണിച്ചുകേൾപ്പിച്ചു. അവരിൽ രോമാഞ്ചം ഉളവാക്കി അത്. ഒരു ശപഥവുംകൂടി ചെയ്തു അന്നവർ: പെരുനാട്ടുപള്ളി തീരുന്നതിനുമുമ്പേ പെരുഞ്ചോണിപ്പള്ളി ഞങ്ങൾ തീർക്കും. അവർ ഒത്തൊരുമിച്ചു പ്രവർത്തിച്ചു.

"എടാ കേട്ടില്ലേ, നമ്മൾ അൾത്താര പണിയുന്നതിനുമുമ്പേ അവർ പള്ളിയിൽ പെരുന്നാള നടത്തുമെന്നു വീരവാദം പറയുന്നതു? അതു നടന്നാൽ പിന്നെ നമ്മള് പെരുനാട്ടുകാരായി ജീവിച്ചിട്ടു കാര്യമില്ല." പോത്തൻ തടഞ്ഞുനിറുത്തി പറഞ്ഞതാണ് ഒരു യുവാവിനോട്. യുവാവിന്റെ പൗരുഷം ജ്വലിച്ചെരിയുകതന്നെ ചെയ്തു. "പെരുഞ്ചോണിക്കാരുടെ അപ്പാപ്പന്മാരു വിചാരിച്ചാൽ ഈ ജന്മത്തു നടപ്പുണ്ടാകേല."

"നമ്മളിങ്ങനെ പറഞ്ഞുകൊണ്ടിരിക്കയുള്ളു. അവരു കാര്യം കാണും."

"എങ്ങനെ കാര്യം കാണാനാ പോത്തച്ചാ. അവർക്കു പണം വേണ്ടേ? പണം തീർന്നിട്ടവർ പണി നിറുത്തിക്കളയാൻ പോകയാണെന്നു കേട്ടല്ലോ."

"അതുവ്വോ? എന്നാൽ നമ്മള ജയിച്ചു. ഏതായാലും നമ്മളെ കവിഞ്ഞവർ പോകരുതെന്നേയുള്ളെനിക്ക്."

"എവിടെ കവിയാനാണ്? നെടുവാളപ്പുറമ്പിൽ പോത്തച്ചനെപ്പോലെ ഒററവ്യക്തി അവരുടെ കൂട്ടത്തിലെങ്ങാനുമുണ്ടോ?"

"അങ്ങനെ പറയെടാ. നിനക്ക് ആണുങ്ങളെ അറിയാം."

പെരുനാട്ടുകാർക്ക് അന്ന് അഭിമാനത്തിന്റെയും ആനന്ദത്തിന്റെയും ദിവസമായിരുന്നു. പുരുഷന്മാർ ഒരുത്തരും അന്നുരാത്രി ഉറങ്ങിയില്ല. അഞ്ചു മെത്രാന്മാരെ യഥോചിതം സ്വീകരിക്കുന്നതിനുവേണ്ട സജ്ജീകരണങ്ങൾ വൻതോതിൽ അവർ ചെയ്യുകയായിരുന്നു. 20000 രൂപായാണ് പള്ളിവെഞ്ചരിപ്പിനുവേണ്ടി വെ[illegible]ററിൽ കൊളുത്തിച്ചിരുന്നത്. എണ്ണപ്പെട്ട ആളുകൾക്കെല്ലാം അന്നൊരു വലിയ സദ്യയുമുണ്ടായിരുന്നു.

"നീ എന്തിനിവിടെ നില്ക്കുന്നു? പോ അപ്പുറത്ത്!" ഗർജ്ജിച്ചു അന്നത്തെ സകല ചടങ്ങുകളുടെയും നട്ടനായകത്വം വഹിച്ചിരുന്ന പോത്തൻ. ഒരസ്ഥിക്കൂടിനെ കീറത്തുണിയിൽ പൊതിഞ്ഞുകൊണ്ടാണ് ആ മനുഷ്യൻ അവിടെ നിന്നിരുന്നത്. മററുള്ളവരെപ്പോലെ അയാൾക്കും അഭിമാനമുണ്ടായിരുന്നു. സൃഷ്ടികർത്താവായ ദൈവത്തിന്റെ മഹത്വത്തിനുവേണ്ടി മനോഹരമായ ഒരു ദേവാലയം ഉയർന്നുവന്നതിൽ. കല്ലുചുമക്കുവാനും മണ്ണു തെള്ളുവാനും തന്റെ വിനീതകഴിവുകൾ അയാൾ പ്രയോഗിച്ചിട്ടുണ്ട്. പക്ഷേ പണംകൊടുത്തവരുടെ ലിസ്റ്റിൽ കയറിപ്പററുവാൻ അയാൾക്കു ഭാഗ്യമുണ്ടായില്ല. പോത്തന്റെ ഗർജ്ജനം അയാളുടെ ചെവികളിൽ ഒരു കൂരമ്പുപോലെ തറച്ചു. കീറത്തുണിയിൽ രണ്ടുതുള്ളി കണ്ണുനീർ പതിപ്പിച്ചുകൊണ്ട് അയാൾ അവിടെനിന്നും മറഞ്ഞുപോയി.

"നമ്മുടെ പള്ളി വളരെ മനോഹരമായിരിക്കുന്നു, ഇല്ലേ പോത്തച്ചാ?" പച്ചപ്പുല്ലുമുളച്ചുതുടങ്ങിയ മുററത്തുനിന്നുകൊണ്ട് ഫാദർ മൈക്കൾ ചോദിച്ചു.

"ദൈവത്തിന്റെ സഹായംകൊണ്ടു ഞാൻ പണിയിക്കുന്നതൊന്നും മോശമായിട്ടില്ല. അച്ചനും പണിയിപ്പിക്കാനറിയാമെന്നിപ്പഴല്ലേ മനസ്സിലായത്. അച്ചൻ രാവും പകലും ഇല്ലാതെ ബുദ്ധിമുട്ടി. അച്ചനല്ലായിരുന്നെങ്കിൽ ഇതിത്ര എളുപ്പം തീരുകേലായിരുന്നു."

"ഇന്നാള വീട്ടിൽ ചെന്നപ്പോൾ അമ്മ പറഞ്ഞു ഞാൻ വളരെ ക്ഷീണിച്ചുപോയെന്ന്. ഇനി ഇവിടെന്നൊന്നു മാറിയേച്ചാൽ മതിയായിരുന്നു."

"ഇവിടെന്നൊരു നല്ല പള്ളിയിലേക്ക് അച്ചനെ വിടാതിരിക്കയില്ല മെത്രാനച്ചൻ."

"ഈ മുഖവാരം കാണുമ്പോൾ ഒരു വേദന. ഇതൊന്നു തീർത്തേച്ചുപോയാൽ കൊള്ളാമെന്നുണ്ട്."

"അതല്ലം കഴിഞ്ഞോട്ടെ, അച്ചാ. മുഖവാരം തീർന്നില്ലെന്നുവച്ച് പള്ളിക്കർമ്മാദികൾക്കു തടസ്സമില്ലല്ലോ."

"അതില്ല. എങ്കിലും മൂക്കും കണ്ണുമില്ലാത്ത ഒരു മനുഷ്യൻ സുന്ദരനാണെന്നു നാം പറയുമോ?"

"ഞങ്ങൾക്കൊരു കുളലാക്കുണ്ടച്ചാ. പെരുഞ്ചോണിക്കാരു മുഖവാരം പണുതില്ല. അവരുടേതു തീർന്നുകഴിഞ്ഞിട്ടു നമ്മുടേതു തീർക്കാവൂ."

"അതുകൊണ്ടുള്ള ഗുണം?"

"അവരു് എത്ര അടി പൊക്കുമോ അതിൽ നാലടികൂടി ഉയർന്നിരിക്കണം നമ്മുടേത്. അതാണു ഞങ്ങളുടെ പ്ലാൻ."

"ഭേഷ്. എന്നാൽ അങ്ങനെ തന്നെ."

"എങ്കിലും അച്ചൻ പോകുന്നതിനുമുമ്പ് ഒരുകാര്യം ചെയ്യണം. നമ്മളിപ്പോഴുപയോഗിക്കുന്ന മണി അത്ര അധികംദൂരെ കേൾക്കയില്ല. നമുക്കൊരു നല്ല മണി വാർപ്പിക്കണം. കുറവിലങ്ങാട്ടെ വലിയ മണിയുടെ മുഴപ്പുണ്ടെങ്കിൽ ഏററം നന്ന്."

"അതു കാര്യമാ. പള്ളിയുടെ വലിപ്പത്തിനനുസരിച്ചു മണിയും വേണം."

ഒരു ജീപ്പ്. പെരുനാട്ടെ ചില പ്രമാണികളായിരുന്നു അതിൽ സ്ഥലംപിടിച്ചിരുന്നത്. അതു കുന്നും കുഴിയുമുള്ള റോഡിൽക്കൂടി ഇരമ്പിപ്പാഞ്ഞു, 8 മണിക്കൂർകൊണ്ടു കുറവിലങ്ങാട്ടെത്തി. തങ്ങളുടെ പൂർവ്വന്മാരുടെ ജന്മനാടു കണ്ടപ്പോൾ നെടുവാളപ്പുറമ്പിൽ പോത്തനും ഈക്കിലിക്കാട്ടു പൈലോച്ചനും രോമാഞ്ചമണിയുകതന്നെ ചെയ്തു. പനങ്കുഴക്കൻ കവലയിൽനിന്നും പള്ളിവരെയുള്ള റോഡും പരിസരങ്ങളും നയനമോഹനമാണ്. പരിഷ്കാരത്തിൽ മുന്നേറിവരുന്ന ഒരു ചെറുഗ്രാമത്തിനു വഹിക്കാവുന്നതിൽ കൂടുതൽ സ്ഥാപനങ്ങൾ അവിടെ കാണാം. പുരാതനമഹിമകളെ പ്രകീർത്തിച്ചുകൊണ്ടാണ് അവിടത്തെ മഹാദേവാലയത്തിന്റെ നിലപാട്. മണിമാളികയ്ക്കു മൂന്നാൾ പൊക്കമേ കാണുകയുള്ളു. അതിൽ മൂന്നു മണികൾ തൂങ്ങിനില്ക്കുന്നു. ഏററം വലിയ മണിയുടെ മാതൃകയിൽ ഒന്നുണ്ടാക്കിക്കുവാനാണ് അവർ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടത്.

16 മൂശാരികൾ ഹാജരായി. ഈക്കിലിക്കാട്ടിലെ പൈലോച്ചൻ അവർക്കുളവുകൊടുത്തു; എല്ലാവരുംകൂടി ആലോചിച്ച് ഉടമ്പടിയും പറഞ്ഞു. മറെറാരു പള്ളിക്കും ഇത്രയും വലിയ മണി വാർത്തു കൊടുക്കരുതെന്നായിരുന്നു ഉടമ്പടിയിലെ ഒരു വ്യവസ്ഥ. 5000 രൂപായ്ക്ക് അവർ പണി ഏറെറടുത്തു. സന്തോഷഭരിതരായി മൂശാരികൾ തിരിച്ചുപോയി. അപ്പോൾ പോത്തൻ പറയുകയാണ്: "ഇതുതന്നെ പോരാ. കൊമ്പനാനയെ കമുകേൽ തളച്ചുനിറുത്തിയിരിക്കുന്നതുപോലെ തോന്നും കുറവിലങ്ങാട്ടെ മണിയും മണിമാളികയും കണ്ടാൽ. നമുക്ക് 150 അടി ഉയരത്തിൽ ഒരു നല്ല മണിമാളിക പണിയ-

## സംഭവകഥകൾ

### “ദൈവത്തെ വീണ്ടും കണ്ടുപിടിച്ചിരിക്കുന്നു”

സുപ്രസിദ്ധ കത്തോലിക്കാസാഹിത്യകാരനായിരുന്ന ബെല്ലക്കിൻെറ നിര്യാണത്തോടുകൂടി അദ്ദേഹത്തെ സംബന്ധിക്കുന്ന പല സംഭവകഥകളും പുറത്തുവന്നിട്ടുണ്ട്. ലൂർദ്ദിൽവച്ച് അദ്ദേഹത്തിനുണ്ടായ താഴെ ചേർക്കുന്ന അനുഭവം അദ്ദേഹം സദാ പറഞ്ഞുവന്ന ഒന്നാണ്. “ഞാൻ അവിടത്തെ ഒരു ഹോട്ടലിൽവച്ച് നിരീശ്വരരായ ഏതാനും യാത്രക്കാരെ കണ്ടുമുട്ടുന്നതിനിടവന്നു. അവരങ്ങനെ അവരുടെ സംഭാഷണം ഇടതടവില്ലാതെ തുടന്നു. അവസാനം ഞാൻ ഇടയ്ക്കുകയറി പറയേണ്ടിവന്നു: “മാന്യരേ, നിങ്ങളെല്ലാവരും കാലത്തിൻെറ പുറകിൽ കിടക്കുകയാണ്. അവർ ദൈവത്തെ വീണ്ടും കണ്ടുപിടിച്ചിരിക്കുന്നു.” അതോടെ അവരെല്ലാം മൗനമവലംബിച്ചു.”

### “ആ അപമാനം എൻെറമേൽ കെട്ടിവയ്ക്കല്ലേ.”

ഒരവസരത്തിൽ ബെല്ലക്ക് സാൽഫോർഡിൽനിന്നും ഒരു പാർലമെൻററി സ്ഥാനാർത്ഥിയായി മത്സരിക്കുകയായിരുന്നു. അദ്ദേഹത്തിൻെറ കത്തോലിക്കാമതവിശ്വാസം അദ്ദേഹത്തിനെതിരായ ഒരായുധമായി പ്രതിയോഗികൾ ഉപയോഗിച്ചുതുടങ്ങി. “ഫ്റീ ട്രേഡ് ഹാളി”ൽ കൂടിയ ഒരു യോഗത്തിൽവച്ച് അദ്ദേഹം അവർക്കെല്ലാം ചുട്ട മറുപടി നൽകി. “ഞാനൊരു കത്തോലിക്കനാണ്”, അദ്ദേഹം ധൈര്യപൂർവ്വം പ്രഖ്യാപിച്ചു, “ദിവസവും കാലത്തു ഞാൻ കുർബ്ബാനകാണാൻ പോകുന്നുണ്ട്.” അനന്തരം കീശയിൽനിന്നു കൊന്തയെടുത്തു നീട്ടിപ്പിടിച്ചുകൊണ്ട് അദ്ദേഹം തുടന്നു: “ദിവസവും ഞാനീ ജപമാല ഉപയോഗിക്കുന്നുമുണ്ട്. മഹതികളേ, മഹാന്മാരേ, എൻെറ മതവിശ്വാസം നിങ്ങളുടെ ദൃഷ്ടിയിൽ എൻെറ സ്ഥാനാർത്ഥിത്വത്തിനു് എതിരായ ഒരു ന്യായമായിരിക്കുമെന്നു ഒരു നിമിഷത്തേക്കെങ്കിലും ഞാൻ വിചാരിച്ചിരുന്നെങ്കിൽ, നിങ്ങളെ പ്രതിനിധിവൽക്കരിക്കുക എന്ന ആക്ഷേപത്തിൽനിന്നു് എന്നെ രക്ഷിക്കുവാൻ ഞാൻ നിങ്ങളോടു് അഭ്യർത്ഥിക്കുമായിരുന്നു.” ശ്രോതാക്കളെല്ലാം അല്പനേരത്തേക്കു നിശ്ശബ്ദരായിരുന്നു. അനന്തരം അവരെല്ലാം എഴുന്നേററുനിന്നു ഉന്മേഷപൂർവ്വം അദ്ദേഹത്തിനു ചിയേഴ്സ്‌വിളിച്ചു. തിരഞ്ഞെടുപ്പിൽ അദ്ദേഹം വിജയിയാകയുംചെയ്തു.

---

ണം. എൻെറ സ്വന്തം ചെലവിൽ അതു പണിയിക്കുവാൻ ഞാൻ തയ്യാറാണ്. പക്ഷേ......“പക്ഷേ” ദീർഘമൗനത്തിൽ നിന്നുപോയി.

“എന്തുവേണമെന്നാണു പറയുന്നതു്?” ഒരാൾ ചോദിച്ചു.

“എൻെറ പേരു് മുൻവശത്തൊന്നു കൊത്തിച്ചിടുവാൻ സമ്മതിക്കണം.”

“ഞങ്ങൾക്കാർക്കും ഒരു വിരോധവുമില്ല ഇത്ര പൊക്കമുള്ള ഒരു മണിമാളിക മറെറങ്ങും കാണരുതെന്നുമാത്രം” ഈർക്കിലിക്കാട്ടു പൈലോച്ചൻ എല്ലാവർക്കുംവേണ്ടി സംസാരിച്ചു.

പെരുനാട്ടുപള്ളിയുടെ മുൻവശത്തു് ഉയന്നുവന്ന മനോഹരമായ ഒരു മണിമാളിക. പണി പൂർത്തിയാകുന്നതിനുമുമ്പേ അതു് അനേകം സന്ദർശകരെ ആകർഷിക്കുവാൻ തുടങ്ങിയിരുന്നു. ഒരു കൊല്ലംകൊണ്ടു് അതിൻെറ പണികൾ മുഴുവനും പൂർത്തിയായി. മണി തൂക്കുവാനുള്ള ദിവസം മുൻകൂട്ടി പത്രങ്ങളിൽ പരസ്യം ചെയ്തു. നാനാജാതിമതസ്ഥരായ അനേകായിരം ആളുകളാണു് അന്നവിടെ കൂടിയിരുന്നതു്. രണ്ടു കൊമ്പനാനകൾകൂടി വലിച്ചുകൊണ്ടുവന്നു ആ മണി. ആ വലിയഭാരം അല്പാല്പമായി മുകളിലേക്കുയരുന്നതു നോക്കിക്കൊണ്ടുനിന്നു ജനക്കൂട്ടം. അതു തൂങ്ങിക്കിടക്കേണ്ട സ്ഥാനത്തെത്തി. ആർപ്പുവിളിയും കൈകൊട്ടും കേൾക്കാമായിരുന്നു. നെടുവാലപ്പുറമ്പിൽ പോത്തനാണു് ആദ്യമായി അതടിക്കുവാനുള്ള അവകാശം എന്നായിരുന്നു പൊതുവേയുള്ള അഭിപ്രായം. പോത്തൻ മുന്നോട്ടുനീങ്ങി. തൂങ്ങിക്കിടന്ന കയറേൽ പിടിച്ചു് ആഞ്ഞൊന്നടിച്ചു. മരണമണിപോലെ അതു ഗംഭീരമായി ഒന്നു മുഴങ്ങി. മാളിക ഒന്നു ഞെട്ടുന്നതു കണ്ടു പലരും.

ഞെരിഞ്ഞുതകരുന്ന ഒരു ശബ്ദം. ആളുകൾ നാലുപാടും ചിതറിയോടി. “പോത്തനെ വലിച്ചെടുക്കിൻ” എന്നു് ആരോ വിളിച്ചുപറഞ്ഞു. പൊട്ടിത്തകൻ മണിയുടെ കീഴെനിന്നും പലർകൂടി പോത്തനെ വലിച്ചുപൊക്കി. “മാതാവു രക്ഷിച്ചു; കാലൊടിഞ്ഞെയുള്ളു എന്നാ തോന്നുന്നതു്.” അവശനായ പോത്തനെ മലത്തിക്കിടത്തിയിട്ടു് ഈർക്കിലിക്കാട്ടു പൈലോച്ചൻ പറഞ്ഞ അഭിപ്രായം.

മേരിഗിരി. ഒരു മെത്തയിൽ കിടന്നു നിലവിളിക്കയാണു പോത്തൻ, വേദനകൊണ്ടു്. ബ. കന്യാസ്ത്രീകൾ അയാളെ ആശ്വസിപ്പിച്ചുകൊണ്ടു് കട്ടിലിനരികിൽ. “പ്രതിഫലേച്ഛകൂടാതുള്ള സേവനം എത്ര മഹത്തമമാണെന്നു ഞാനിപ്പോൾ കാണുന്നു. നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ.” വേദന കുറഞ്ഞപ്പോൾ പോത്തൻ പറഞ്ഞതാണു്.

## ചോദ്യോത്തരപംക്തി

പത്രോസിൻെറ പരമാധികാരത്തിനു് എതിരായി ഉന്നയിക്കപ്പെട്ട 6 വേദവാക്യങ്ങൾക്കു മറുപടി പറഞ്ഞുകഴിഞ്ഞു. തുടന്നു് ഏതാനും വാക്യങ്ങൾക്കുകൂടി ഇപ്രാവശ്യം മറുപടി പറയാം.

7) മത്തായി 13: 11. “അവനോ ഉത്തരമായി അരുളിച്ചെയ്തു: എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യത്തിൻെറ രഹസ്യം അറിയുവാൻ നിങ്ങൾക്കാകുന്നു (വരം) നൽകപ്പെട്ടിരിക്കുന്നതു്. അവർക്കു നൽകപ്പെട്ടിട്ടില്ല.”

ദൈവികരഹസ്യങ്ങൾ അറിയുന്നതിനുള്ള വരം ശ്ലീഹന്മാർക്കുണ്ടായിരുന്നുവെന്നു സാരം. അതിൽനിന്നു പത്രോസിനു മററു ശ്ലീഹന്മാരുടെമേൽ അധികാരമില്ലെന്നു് എങ്ങനെയാണു് അനുമാനിക്കുക? പത്രോസ് “സ്വർഗ്ഗരാജ്യത്തിൻെറ താക്കോൽക്കാരൻ” കൂടിയാണെന്നു് ഓർക്കണം.

8) റോമ 11: 13. “എന്നാൽ പുറജാതികളായ നിങ്ങളോടു ഞാൻ പറയുന്നു: പുറജാതികളുടെ ശ്ലീഹയായ ഞാൻ.”

വി. പൗലോസ് പുറജാതികളുടെ പക്കലേക്കു് സുവിശേഷപ്രചാരണാർത്ഥം അയക്കപ്പെട്ടവൻ (ശ്ലീഹ എന്ന വാക്കിൻെറ അർത്ഥം അയക്കപ്പെട്ടവൻ എന്നാണല്ലോ) ആയിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ പ്രസംഗംവഴി മനസ്സുതിരിഞ്ഞവരുടെമേൽ അദ്ദേഹത്തിനു പരമാധികാരമുണ്ടായിരുന്നെന്നോ, പത്രോസിനു അവരുടെമേൽ യാതൊരധികാരവുമില്ലായിരുന്നെന്നോ വരുന്നില്ല. വി. പൗലോസിനെപ്പോലെ മററു ശ്ലീഹന്മാരും ലോകത്തിൻെറ ഓരോരോ ഭാഗങ്ങളിൽ പോയി സുവിശേഷമറിയിച്ചു. പക്ഷെ അവരോരോരുത്തരും ഓരോ സ്വതന്ത്രസഭയെ സ്ഥാപിക്കയല്ല ചെയ്തതു്. എല്ലാ രാജ്യങ്ങളിലെയും ക്രിസ്ത്യാനികൾ സഭയുടെ പരമാദ്ധ്യക്ഷനു വിധേയരായിരുന്നു.

നടപടി 15: 2. “തൻമൂലം (യൂദായിൽനിന്നു ചിലർ വന്നു്, പരിച്ഛേദനം ചെയ്യാതിരുന്നാൽ രക്ഷ അസാദ്ധ്യമാണെന്നു പറഞ്ഞതുമൂലം) വലിയ കലക്കവും പൗലോസിനും ബർണബാസ്സിനും അവരുമായി തർക്കവുമുണ്ടായി. അതിനാൽ പൗലോസും ബർണബയും അവരോടുകൂടി മററാളുകളും ഈ തർക്കത്തെപ്പററി ഓറെശ്ലത്തുള്ള ശ്ലീഹന്മാരുടേയും മൂപ്പന്മാരുടേയും അടുക്കൽ പോകുവാൻ സംഗതിവന്നു.”

അടുത്തുവരുന്ന വാചകങ്ങൾകൂടി വായിക്കുക. അങ്ങനെ സംശയനിവാരണാർത്ഥം പൗലോസും കൂട്ടരും ഓറെശ്ലത്തു ചെന്നപ്പോൾ “ശ്ലീഹന്മാരും മൂപ്പന്മാരും ഒരുമിച്ചുകൂടി.” അനന്തരസംഭവഗതികൾ വിശുദ്ധ ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നതു് ഇപ്രകാരമാണു്: “വലിയ തർക്കമുണ്ടായപ്പോൾ ശെമവോൻ എഴുന്നേററു് അവരോടു പറഞ്ഞു: ഞങ്ങളുടെ സഹോദരന്മാരായ മനുഷ്യരേ, പുറജാതികൾ എൻെറ വായിൽനിന്നു സുവിശേഷവചനം കേട്ടു വിശ്വസിക്കണം എന്നു ആദ്യനാളുകളിൽ ദൈവം നിശ്ചയിച്ചു എന്നു നിങ്ങൾ അറിയുന്നുവല്ലോ. “(നടപടി 15: 7) തർക്കമുണ്ടായപ്പോൾ പത്രോസ് തീരുമാനം ചെയ്യാനായി എഴുന്നേററു പ്രസംഗിക്കുന്നതു പത്രോസിൻെറ പ്രാമാണ്യത്തെയല്ലയോ കുറിക്കുന്നതു്? ചോദ്യകാരൻ ഉദ്ധരിച്ചിരിക്കുന്ന വാക്യം പത്രോസിൻെറ അധികാരത്തിനു് എതിരാകുന്നതു് എങ്ങനെയെന്നു മനസ്സിലാകുന്നില്ല.

ആദ്ധ്യാത്മികവീഥി

## ദരാഹ്വാനം

പ്രിയപ്പെട്ട ദൈവമക്കളേ,

അവതരിച്ച ദൈവപുത്രൻ തന്നെക്കുറിച്ചുതന്നെ മനുഷ്യപുത്രൻ എന്നു പറഞ്ഞിരുന്നു. അതു സത്യദൈവമായ താൻ യഥാർത്ഥ മനുഷ്യനും കൂടിയായിരുന്നുവെന്നു നമ്മെ ഉദ്ബോധിപ്പിക്കുന്നതിനുവേണ്ടിയായിരുന്നല്ലോ. അതുപോലെ സത്യക്രിസ്ത്യാനികളായ നാം യഥാർത്ഥ ദൈവമക്കളും കൂടിയാണു് എന്നു അനുസ്മരിപ്പിക്കുന്നതിനുവേണ്ടിയാണു് “ദൈവമക്കളേ” എന്ന സംബോധനയോടുകൂടി ഈ ലേഖനം അഥവാ കത്തു് ആരംഭിച്ചതു്.

ഈ ഓഗസ്റ്റു മാസത്തിലെ കർമ്മലകുസുമത്തിൽ “ദേവന്മാരോ?” എന്ന അഭിധാനത്തിൽ ഒരു ലേഖനം കണ്ടു. നാം വെറും സ്വാഭാവിക മനുഷ്യരല്ല; മാമ്മോദീസാവഴിയായി ദൈവികജീവൻ പ്രാപിച്ചിട്ടുള്ള അതിസ്വാഭാവികമനുഷ്യർ, അഥവാ ദൈവമക്കളാണെന്നു് അതിൽ സമർത്ഥിച്ചിട്ടുണ്ടു്. അതിലേക്കു വായനക്കാരുടെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

നാം യഥാർത്ഥത്തിൽ ദൈവമക്കളാണെങ്കിൽ ദൈവമക്കളെപ്പോലെ ജീവിക്കേണ്ട കടമയും നമുക്കുണ്ടു്. അധഃകൃതനായ ഒരു കുറവൻെറയും ആഢ്യബ്രാഹ്മണനായ ഒരു നമ്പൂതിരിയുടേയും ജീവിതരീതികൾ തമ്മിൽ എന്തുമാത്രം വ്യത്യാസമാണുള്ളതു്? കുറവൻ മടമാന്തി എലിയെപ്പിടിച്ചു തിന്നും, വെള്ളത്തിലിട്ടാൽ നനയുകയോ തീയിലിട്ടാൽ വേകുകയോ ചെയ്യുകയില്ല എന്നു പറയത്തക്കവണ്ണം മണ്ണുപിടിച്ച കീറവസ്ത്രം ധരിച്ചും നടക്കുമ്പോൾ നമ്പൂതിരി ഏററവും ശുചിയായ സസ്യഭക്ഷണം കഴിച്ചു് ശുഭ്രവസ്ത്രം ധരിച്ചു കഴിയുന്നു. ഇതുപോലെയോ ഇതിനെക്കാൾ വളരെക്കൂടുതലായോ ഉള്ള ഒരു വ്യത്യാസം വെറും സ്വാഭാവിക മനുഷ്യരുടെയും ദൈവമക്കളുടെയും ജീവിതം തമ്മിൽ ഉണ്ടായിരിക്കേണ്ടതാണു്.



അയിരൂർ പുതുതായി പണിതീരുന്ന സെൻറ് തോമസ് ചാപ്പൽ

ഇന്നതുണ്ടോ? ഇല്ലെന്നു സലജ്ജം സമ്മതിക്കണം. ഗാന്ധിജിയുടെ Gospel of the Rose റോസച്ചെടിയുടെ സുവിശേഷത്തെക്കുറിച്ചു കേട്ടിട്ടുണ്ടായിരിക്കുമല്ലോ. മുള്ളുള്ള ചെടിയാണെങ്കിലും പണംകൊടുത്തു വാങ്ങി അതിനെ തോട്ടത്തിൽ വച്ചു പിടിപ്പിക്കുവാൻ എല്ലാവരും വളരെ ആഗ്രഹിക്കുന്നുണ്ടു്. “എന്നെ നിങ്ങളുടെ തോട്ടത്തിലൊന്നു വയ്ക്കണമേ” എന്നു പറഞ്ഞുകൊണ്ടു ചുററിനടക്കേണ്ട ആവശ്യം ചെടിക്കില്ല. പുഷ്പത്തിൻെറ സൗന്ദര്യവും സൗരഭ്യവും മതി എല്ലാവരേയും ആകർഷിക്കുവാൻ. അതുപോലെ ക്രിസ്ത്യാനികൾ ക്രിസ്തുവിൻെറ നിർദ്ദേശാനുസരണം ദൈവമക്കളെന്ന നിലയിൽ ജീവിച്ചിരുന്നെങ്കിൽ അന്യജാതിക്കാർ “ഞങ്ങളേയും ക്രിസ്ത്യാനികളാക്കണമേ” എന്നപേക്ഷിച്ചുകൊണ്ടു നമ്മുടെ പക്കലേക്കു ഓടിക്കൂട്ടമായിരുന്നു. മിഷനറിമാർ അവരെ അന്വേഷിച്ചു ഓടിനടക്കേണ്ട ആവശ്യം ഉണ്ടാകുകയില്ലായിരുന്നു എന്നത്രെ ഗാന്ധിജി പറയുന്നതു്. അതു സത്യമല്ലേ?

ക്രിസ്ത്യാനികൾ ക്രിസ്ത്യാനികളായി ജീവിക്കണമെന്നുള്ളതാണു് ഇന്നത്തെ ഏററവും വലിയ ആവശ്യം. അതിനെന്താണു മാർഗ്ഗം? മന്ദിച്ചുകിടക്കുന്ന എല്ലാവരേയുംകൂടി ഒരുമിച്ചു തീക്ഷ്ണതയുള്ളവരാക്കുക ദുസ്സാധമാണു്. തീകത്തിക്കുമ്പോൾ ആദ്യമാദ്യം പെട്ടെന്നു കത്തുപിടിക്കുന്ന ഉണക്കമൂട്ടും ചുള്ളിവിറകുംമററും ഇട്ടു തീ കുറെ പിടിച്ചതിനുശേഷമാണല്ലോ ഉണക്കു കുറവുള്ളതും പച്ചയുമായ വിറകു വച്ചുകൊടുക്കുന്നതു്. ഇതുപോലെ ആദ്യം നന്മനസ്സുള്ള കുറെപ്പേരെ നല്ല തീക്ഷ്ണതയുള്ള ഉത്തമക്രിസ്ത്യാനികളാക്കിയശേഷം അവരുടെ സന്മാതൃകയാലും ശ്രമത്താലും മററുള്ളവരെക്കൂടെ ശരിപ്പെടുത്തിയെടുക്കാനാണു ശ്രമിക്കേണ്ടതു്.

ഭാഗ്യപ്പെട്ട പത്താംപീയൂസ് മാർപ്പാപ്പാ ഇതുതന്നെയാണു ഉപദേശിക്കുന്നതു്. “അദ്ദേഹം ഒരിക്കൽ ഏതാനും കർദ്ദിനാളന്മാരോടുകൂടി സംസാരിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. അദ്ദേഹം അവരോടു ചോദിച്ചു, സമുദായത്തെ ഉദ്ധരിക്കുന്നതിനു ഇന്നു തിരുസഭയ്ക്കു് ഏററം ആവശ്യപ്പെട്ടിരിക്കുന്നതു എന്താണെന്നു്. “കത്തോലിക്കാ വിദ്യാലയങ്ങൾ സ്ഥാപിക്കുക” എന്നൊരാൾ പറഞ്ഞു. തിരുമനസ്സുകൊണ്ടു മറുപടി പറഞ്ഞു, “അല്ല.” “പള്ളികൾ വർദ്ധിപ്പിക്കുക” എന്നു മറെറാരാൾ. വീണ്ടും പരിശുദ്ധ പിതാവു പറഞ്ഞു “അല്ല.” “വൈദികരുടെ എണ്ണം വർദ്ധിപ്പിക്കുക” എന്നു മൂന്നാമതൊരാൾ. അതിനും മറുപടി “അല്ല” എന്നുതന്നെ. അവസാനം പ. പിതാവു പറയുന്നു: “ഇതൊന്നുമല്ല ഇപ്പോൾ അത്യാവശ്യപ്പെട്ടിരിക്കുന്നതു്. ഓരോ ഇടവകയിലും അൽമേനികളുടെ ഒരു സംഘം ഉണ്ടാകണം. അവർ നല്ല സുകൃതവാന്മാരും, മതപഠനമുള്ളവരും ദൃഢനിശ്ചയമുള്ളവരും യഥാർത്ഥമായ തീക്ഷ്ണതയാൽ ഉജ്ജ്വലിക്കുന്നവരും ആയിരിക്കണം.” (പ്രേഷിതജീവൻ P. 182)

മേല്പറഞ്ഞ തരത്തിലുള്ള കുറെ അൽമായരെ കരുപ്പിടിപ്പിക്കുന്നതിനു സഹായകമാകത്തക്കവണ്ണം ഒരു “ആദ്ധ്യാത്മികവീഥി” ഇതാ ആരംഭിക്കുന്നു. അടുത്ത ലക്കംമുതൽ അതിനുവേണ്ട ചില പ്രായോഗികനിർദ്ദേശങ്ങൾ നൽകാമെന്നാണു് ഉദ്ദേശിക്കുന്നതു്. എന്നാൽ “പടപ്പടച്ചുവെടിവയ്ക്കു”ന്നതുകൊണ്ടു വലിയ പ്രയോജനമില്ലെന്നാണു അനുഭവംകൊണ്ടു കാണുന്നതു്. പടപ്പിനുള്ളിൽ ഒന്നോ അതിൽ കൂടുതലോ മുയലുണ്ടാകാമെന്നിരുന്നാലും ഒന്നിനെ നോക്കി വെടിവെച്ചെങ്കിലേ കിട്ടുകയുള്ളു. അതുപോലെതന്നെ വല്ലവർക്കും ഉപകാരമുണ്ടായേക്കുമെന്നു വിചാരിച്ചു വല്ലതുമെല്ലാം എഴുതിപ്പോകുന്നതുകൊണ്ടു വലിയ പ്രയോജനമുണ്ടാകുമെന്നു തോന്നുന്നില്ല.

അതുകൊണ്ടു മാന്യവായനക്കാർ ഒരുപകാരം ചെയ്താൽ കൊള്ളാം. ഭാഗ്യപ്പെട്ട മാർപ്പാപ്പായുടെ ആഗ്രഹാനുസരണം ഉത്തമക്രിസ്ത്യാനികളായി ജീവിക്കാൻ ആഗ്രഹവും അതിനുവേണ്ടി എന്തു ത്യാഗവും ചെയ്തുകൊള്ളാൻ സന്നദ്ധതയുമുള്ള വല്ലവരുമുണ്ടെങ്കിൽ അവർ ആവിവരം “ആത്മപിതാവു്” സത്യദീപം എറണാകുളം എന്ന മേൽവിലാസത്തിൽ അറിയിക്കണമെന്നപേക്ഷ. പിന്നീടു് അവർക്കെന്തെങ്കിലും സംശയം തീർക്കേണ്ടതായിട്ടോ വൈഷമ്യം നീക്കേണ്ടതായിട്ടോ ഉണ്ടെങ്കിൽ അതേ മേൽവിലാസത്തിൽത്തന്നെ എഴുതിയാൽ മതി. പത്രമുഖേനതന്നെ മറുപടികൊടുക്കാൻ ശ്രമിക്കാം. ആളും പേരും ഒന്നും അപ്പോൾപരസ്യമാക്കുകയുമില്ല. ആദ്യത്തെ എഴുത്തിൽപ്പോലും നിങ്ങളുടെ മേൽവിലാസം ധരിക്കണമെന്നു നിർബന്ധമില്ല. ഉപകരിപ്പിക്കാൻ നന്മനസ്സുള്ള കുറെപ്പേർ ഉണ്ടെന്നു അറിയേണ്ട ആവശ്യമേയുള്ളു.

ശേഷം അടുത്തതിൽ,

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ, സ്വന്തം ആത്മപിതാവു്.

——

ഗ്രാമോദ്ധാരണപംക്തി

# കോഴിവളർത്തൽ

(പോൾ ജോസഫ്, പൗൾട്ടി ആഫീസർ)

ഇന്നു ലോകം മുഴുവൻ പ്രചുരപ്രചാരത്തിലിരിക്കുന്ന കോഴിവളർത്തലിന്റെ ഉൽഭവം ഇൻഡ്യയിലാണെന്നുള്ളതിൽ നമുക്കഭിമാനം കൊള്ളാവുന്നതാണു്. എന്നാൽ ഇതരരാജ്യങ്ങളിൽ ഈ കൃഷി വളരെ അഭിവൃദ്ധിയിലിരിക്കുമ്പോൾ അതിന്റെ ഉത്ഭവകേന്ദ്രമായ ഇൻഡ്യയിൽ അതു ഇന്നും ശൈശവാവസ്ഥയിൽത്തന്നെ സ്ഥിതിചെയ്യുന്നു. അതിനു പ്രധാനകാരണം ശരിയായ ശാസ്ത്രീയമാർഗ്ഗങ്ങളിൽക്കൂടി ഈ വ്യവസായത്തെ പുരോഗമിപ്പിക്കുന്നകാര്യത്തിൽ നാം കാണിക്കുന്ന അനാസ്ഥ ഒന്നുമാത്രമാണു്.

ഭക്ഷ്യപ്രശ്നം നമ്മുടെ രാജ്യത്തെ അലട്ടിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു് ഏററവും പോഷകകരമായ മുട്ട, മാംസം മുതലായ വിലയേറിയ ആഹാരസാധനങ്ങൾ ഏററവും ചുരുങ്ങിയ സമയംകൊണ്ടു് ഉൽപ്പാദിപ്പിക്കുവാൻ പര്യാപ്തമായ ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്തുവാൻ നാം ഇനിയും ഒട്ടുംതന്നെ അമാന്തിച്ചുകൂടാത്തതാണു്.

മററു വ്യവസായങ്ങളെ അപേക്ഷിച്ചു് ഇതിനുള്ള പ്രത്യേകത, വെറും തുച്ഛമായ മൂലധനത്തോടുകൂടി ഏററവും പാവപ്പെട്ടവരുടെ കുടിലുകളിലും ആദായകരമായി ഈ തൊഴിൽ ചെയ്യാമെന്നുള്ളതാണു്. നമ്മുടെ ബാലികാബാലന്മാർതന്നെ തങ്ങളുടെകൈയിൽ വന്നുചേരുന്ന അരയണ, ഒരണ മുതലായ തുച്ഛമായ സംഖ്യകൾ കരുതിവച്ചു് ഒന്നോ, രണ്ടോ നാടൻകോഴികളെ വാങ്ങി വളർത്തി വർദ്ധിപ്പിക്കുന്നതായാൽ ഒരുകൊല്ലംകൊണ്ടു് ഒരു കോഴിയുടെ കുഞ്ഞുങ്ങളും അവയുടെ കുഞ്ഞുങ്ങളുമായി അൻപതിൽപ്പരം എണ്ണം നിഷ്പ്രയാസം ലഭിക്കുന്നതാണു്. പശു, ആടു് മുതലായവയുമായി താരതമ്യപ്പെടുത്തുമ്പോൾ ഏററവും ചുരുങ്ങിയ സമയംകൊണ്ടു നാം മുടക്കുന്ന മുതൽ എത്രയോ മടങ്ങു് വർദ്ധിപ്പിക്കുവാൻ കോഴികൾക്കു് കഴിവുണ്ടെന്നു കാണാവുന്നതാണു്.

പണക്കാരനു് തന്റെ കോഴികളിൽനിന്നും ലഭിക്കുന്ന മുട്ട, മാംസം മുതലായ രുചികരവും പോഷകകരവുമായ ആഹാരസാധനങ്ങൾ ആസ്വദിക്കുവാൻ സാധിക്കുകയും, വൻതോതിലാണു നടത്തുന്നതെങ്കിൽ നല്ല ആദായം ലഭിക്കുകയും ചെയ്യുമ്പോൾ, പാവപ്പെട്ടവനു മുട്ടകൾവിററു കിട്ടുന്ന ചെറിയ തുകകൾകൊണ്ടു് അവന്റെ ദൈനംദിനകാര്യങ്ങൾ നടത്തുകയും അവിചാരിതമായി വരുന്ന അത്യാവശ്യങ്ങൾ കോഴികളെത്തന്നെ വിററു് കിട്ടുന്ന സംഖ്യകൊണ്ടു് നിറവേററുകയും ചെയ്യാവുന്നതാണു്. ഇങ്ങനെ വ്യക്തികളുടെ വരുമാനത്തെ സാരമായി സഹായിക്കുന്നതുകൂടാതെ ഏററവും നിസ്സാരങ്ങളായി വൃഥാ നശിച്ചുപോകുന്ന കൃമികീടാദികളേയും മനുഷ്യഭോജ്യമല്ലാത്ത ഇതരസാധനങ്ങളേയും പാലിനെക്കാൾ പോഷകകരമായ മുട്ടയായി രൂപാന്തരപ്പെടുത്തിത്തരുവാൻ കോഴിക്കു കഴിയുന്നുണ്ടു്. ഈ നിലയിലും കോഴിവ്യവസായം അഭിവൃദ്ധിപ്പെടുത്തേണ്ടതു് അത്യന്തം അഭിലഷണീയമാണു്.

നമ്മുടെ ആരോഗ്യകരമായ വളർച്ചയ്ക്കും രോഗങ്ങളെ ചെറുത്തു നില്ക്കുവാനുള്ള ശക്തി ശരീരത്തിനു കിട്ടുന്നതിനും മാംസ്യം എന്ന ധാതു അത്യന്താപേക്ഷിതമാണു്. മററു ഭക്ഷണസാധനങ്ങളെ അപേക്ഷിച്ചു് കൂടുതൽ ശതമാനം മാംസ്യം മുട്ടയിൽ അടങ്ങിയിരിക്കുന്നു. ഇതര രാഷ്ട്രങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ആരോഗ്യവിഷയത്തിൽ വളരെ പിന്നോക്കംനിൽക്കുന്ന നമ്മുടെ ആരോഗ്യാഭിവൃദ്ധിക്കു് സഹായിക്കുന്നതും വേഗത്തിൽ ഉൽപ്പാദിപ്പിക്കാവുന്നതും ആയ ഒരു സാധനമാണു് കോഴിമുട്ട. എന്നാൽ അമേരിക്കൻ ഐക്യനാടുകളിൽ ആളൊന്നുക്കു് വർഷത്തിൽ 376 മുട്ട ഉപയോഗിക്കുമ്പോൾ ഇൻഡ്യയിൽ വെറും നാലെണ്ണം മാത്രമേ നമുക്കു ലഭിക്കുന്നുള്ളു. മേൽപ്പറഞ്ഞ കാരണങ്ങളാൽ എത്രയുംവേഗം നമ്മുടെ നാട്ടിൽ കോഴികൃഷി അഭിവൃദ്ധിപ്പെടുത്തി ജനതയുടെ ആരോഗ്യസ്ഥിതിയേയും സാമ്പത്തികനിലയേയും കഴിയുന്നത്ര ഉയർത്തേണ്ടതു് നമ്മുടെ ഓരോരുത്തരുടേയും കർത്തവ്യമാണു്.

## ശാസ്ത്രീയമായ കോഴികൃഷി

ഇന്നു നമ്മുടെ നാട്ടിൽ സാധാരണയായി കണ്ടുവരാറുള്ള കോഴിവളർത്തൽ, വീടുകളിൽ രണ്ടോ, നാലോ, ചിലപ്പോൾ അതിൽക്കൂടുതലോ കോഴികളെ വാങ്ങിയിട്ടു്, വീടിനുചുററും തേടിക്കിട്ടുന്ന കൃമികളേയും മററും കൊത്തിത്തിന്നു ജീവിക്കുവാൻ വിടുകയും അവയിൽനിന്നും കിട്ടുന്ന എണ്ണത്തിലും വണ്ണത്തിലും ചുരുങ്ങിയ മുട്ടകൾകൊണ്ടു് തൃപ്തിയടയുകയും ആണു്. ഇതല്ല ശാസ്ത്രീയമായ കോഴിവളർത്തൽ.

ഇതരകൃഷികളിൽ എന്നപോലെ ചുരുങ്ങിയ ചെലവുകൊണ്ടു് ഏററവും കൂടുതൽ ഉല്പാദിപ്പിക്കുക എന്നതാണു് കോഴികൃഷിയിലും ശാസ്ത്രീയമായ മാർഗ്ഗം. ഇതിലേക്കു നല്ല ഇനങ്ങളിൽ ബീജഗുണമുള്ള കോഴികളെ തിരഞ്ഞെടുത്തു് ആരോഗ്യകരമായ പരിതഃസ്ഥിതികളിൽ ശാസ്ത്രീയമായി തീററിപ്പോററി വളർത്തുകയാണു വേണ്ടതു്. രണ്ടുനാഴിപാലുകിട്ടുന്ന ഒരുപശു തിന്നുന്ന തീററിയെക്കാൾപതിന്മടങ്ങു് തീററി അഞ്ചിടങ്ങഴി പാൽ തരുന്ന ഒരു പശു തിന്നാറില്ലല്ലോ. അപ്രകാരം കൂടുതൽ ഉല്പാദനശക്തിയുള്ളയിനം കോഴികളെ തീററിപ്പോററുന്നതാണല്ലോ കൂടുതൽ ആദായകരം.

കൂടുതൽ ഉല്പാദനശക്തിയുള്ള കോഴികൾ പലയിനങ്ങൾ ഉണ്ടു്. അവയിൽ നമ്മുടെ നാട്ടിലേക്കു് എല്ലാംകൊണ്ടും യോജിച്ചവ വെളുത്ത ലെഗോൺ കോഴികളും, ചുവന്ന റോഡു് ഐലൻഡു് കോഴികളും ആണു്. ഇതിൽ ആദ്യത്തേതു് പ്രതിവർഷം ഇരുന്നൂറോ അതിൽക്കൂടുതലോ മുട്ടകൾ ഇടുന്നതും മുട്ടകൾക്കു് സാധാരണയായി രണ്ടു് ഔൺസു മുതൽ രണ്ടര ഔൺസുവരെ തൂക്കം ഉണ്ടായിരിക്കുന്നതുമാണു്. രണ്ടാമത്തെ ഇനത്തിൽപെട്ടവ നൂററിഅൻപതു മുതൽ നൂററിഎൺപതുവരെ മുട്ടകൾ ഇടുന്നതാണു്. എന്നാൽ ഇവയ്ക്കു ലഗോൺ കോഴികളെക്കാൾ വലിപ്പം കൂടുന്നതിനാൽ കൂടുതൽ മാംസ്യം ലഭിക്കുന്നു. സാധാരണയായി നമ്മുടെ നാടൻ കോഴികൾ ഒരു വർഷത്തിൽ അൻപതോ അറുപതോ മുട്ടകൾ മാത്രമേ ഇടുകയുള്ളു. മുട്ടകൾക്കു് ഒന്നേകാലോ ഒന്നരയോ ഔൺസിൽ കൂടുതൽ തൂക്കവും കണ്ടുവരാറില്ല.

## അടവയ്പ്പ്

മേൽപ്പറഞ്ഞ നല്ലയിനം കോഴികളുടെ മുട്ടകൾ വാങ്ങി നാടൻകോഴികളെ അടവച്ചു് വിരിപ്പിച്ചെടുക്കുകയോ, അല്ലാത്തപക്ഷം ആ ഇനം കുഞ്ഞുങ്ങളെ വാങ്ങി വളർത്തുകയോ ചെയ്യാം. മുട്ടകൾ വാങ്ങി വിരിപ്പിക്കുന്നതായിരിക്കും കൂടുതൽ ആദായകരമായിട്ടുള്ളതു്. ഇങ്ങനെ വിരിപ്പിക്കുന്നതുകൊണ്ടു് ചെറുപ്പംമുതല്ക്കുതന്നെ അവരുടെ സ്വഭാവം, ഇഷ്ടാനിഷ്ടങ്ങൾ മുതലായവയെക്കുറിച്ചു് അതിസൂക്ഷ്മമായി പഠിക്കുന്നതിനും പ്രസ്തുതവിഷയത്തിൽ ഒരു പ്രായോഗികപരിശീലനം നേടുന്നതിനും സാധിക്കുന്നു.

വിരിപ്പിക്കാൻ തിരഞ്ഞെടുക്കുന്ന മുട്ടകൾ ഇടത്തരം വലിപ്പമുള്ളതും കട്ടിയുള്ള മിനുത്ത തോടുള്ളതും നല്ല ആകൃതിയുള്ളതും ബീജഗുണമുള്ള കോഴികളിൽനിന്നും എടുത്തിട്ടുള്ളതും ആയിരിക്കണം. ഒരു നാടൻ കോഴിക്കു് എട്ടോ ഒൻപതോ മുട്ടകളിലധികം വയ്ക്കുവാൻ പാടുള്ളതല്ല. അടയിരിക്കുന്ന കോഴികളുടെ ദേഹത്തിൽനിന്നു പേനും മററും കുഞ്ഞുങ്ങൾക്കുകൂടി ബാധിക്കുവാൻ ഇടയുള്ളതുകൊണ്ടു് മുട്ട വയ്ക്കുന്നതിനുമുമ്പായി അതിന്റെ ദേഹത്തിൽ ഡി. ഡി. ററി.പൊടി കുടഞ്ഞു പേൻ നശിപ്പിക്കേണ്ടതാണു്. ചില കോഴികൾ ശരിയായി അടയിരിക്കാത്തതുമൂലം നല്ലയിനം മുട്ടകൾ വൃഥാ നഷ്ടപ്പെട്ടു പോയതായി അനുഭവങ്ങൾ ഉണ്ടു്. ഇപ്രകാരം പററാതിരിക്കുവാൻ ഒന്നോ രണ്ടോ സാധാരണ മുട്ടകൾ വച്ചുനോക്കി കോഴി ശരിക്കിരിക്കുന്നുണ്ടോ എന്നു പരീക്ഷിച്ചതിനുശേഷം ആ മുട്ടകൾ നീക്കംചെയ്തു മേല്പറഞ്ഞ കൊത്തുമുട്ടകൾ വയ്ക്കേണ്ടതാണു്. അടയിരിക്കുന്ന കോഴികൾക്കു് ധാന്യങ്ങളും ശുദ്ധജലവും നൽകേണ്ടതും കിടന്നുരുളുന്നതിനു ഒരു പരന്ന പാത്രത്തിൽ നല്ല മണലോ വെണ്ണീറോ സമീപത്തുണ്ടായിരിക്കേണ്ടതുമാണു്. അടയിരിക്കുന്ന കൂടുകൾ എപ്പോഴും വൃത്തിയായി സൂക്ഷിക്കണം.

## കുഞ്ഞുങ്ങളെ വളർത്തേണ്ടവിധം

കുഞ്ഞുങ്ങൾ വിരിഞ്ഞു് എട്ടാഴ്ചവരെയുള്ള സമയത്താണു് കൂടുതൽ മരണങ്ങൾ സംഭവിക്കുന്നതു്. അതുകൊണ്ടു് ഈ സമയത്തു് വളരെ ശ്രദ്ധയോടുകൂടി ഇവയെ വളർത്തേണ്ടതാണു്. വൃത്തിയായ തണുപ്പില്ലാത്ത സ്ഥലത്തു് സൂക്ഷിക്കുകയും അവയുടെ ശത്രുക്കളായ പക്ഷിമൃഗാദികളിൽനിന്നും രക്ഷിക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുകയും ചെയ്യേണ്ടതാണു്.

കുഞ്ഞുങ്ങൾക്കു് നുറുങ്ങിയധാന്യങ്ങളും കഴിയുമെങ്കിൽ പാലും കൊടുക്കണം. രണ്ടാഴ്ച പ്രായമായാൽ മൃഗങ്ങളുടെ കുടൽ മുതലായ മനുഷ്യോപയോഗയോഗ്യമല്ലാത്ത മാംസങ്ങളും മത്സ്യങ്ങളും വേവിച്ചു് ചെറിയ കഷണങ്ങളാക്കി നുറുക്കിക്കൊടുക്കാവുന്നതും അപ്പോൾ പാൽ നിർത്തൽചെയ്യാവുന്നതും ആണു്. ഇപ്രകാരം മാംസമോ മത്സ്യമോകൊടുക്കുവാൻ സാധിക്കാതെ വന്നാൽ നാം ഉപയോഗിക്കുന്ന മത്സ്യങ്ങളുടെ കുടലുകൾ, ചികള മുതലായവ കൊടുക്കാവുന്നതാണു്. കൂടാതെ നീററാത്ത കക്കയോ, പഴയ കുമ്മായക്കട്ടകളോ പൊടിച്ചതും പച്ചപ്പുല്ലുകളോ, പയറുവർഗ്ഗത്തിൽപ്പെട്ട ചെടികളുടെ ഇലകളോ കോഴി തിന്നുന്ന മററു പച്ചിലകളോ അരിഞ്ഞതും കൊടുക്കേണ്ടതാണു്. പൊടിക്കല്ലുകളും എപ്പോഴും അവയ്ക്കു് സുലഭമായി കിട്ടേണ്ടതാണു്. അവ നടക്കുന്ന സ്ഥലങ്ങളിൽ പുല്ലുകൾ ഉള്ളപക്ഷം പ്രത്യേകം പച്ചിലകൾ കൊടുക്കേണ്ടതില്ല. ഇതിനുപുറമേ ധാന്യങ്ങളും കാലത്തും വൈകിട്ടും പിണ്ണാക്കുപൊടിച്ചതും നല്ല തവിടും സമം കൂട്ടിക്കലർത്തിയതും കൊടുക്കേണ്ടതാണു്. വൈകിട്ടു കൊടുക്കുന്ന ഈ മിശ്രതീററിയിൽ മേൽപ്പറഞ്ഞ മത്സ്യമോ മാംസമോ കലർത്തിക്കൊടുക്കണം.

കുഞ്ഞുങ്ങൾക്കു് ആറാഴ്ച പ്രായമായാൽ "കോഴി മസൂരി" പിടിപെടാതിരിക്കുവാനുള്ള കുത്തിവയ്പ്പു് നടത്തേണ്ടതും അതുകഴിഞ്ഞു മൂന്നാഴ്ച്ചയ്ക്കുശേഷം വസന്ത വരാതിരിക്കുവാൻ കുത്തിവയ്ക്കേണ്ടതുമാണു്. ഈ കുത്തിവയ്പ്പുകൾ മൃഗാശുപത്രികളിൽ സൗജന്യമായി ചെയ്തുകൊടുക്കുവാൻ ഗവർമ്മെന്റിൽനിന്നും വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

ഈ പ്രായത്തിൽ പൂവനും പിടയും തിരിച്ചറിയുവാൻ സാധിക്കും. എട്ടോ, പത്തോ പിടക്കുഞ്ഞുങ്ങൾക്കു് ഒരു പൂവൻ എന്ന ക്രമത്തിൽ നല്ലതായി തിരിഞ്ഞുനിർത്തി ഒന്നോ രണ്ടോ കൂടുതലായും കരുതിയശേഷം ബാക്കിയുള്ള പൂവൻകുഞ്ഞുങ്ങളെ കൂട്ടിൽനിന്നും അകററേണ്ടതാണു്. അല്ലാത്തപക്ഷം കൊടുക്കുന്ന തീററിയിൽ അധികഭാഗവും പൂവൻകുഞ്ഞുങ്ങൾ തിന്നൊടുക്കുന്നതും തന്മൂലം മററുള്ളവയുടെ വളർച്ചയ്ക്കു് കോട്ടംതട്ടുന്നതുമാണു്.

ലെഗോൺ കോഴികളും റോഡു് ഐലൻഡു് കോഴികളും യഥാക്രമം അഞ്ചും ആറും മാസങ്ങളിൽ മുട്ടയിട്ടു തുടങ്ങും. മുട്ടയിട്ടുതുടങ്ങി ഒരു വർഷംകഴിഞ്ഞാൽ കോഴികളുടെ തൂവൽ കൊഴിയുകയും ആ സമയത്തു മുട്ടയിടൽ കുറയുകയോ ചിലപ്പോൾ തല്ക്കാലത്തേക്കു് തീരെ ഇല്ലാതെ ആകുകയോ ചെയ്യാം. വളരെ നേരത്തേ തൂവൽ കൊഴിഞ്ഞു് മുട്ടയിടൽ കുറയുന്ന കോഴികൾ അത്ര ഗുണമുള്ളതല്ലാത്തതുകൊണ്ടു് അവയെ തീററിപ്പോററുന്നതു് ആദായകരമല്ല. ഇതുപോലെതന്നെ കോഴികൾ പ്രായമായി മുട്ടയിടൽ കുറഞ്ഞു് ആദായകരമല്ലാതെ വന്നാൽ അവയേയും നീക്കംചെയ്യേണ്ടതാണു്. എങ്കിലും അസാധാരണയായി കൂടുതൽ മുട്ടയിട്ടിരുന്ന കോഴികളെ പ്രായമാകുമ്പോൾ മുട്ട കുറഞ്ഞുവന്നാൽ വംശവർദ്ധനത്തിനുവേണ്ടി വീണ്ടും നിർത്തുന്നതു നല്ലതാണു്.

## രോഗനിവാരണം

മസൂരിയും, വസന്തയും കുത്തിവയ്പുകൊണ്ടു് തടയാമെന്നു പറഞ്ഞുവല്ലോ. കൂടാതെ ഉള്ളിൽ കൃമികളുടെ ഉപദ്രവം ഉണ്ടാകാതെ ഇരിക്കുവാൻ മാസത്തിലൊരിക്കൽ ഓരോന്നിനും അഞ്ചുമുതൽ ഏഴുവരെ നെന്മണിത്തൂക്കം വീതം (Phenothiazine) ഫിനോത്തയാസിൻ എന്ന മരുന്നു തീററിയിൽ കലർത്തികൊടുക്കേണ്ടതാണു്. മററു കണ്ടുവരാറുള്ള ഉപദ്രവങ്ങൾക്കു സമീപമുള്ള മൃഗഡോക്ടരെ സമീപിക്കുന്നതായിരിക്കും ഉത്തമം.

കോഴിക്കൂടുകൾ ശരിയായ വായുസഞ്ചാരത്തോടുകൂടിയവയും തണുപ്പും മഴയും തട്ടാത്ത രീതിയിൽ ഉണ്ടാക്കി വൃത്തിയായി സൂക്ഷിക്കുന്നവയുമായാൽ രോഗബാധയ്ക്കു വളരെ കുറവു കിട്ടും. ഇടയ്ക്കിടെ ഡി. ഡി. ററി. മുതലായ എന്തെങ്കിലും ഉപയോഗിച്ചു രോഗാണുക്കളേയും കോഴിപ്പേൻ മുതലായവയേയും നശിപ്പിക്കേണ്ടതാണു്. കോഴി നടക്കുന്നസ്ഥലങ്ങളിൽ വെള്ളം കെട്ടിനില്ക്കാതെയും ഇടയ്ക്കിടെ ഉഴുതുമറിച്ചു് വെയിൽ കൊള്ളിച്ചും സൂക്ഷിക്കേണ്ടതു് അത്യാവശ്യമാണു്.

ഈ നാട്ടിലെ കോഴിവളർത്തൽ വ്യവസായം ഇതുവരെയും അഭിവൃദ്ധിപ്രാപിക്കാതെ ഇരുന്നതിന്റെ പ്രധാനകാരണം പകർച്ചവ്യാധികൾമൂലം കൂട്ടത്തോടെ കോഴികൾ ചത്തൊടുങ്ങുന്നതിൽനിന്നും ജനങ്ങൾക്കുണ്ടായ നൈരാശ്യമാണു്. ഏററവും വിനാശകരമായിട്ടുള്ള കോഴിവസന്ത എന്ന ഈ ദീനത്തിനു ഭാഗ്യവശാൽ അടുത്തകാലത്തു് തികച്ചും ഫലപ്രദമായ കുത്തിവയ്പു കണ്ടുപിടിച്ചു് നടപ്പിൽ വരുത്തിയിട്ടുണ്ടു്. ഇതിന്റെ തണലിൽ മേൽപ്പറഞ്ഞ ഭയംകൂടാതെ കോഴിവളർത്തൽ വിപുലമായ തോതിൽ നടത്തുവാൻ നാട്ടുകാർ മുന്നോട്ടുവരേണ്ടതാണു്.

കൂടുതൽ വിവരങ്ങളോ, സഹായമോ ആവശ്യമുള്ളവർ തൃശ്ശിവപേരൂരോ, തിരുവനന്തപുരം പേട്ടയിലോ ഉള്ള ഗവമ്മെന്റു് പൗൾട്ടി ഫാറങ്ങളിലോ, തിരുവിതാംകൂർ-കൊച്ചി ആനിമൽ ഹസ്ബൻഡറി ഡയറക്ടർ അവർകളോടോ അന്വേഷിച്ചു് അറിയേണ്ടതാണു്. (Travancore-Cochin News)

## ഐക്യനാട്ടിലെ കത്തോലിക്കാ ജനസംഖ്യ

അമേരിക്കൻ ഐക്യരാജ്യത്തിൽ ഇക്കൊല്ലത്തെ ഔദ്യോഗികഡയറക്ടറി അനുസരിച്ചു് ഇപ്പോൾ മൂന്നുകോടി നാലേകാൽ ലക്ഷത്തോളം കത്തോലിക്കരാണുള്ളതു്. കഴിഞ്ഞകൊല്ലത്തെക്കാൾ 1 ലക്ഷത്തി 17 ആയിരത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ടു്. 6 അതിരൂപതകളിൽ 10 ലക്ഷത്തിൽ കൂടുതൽ വിശ്വാസികളുള്ളതായികാണുന്നു. പതിനേഴേമുക്കാൽ ലക്ഷം കത്തോലിക്കരുള്ള ചിക്കാഗോ അതിരൂപതയാണു് ഇതിൽ മുന്നണിയിൽ നില്ക്കുന്നതു്. നാലു കർദ്ദിനാളന്മാരും, 26 മെത്രാപ്പോലീത്താമാരും, 163 മെത്രാന്മാരും, 28386 ഇടവകപ്പട്ടക്കാരും, 16836 സന്യാസവൈദികരും, 158,946 കന്യാസ്ത്രീകളും അവിടെയുണ്ടു്. വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സംഖ്യ പന്തീരായിരത്തിനു മേൽവരും. അതിൽ 240 കോളെജുകളും യൂണിവേഴ്സിററികളുമാണു്. 71 സെമ്മിനാരികളിലായി 15,434 വൈദികവിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു.

## 800 വൈദികരുടെ ചെലവു്

1846-ലെ പഞ്ഞത്തിൽ അയർലണ്ടിൽ ഒട്ടേറെപ്പേർ അകാലമൃത്യു പ്രാപിച്ചു. ഇങ്ങനെ മാതാപിതാക്കന്മാരും മററും നഷ്ടപ്പെട്ട ഒരു ചെറുപ്പക്കാരൻ ജോലി അന്വേഷിച്ചു് അമേരിക്കയിലെത്തി. വേലചെയ്തു പണമുണ്ടാക്കി ഗുരുപ്പട്ടമേററു. അനന്തരമുള്ള അദ്ദേഹത്തിന്റെ പ്രധാനശ്രമം നിസ്സഹായരായ നല്ല ചെറുപ്പക്കാരെ ഗുരുപ്പട്ടത്തിനു പഠിക്കാൻ സഹായിക്കയായിരുന്നു. 1902-ൽ അദ്ദേഹത്തിന്റെ ഒരു സംബന്ധിയിൽനിന്നു ലഭിച്ച ഒരു അവകാശസംഖ്യ മുഴുവൻ ഇതിലേക്കു് ഒരു ശാശ്വതഫണ്ടായി അദ്ദേഹം സ്ഥാപിച്ചു. 1911-ൽ അദ്ദേഹത്തിന്റെ വക സമസ്ത വസ്തുവകകളും ഈ ശാശ്വതനിധിയിലേക്കു സംഭാവനചെയ്തു. 1924-ൽ ഭാഗ്യമരണം പ്രാപിച്ച മോൺസിഞ്ഞോർ മക്ക്വേക്കാണു ഈ വൈദികോത്തംസം. ഇതിനകം എണ്ണൂറോളം വൈദികർ ഇദ്ദേഹത്തിന്റെ സഹായത്താൽ പൗരോഹിത്യപദത്തിലെത്തിയിട്ടുള്ളതായികാണുന്നു.

Reg. M. No. 2293

# Sathya Deepam

Vol. 27 | Ernakulam August 5 1953 | No. 1

# വിവിധവൃത്താന്തങ്ങൾ

### "വനരോദനം"

### റഷ്യൻ കത്തോലിക്കാവാരിക

കഴിഞ്ഞ ഏപ്രിൽമാസംമുതൽ മോസ്കോയിൽ ഒരു കത്തോലിക്കാപത്രം പ്രചരിക്കുന്നുണ്ട്. അമേരിക്കൻ അസംപ്ഷനിസ്റ്റ് സന്യാസിയായ ഫാദർ ജോർജെസ് ബീസ്സോനെററാണ് അതിന്റെ പ്രസാധകനും പ്രചാരകനും. 1933-ലെ ഉടമ്പടിപ്രകാരം അമേരിക്കൻ ഡിപ്ലോമാററിക്ക് സംഘത്തിന്റെ ചാപ്ലനായി ഒരു കത്തോലിക്കാവൈദികനു് മോസ്കോയിൽ ജോലി നടത്താമെന്നു അനുവദിച്ചിട്ടുണ്ട്. അതിൻപ്രകാരം ഇപ്പോൾ അവിടെയുള്ള ചാപ്ലനാണ് ഫാദർ ജോർജെസ്. അദ്ദേഹം ആഴ്ചതോറും തന്റെ കീഴുള്ള ജനങ്ങൾക്കായി പ്രസിദ്ധപ്പെടുത്തുന്ന ഒരു കൈയെഴുത്തു പ്രതിവാരികയാണ് "വനരോദനം" എന്ന പേരിൽ അവിടെ പ്രചരിപ്പിക്കുന്നതു്. ചെറിയ ഒരു സുവിശേഷപ്രസംഗം, ഏതാനും വേദോപദേശക്കുറിപ്പുകൾ, അവിടത്തെ വൎത്തമാനസംഗ്രഹം ഇത്രയുംമാത്രമാണ് അതിന്റെ ഉള്ളടക്കം. ഇംഗ്ലീഷിലും ഫ്റഞ്ചിലും പ്രസിദ്ധപ്പെടുത്തിവരുന്നുമുണ്ട്.

### ബല്ലാ ഡോഡ്സ് കത്തോലിക്കാസഭയെപ്പററി

കുറേമുമ്പു കമ്മ്യൂണിസം ഉപേക്ഷിച്ച് കത്തോലിക്കാസഭയെ ആശ്ലേഷിച്ച ഡോക്ടർ ബല്ലാ ഡോഡ്സ്, കമ്മ്യൂണിസത്തിന്റെ ഉള്ളുകള്ളികൾ നഗ്നമാക്കിക്കൊണ്ടു് തുടർച്ചയായി പല പ്രസ്താവനകൾ ചെയ്തുവരുന്നുണ്ട്. ഈയിടെ അമേരിക്കയിൽ ഓഹിയോ എന്ന സ്ഥലത്തുവച്ച് അവർ പറഞ്ഞു: കമ്മ്യൂണിസം അമേരിക്കയേയും ഭീതിപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട്. അമേരിക്ക അതിൽനിന്നു രക്ഷ പ്രാപിക്കുന്നെങ്കിൽ അതിനുള്ള സ്തുതിമുഴുവൻ കത്തോലിക്കാസഭയ്ക്കു ചെല്ലേണ്ടതാകുന്നു.

### എഴുപത്തഞ്ചുകൊല്ലംകൊണ്ടു അത്ഭുതാവഹമായ വളർച്ച

കാർഡിനൽ ലവിജേരിയേ ആഫ്റിക്കയുടെ മാനസാന്തരത്തെ ഉദ്ദേശിച്ചു രൂപവൽക്കരിച്ച ഒരു സംഘടനയാണ് വൈററ് ഫാദേഴ്സിന്റെ സഭ. 75 കൊല്ലം മുമ്പാണ് അവരുടെ ഒന്നാമത്തെ മിഷനറിസംഘത്തെ മദ്ധ്യ ആഫ്റിക്കയിലേക്കയച്ചതു്. ഇപ്പോൾ പ്രസ്തുതസഭയിൽപ്പെട്ട മൂവായിരത്തോളം മിഷനറിമാർ 40 രൂപതകളിലായി അവിടെ വേലചെയ്യുന്നുണ്ട്. മുപ്പതുലക്ഷത്തിൽപ്പരം ആളുകളെ ഇതിനകം അവർ ജ്ഞാനസ്നാനപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. മൂന്നു ആഫ്റിക്കൻ മെത്രാന്മാരെയും, 460 ആഫ്റിക്കൻ വൈദികരെയും അവർ സഭയ്ക്കു പ്രദാനം ചെയ്തിട്ടുണ്ട്.

### ജാപ്പ് രാജകുമാരൻ വത്തിക്കാനിൽ

അകീഹിതോ രാജകുമാരൻ തന്റെ യൂറോപ്യൻ പര്യടനത്തിനിടയ്ക്കു വത്തിക്കാനിലെത്തി പരിശുദ്ധപിതാവിനെ സന്ദൎശിച്ചിരിക്കുന്നു. രാജകീയമായ നിലയിൽ മാർപ്പാപ്പാ അദ്ദേഹത്തെ സ്വീകരിക്കുകയും 20 മിനിററു നേരത്തേക്കു സൗഹാർദ്ദമായ സംഭാഷണം നടത്തുകയും ചെയ്തു. രാജകുടുംബത്തിന്റെ കുലമുദ്രകൾ സുവർണ്ണരേഖകളിൽ അടയാളപ്പെടുത്തിയിരുന്ന രണ്ടു പുരാതനരജതപാത്രങ്ങൾ രാജകുമാരൻ പരിശുദ്ധപിതാവിനു സമൎപ്പിക്കുകയുണ്ടായി. മാർപ്പാപ്പായുടെ ഭരണസ്മാരകമായ ഒരു സുവർണ്ണമെഡലാണ് രാജകുമാരനു നൽകപ്പെട്ടതു്. തിരുമനസ്സിലെ ഭരണത്തിൽ വത്തിക്കാനിൽ അടിച്ചിട്ടുള്ള സ്റ്റാമ്പുകളുടേയും നാണയങ്ങളുടേയും ഒരു സെററ് ജപ്പാനിലേക്കു അയച്ചുകൊടുക്കുന്നതിനും ഏൎപ്പാടുചെയ്തിട്ടുണ്ട്.

### ഫിലിപ്പൈൻസിലെ ഒരത്ഭുതദ്വീപ്

ബാബുയാൻ ക്ലാരോ ഫിലിപ്പൈൻ ദ്വീപശേഖരത്തിൽപ്പെട്ട ഒരു ചെറുതുരുത്താണ്. അവിടത്തെ ആദിമനിവാസികൾ പതിനേഴാം നൂററാണ്ടിൽ ക്രിസ്തുമതം സ്വീകരിച്ചു. കാലാവസ്ഥയുടെ വൈപരീത്യം നിമിത്തം അടുത്ത ശതാബ്ദങ്ങളിൽ ആരും അങ്ങോട്ടു കയറാതായി. 19-ാം ശതകാരംഭത്തിൽ അതിനടുത്തുവച്ചു മുങ്ങിയ കപ്പലിൽനിന്നു ഫാദർ കസ്ലാനോൻ എന്നൊരു ഡൊമിനിക്കൻ വൈദികൻ നീന്തിത്തുടിച്ച് അവിടെ കയറിപ്പററി. അപ്പോഴാണു രഹസ്യം വെളിപ്പെട്ടതു്. 150 കൊല്ലമായി ആ ജനങ്ങൾ അവരുടെ വിശ്വാസം നഷ്ടപ്പെടുത്താതെ പാലിച്ചിരുന്നു. ജപമാലപ്രാൎത്ഥന മാത്രമായിരുന്നു അവരുടെ ഏകാവലംബം. കാലാന്തരത്തിൽ സന്തോഷരഹസ്യങ്ങളും ദുഃഖരഹസ്യങ്ങളും അവർ മറന്നു. മഹിമയുടെ രഹസ്യങ്ങൾ മുടക്കംതെ കൂട്ടമായി ചൊല്ലിവന്നു. അവരിലൊരാൾതന്നെ കുട്ടികൾക്കു ജ്ഞാനസ്നാനം നൽകിവന്നു. ഫാദർ കസ്ലാനോൻ രണ്ടു മാസം അവരോടൊന്നിച്ചു കഴിച്ചുകൂട്ടി. അതിൽപ്പിന്നെ സഭ അവിടെ അഭിവൃദ്ധിപ്പെട്ടുവരുന്നു.

### കമ്മ്യൂണിസ്റ്റുരാജ്യങ്ങളിലെ അടിമജോലി

ലോകത്തിലെവിടെയെങ്കിലും ഇനിയും അടിമജോലി നടപ്പിലിരിപ്പുണ്ടോ, എന്നന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിലേക്ക് ഐക്യരാഷ്ട്രസംഘടനയിൽനിന്നു ഒരു കമ്മിററി ഏർപ്പെടുത്തിയിരുന്നു. ദീർഘമായ പൎയ്യന്വേഷണങ്ങളുടെശേഷം 621 പേജുള്ള ഒരു റിപ്പോർട്ട് അവർ സമൎപ്പിച്ചിരിക്കുന്നു. അതിൽ, രാഷ്ട്രീയവും സാമ്പത്തികവുമായ ആവശ്യങ്ങൾക്കായി തൊഴിലാളികളെക്കൊണ്ടു നിർബന്ധമായ അടിമവേല ചെയ്യിക്കുന്ന സമ്പ്രദായം റഷ്യയിൽ ഇന്നും അത്യുച്ചകോടിയിൽ നടക്കുന്നുണ്ടെന്നാണു പ്രസ്താവിച്ചിരിക്കുന്നതു്. ബൾഗേറിയാ, ചെക്കൊസ്ലോവാക്കിയാ, റുമേനിയാ, എന്ന രാജ്യങ്ങളിലും ഇതു പ്രചാരത്തിലിരിക്കുന്നതായി കമ്മിററി രേഖപ്പെടുത്തിയിട്ടുണ്ട്.

### എഡിൻബറോയിൽ യുക്രെയിൻകാരുടെ പ്രകടനം

20 കൊല്ലംമുമ്പ് യുക്രെയിൻ സംസ്ഥാനത്തെ വിളവുകളെല്ലാം റഷ്യ പിടിച്ചെടുത്തതുനിമിത്തം 60 ലക്ഷം പേർ അവിടെ ക്ഷാമബാധയിൽ വീരചരമമടഞ്ഞു. സ്കോട്ട്ലണ്ടിൽ താമസിച്ചുവരുന്ന ആയിരത്തോളം വരുന്ന യുക്രെയിൻകാർ ഈയിടെ എഡിൻബറോയിൽച്ചേൎന്നു അതിന്റെ 20-ാം വാർഷികസ്മരണ കൊണ്ടാടിയിരിക്കുന്നു. കറുപ്പുവസ്ത്രങ്ങൾ ധരിച്ച്, ദുഃഖഗാനാലാപത്തോടെ അണിനിരന്നു് അവരുടെ സമിതിത്തെരിസ്ഥലത്തേക്ക് അവർ ഒരു ഘോഷയാത്ര നടത്തി. അനന്തരം ഇടവകപ്പള്ളിയങ്കണത്തിൽ കൂടിയ പൊതുയോഗത്തിൽ ലിത്തുവാനിയാ, പോളണ്ടു്, ലാത്ത്വിയ ആദിയായ രാജ്യക്കാർ പ്രസംഗിച്ചു. യുക്രെയിൻ നാഷനൽ സെക്രട്ടറിയുടെ പ്രസംഗത്തിൽ ഇങ്ങനെ ഉൽബോധിപ്പിച്ചു: "പാശ്ചാത്യരെ ഒരു കാൎയ്യം ഞങ്ങൾക്കു അനുസ്മരിപ്പിക്കാനുണ്ട്. റഷ്യ നല്ലപിള്ള ചമഞ്ഞുവരുമ്പോഴാണ് അധികം ഭയപ്പെടേണ്ടതു്. മിത്രഭാവത്തിൽ അവർ പ്രത്യക്ഷപ്പെട്ടും. അതേസമയം പുറത്തുകുത്താൻ തക്കംനോക്കിക്കൊണ്ടിരിക്കും. ഞങ്ങൾക്ക് അവരെ നല്ലപോലെ പരിചയമുള്ളതുകൊണ്ടാണിങ്ങനെ പറയുന്നതു്."

### മാർപ്പാപ്പാ തിരുമനസ്സിലെ ജീവകാരുണ്യം

ഇററലിയിൽ റീയേററി എന്ന സ്ഥലത്തുള്ള ഒരു സാധുഭവനത്തിൽ ഒരു പിഞ്ചുപൈതലിനെ ഉറക്കിക്കിടത്തിയിട്ടു മാതാപിതാക്കന്മാർ വേലയ്ക്കുപോയി. അടുത്ത പറമ്പിൽനിന്നു ഒരു കൂററൻ പന്നി വീട്ടിൽ കയറിപ്പററി. ശിശുവിന്റെ മൂക്കും ചുണ്ടും കവിളുമെല്ലാം ആ ദുഷ്ടമൃഗം കടിച്ചുപറിച്ചു ഭക്ഷിച്ചു. നിലവിളികേട്ടു ഓടിച്ചെന്ന അയൽവാസികളുടെ സഹായത്താൽ കുട്ടി മരണത്തിൽനിന്നു രക്ഷപെട്ടു. 15 കൊല്ലംമുമ്പു നടന്ന സംഭവമാണിതു്. റോസകംപോളി എന്ന ആ പെൺകുട്ടിയുടെ മുറിവുകൾ സുഖപ്പെടുത്തി എടുത്തെങ്കിലും, ആൎക്കും വെറുപ്പുതോന്നിക്കുന്ന ഒരു വിരൂപവേഷമാണവൾക്ക് അവശേഷിച്ചതു്. 4 കൊല്ലംമുമ്പു പരിശുദ്ധ പിതാവു ഇവളുടെ ദയനീയാവസ്ഥയെപ്പററി കേട്ടു കരളലിഞ്ഞു്, റോമിലുള്ള സെൻറ് തെരേസാസ് ആസ്പത്രിയിലെ ഒരു വിദഗ്ദ്ധഡോക്ടരുടെ പക്കൽ അവളെ ഏല്പിച്ചു. മേല്പറഞ്ഞതരത്തിലുള്ള അംഗഭംഗങ്ങൾ ശസ്ത്രപ്രയോഗംകൊണ്ടു പരിഹരിക്കുന്നതിൽ സുപ്രസിദ്ധനായ പ്രസ്തുത ഡോക്ടർ ഇക്കഴിഞ്ഞ നാലുകൊല്ലം അവളെ ചികിത്സിക്കുകയായിരുന്നു. 30 ശസ്ത്രക്രിയകൾ ഇതിനകം നടത്തി. നഷ്ടീഭവിച്ച അംഗങ്ങളെല്ലാം പൂൎവ്വസ്ഥിതിയിലാക്കിയെടുത്തെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. അനന്തരം ഇക്കഴിഞ്ഞ ദിവസം റോസയും, ഡോക്ടറും, അവളെ ശുശ്രൂഷിച്ചിരുന്ന ഒരു കന്യാസ്ത്രീയുംകൂടെ പരിശുദ്ധപിതാവിനെ സന്ദൎശിക്കുകയുണ്ടായി. കുട്ടിയുടെ കൃതജ്ഞതാപാരവശ്യംകണ്ടു തിരുമേനി ആനന്ദപുളകിതനായിപ്പോയെന്നു പറഞ്ഞിരിക്കുന്നു.

## The Assumption

From that first hour when words, "Hail, full of grace,"
Fell on a day in Spring, she loved Him well;
And when the Christmas star shone over the place
Where he was born—where are there words to tell
The happiness? Oh, she must have planned His years
And dreamed her dream for Him, as mothers do;
Not thinking then that high on Calvary
A cross must lift before the dream came true.
She must have sung a special lullaby,
Rocking Him gently as the twilight crept
In soft gray veils about them. With deepening sigh
She must have looked upon Him as He slept.
But Heaven, too, was watching. Even then the hour
Was set apart—when sorrow should be done—
When Mary, Queen of the Angels, Eternal Flower,
Should rise in splendour, like the morning sun!

—Blanche Yvonne Mosler

## Night Prayer

Lord, help me to give You tomorrow
In an unselfish Whole-hearted way.
I promised last night
I would live in Thy sight
And would generously give You today.

But somehow, Lord, there was a mix-up,
There were things I had no right to say.
There were thoughts that were vain,
There was more grace to gain
And sometimes I just couldn't pray.

Tomorrow though, Lord, will be different
If You will but show me the way.
Please give me the grace
Beside You to keep pace
And perhaps I'll make up for today.

—Joseph Logan, S. J.

### പ്രസംഗസഹായി ഒരു സ്പാനിഷ് ഗ്രന്ഥം

ഒൻപതു വാല്യങ്ങളായി "ക്രിസ്തുവിന്റെ വചനം" എന്ന അഭിധാനത്തിൽ സ്പാനിഷ് ഭാഷയിൽ വിലയേറിയ ഒരു ഗ്രന്ഥാവലി പുറപ്പെട്ടിരിക്കുന്നു. വൈദികരെ തങ്ങളുടെ ദേവാലയപ്രസംഗങ്ങളിൽ സഹായിക്കുന്നതിനുള്ള ഒരു ദിവ്യഭണ്ഡാരമാണിതു്. വിശുദ്ധ ലിഖിതങ്ങൾ, സഭാപിതാക്കന്മാരുടെ പുസ്തകങ്ങൾ, മാർപ്പാപ്പാമാരുടെ തിരുവെഴുത്തുകൾ ആദിയായവയിൽനിന്നു ആധുനികകാലഗതികൾക്കനുയോജ്യമായ ഉദ്ധരണികൾകൊണ്ടു് ഈ മഹാ ഗ്രന്ഥം നിറച്ചിരിക്കുന്നു. ദീർഘകാലം സ്പെയിനിലെ കത്തോലിക്കാപ്രവൎത്തനസംഘടനകളുടെ അൽമേനി നേതാവായി ജോലിചെയ്തശേഷം, ഗുരുപ്പട്ടമേററ് ഇപ്പോൾ മലാഗാ മെത്രാനായി പ്രശോഭിക്കുന്ന ഏയിഞ്ചൽ ഹെറേരാ തിരുമനസ്സിലെ നിർദ്ദേശാനുസരണം, പേരുകേട്ട പല കത്തോലിക്കാ ശാസ്ത്രജ്ഞന്മാർ ചേൎന്നാണ് ഈ വിശിഷ്ടകൃതി പ്രസിദ്ധീകരിച്ചിട്ടുള്ളതു്. തിരുമേനി തന്റെ ആമുഖത്തിൽ പറയുന്നതായതു്. "ഒരു വികാരിക്കു പ്രസംഗിക്കാതിരിപ്പാൻ നിൎവ്വാഹമില്ല. എന്നാൽ പ്രസംഗിക്കുമ്പോൾ ഒരുങ്ങേണ്ടതു് അത്യാവശ്യവുമാകുന്നു. ഒരുങ്ങാതെ പ്രസംഗപീഠത്തിൽ കയറാതിരിക്കുകയാണു ഭേദം. ഒരുക്കംകൂടാതെയുള്ള പ്രസംഗം ഭക്തന്മാൎക്കു ഫലം ചെയ്യുകയില്ല. അഭിജ്ഞവിദ്യന്മാൎക്കു അതു അരോചകമായിരിക്കും. സഭയിൽനിന്നു ആളുകളെ അകററാൻ അതു കാരണമാകും. പ്രസംഗകൻ അവജ്ഞയ്ക്കു വിഷയീഭവിക്കും. ഇതിലെല്ലാം വ്യസനകരമായിട്ടുള്ളതു്, പ്രസംഗപീഠവും സുവിശേഷവും ആളുകൾ വിലവയ്ക്കാതായിത്തീരും."

### ഒൻപതാം പീയൂസിന്റെ മാനസാന്തരമാൎഗ്ഗങ്ങൾ

സാദരസ്മരണാർഹനായ ഒൻപതാം പീയൂസുമാർപ്പാപ്പാ തിരുമനസ്സുകൊണ്ടു അനേകരെ മാനസാന്തരപ്പെടുത്തിയതായ ചരിത്രങ്ങളുണ്ട്. അതു അദ്ദേഹത്തിനു സിദ്ധിച്ചിരുന്ന ഒരു പ്രത്യേകവരമായിരുന്നു എന്നു പറയപ്പെടുന്നു. 1860-ൽ ഫ്റഞ്ചുകാരായ രണ്ടു മഹാന്മാർ തിരുമേനിയെ സന്ദൎശിച്ചു. അവിശ്വാസിയായിരുന്ന ഒരു ചെറുപ്പക്കാരനെയും നിർബന്ധിച്ചിട്ടെന്നപോലെ അവർ കൂടെക്കൊണ്ടുപോയിരുന്നു. മാർപ്പാപ്പാ അവനോടു ചോദിച്ചു: മകനേ! നിനക്ക് എന്തെങ്കിലും എന്നോടു ചോദിപ്പാനുണ്ടോ? യുവാവ് "ഇല്ല" എന്നു തീൎത്തു മറുപടിപറഞ്ഞു. ഒന്നുംതന്നെ ഇല്ലയോ എന്റെ മകനേ! പാപ്പാ വീണ്ടും ചോദിച്ചു. ഇല്ലെന്നുതന്നെ മറുപടി. "കുഞ്ഞിന്റെ അപ്പൻ ജീവിച്ചിരിക്കുന്നുണ്ടോ?" "ഉവ്വ്." "അമ്മയോ?" "അമ്മ മരിച്ചുപോയി." "എന്നാൽ നമുക്കു മുട്ടുകുത്തി നിന്റെ പ്രിയപ്പെട്ട മാതാവിനുവേണ്ടി ഒരു ആകാശങ്ങളിലിരിക്കുന്നതും നന്മനിറഞ്ഞ മറിയവും ചൊല്ലാം." യുവാവും മുട്ടുകുത്തി. അവിശ്വാസിയായി മുട്ടുകുത്തിയവൻ വിശ്വാസിയായിട്ടാണ് എഴുന്നേററതെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ.